യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മാർച്ച് 2018 വാല്യം 46 ലക്കം 9 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 12 വില 5.00 രൂപ

# കേരളത്തിന്റെ സാമ്പത്തിക നില താഴേയ്ക്ക് താഴേയ്ക്ക്

**എങ്ങും ബലവും നിറവും ഭംഗിയുമുള്ള കെട്ടിടങ്ങൾ. വൃത്തിയുള്ള വസ്ത്രങ്ങളണിഞ്ഞ് പരിഷ്കൃതരൂപികളായി കാണപ്പെടുന്ന നാട്ടുകാർ. പുറം കാഴ്ചയിൽ സമ്പന്നമായ കേരളം. ലോകമെങ്ങും പാടി നടക്കുന്ന കേരള മോഡൽ പുകഴ്ത്തലുകൂടിയാകുമ്പോൾ നമ്മൾ അഭിമാനപുളകിതരാവണം! പക്ഷേ, ഈ ഭംഗിയുള്ള കവചത്തിനുള്ളിലെ ആശങ്കയുണർത്തുന്ന യാഥാർത്ഥ്യങ്ങൾ വെളിവാക്കുന്ന ചില സർവേകൾ അടുത്തയിടെ പുറത്തുവന്നുകൊണ്ടിരിക്കുന്നു. മേളകൾക്കും ഉത്സവാഘോഷങ്ങൾക്കുമൊന്നും പൊതിഞ്ഞുവയ്ക്കാനാവാത്ത വിധം ദരിദ്രവൽക്കരണത്തിന്റെ ചൂടാവി അരിച്ചുയരുന്നു.**



**വീ**ടിന്റെ ചുവരുകൾക്കുള്ളിലെ തേങ്ങലുകളായി പതിതന്റെ ജീവിത നൊമ്പരങ്ങൾ കെട്ടടങ്ങാറാണ് പതിവ്. പക്ഷേ അത് അടക്കി വയ്ക്കാനാവുന്നതിലുമപ്പുറം വളർന്ന് ഒരു സാമൂഹ്യവ്യാധിയായി മാറുന്നതിനാലാണ് മാധ്യമങ്ങളിൽ പ്രതിപാദ്യവിഷയങ്ങളാവുന്നത്. സ്ഥിതിവിവരകണക്കുകൾവച്ചു നടത്തുന്ന പൊതു സാമ്പത്തിക അവലോകനങ്ങൾ വികാരങ്ങൾ സൃഷ്ടിക്കില്ല. പക്ഷെ കൺമുന്നിൽ കാണുന്ന കദനങ്ങൾക്ക് സമൂഹത്തിന്റെ പൊതു സാമ്പത്തിക തകർച്ചയുമായി നേർബന്ധമുണ്ടെന്ന തിരിച്ചറിവ് വിക്ഷോഭങ്ങൾ സൃഷ്ടിക്കും. അവ പ്രക്ഷോഭണങ്ങൾക്ക് വഴിയൊരുക്കും.

വറുതിയിലേക്കോ നമ്മുടെ ഗ്രാമങ്ങൾ എന്ന തലക്കെട്ടിൽ നോട്ടു നിരോധനവും ജി.എസ്.ടിയും സൃഷ്ടിച്ച മാന്ദ്യകാലത്തെ കേരളീയ ജീവിതത്തിന്റെ സൂക്ഷ്മതലങ്ങളെ പറ്റി ഒരു അന്വേഷണ പരമ്പര മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. നാടിന്റെ സാമ്പത്തികശിരസ്സിൽ ഭരണകൂടം ഏൽപ്പിച്ച ഈ രണ്ട് ആഘാതങ്ങളെയുംപറ്റി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി നടത്തിയ വിശകലനങ്ങളുടെയും, നൽകിയ മുന്നറിയിപ്പുകളുടെയും അനുഭവ സാക്ഷ്യങ്ങളാണ് ഈ സർവേകൾ. സംസ്ഥാനം സാമ്പത്തിക മുരടിപ്പിന്റെ ആഘാതത്തിലാണെന്നും തൊഴിൽ, കൃഷി, കച്ചവടം, നിർമ്മാണം എന്നിങ്ങനെ സർവ്വ മേഖലകളിലും മാന്ദ്യം പിടിമുറുക്കിയിരിക്കുന്നുവെന്നും സർവേ വെളിപ്പെടുത്തുന്നു.

അദ്ധ്വാനിക്കുന്നവരുടെ ജീവിത വരുമാനം കുറഞ്ഞു. ജിഎസ്ടി വഴി നികുതിയും വിലയും കൂടി. അതിനാൽ സകല ചെലവിനങ്ങളിലും വിലയിൽ വർദ്ധനവുണ്ടായി. സ്വാഭാവികമായും വാങ്ങൽ ശേഷി കുറഞ്ഞു. അത് കമ്പോളത്തിലെ ക്രയവിക്രയം കുറച്ചു. വ്യാപാരങ്ങളെ ദോഷകരമായി ബാധിച്ചു. പ്രത്യേകിച്ചും ആഭ്യന്തര ചെറുകിട വ്യാപാരത്തെയാണത് ഏറെ ബാധിച്ചത്. ചെറുകിട വ്യാപാരത്തിലെ ഇടിവ് പ്രാദേശിക ചെറുകിട ഉല്പാദനത്തെയും ബാധിച്ചു. ഇതിന്റെയെല്ലാം ഫലമായി തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുന്നു. ലക്ഷണമൊത്ത മാന്ദ്യത്തിലേക്ക് കേരളത്തിലെ സാമ്പത്തിക രംഗം കൂപ്പുകുത്തുന്നു. ഈ ദുരന്തചിത്രമാണ് മാതൃഭൂമി സർവ്വേ തെളിവുസഹിതം വരച്ചുകാട്ടുന്നത്.

കാർഷികമേഖലയെ ബാധിച്ചിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയാണ് ഏറ്റവും കൂടുതൽ ആശങ്കയുണർത്തുന്നത്. തൊണ്ണൂറുകളുടെ അവസാനംമുതൽ കാർഷികവിളകളുടെ വില വലിയതോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. കൃഷിഭൂമി നിരന്തരം ചുരുങ്ങിവരുന്നു. കഴിഞ്ഞ ഒരു വർഷംകൊണ്ട് മാത്രം നെൽപ്പാടം 13 ശതമാനവും ഉത്പാദനം 21 ശതമാനവും കുറഞ്ഞു. ഈ രംഗത്ത് കൊട്ടും ഘോഷവുമായി സർക്കാർ ആരംഭിക്കുന്ന പദ്ധതികളൊന്നുംതന്നെ ഫലപ്രാപ്തിയിലെത്തുന്നില്ല. പലവിധ വ്യാധികളാൽ തളർന്നിരുന്ന കൃഷിയെ നോട്ടുനിരോധനവും ജിഎസ്ടിയും ചേർന്ന് വാട്ടിക്കളഞ്ഞു.

പത്ത് ലക്ഷത്തിലധികം കുടുംബങ്ങളുടെ ജീവനോപാധിയായ മത്സ്യബന്ധന മേഖല തകർച്ചയിൽനിന്ന് തകർച്ചയിലേക്ക് കൂപ്പുകുത്തുകയാണ്. കേരളതീരത്തെ രുചികൂടിയ മത്സ്യം പിടിക്കാൻ വിദേശ ട്രോളറുകൾക്ക് യഥേഷ്ടം അനുവാദം നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പലവിധ നിയന്ത്രണങ്ങളേർപ്പെടുത്തിയും ഈ മേഖലയെ തളർത്തിയതിന് പിന്നാലെ ഓഖി ചുഴലിക്കാറ്റും നോട്ടുനിരോധനവും ജിഎസ്ടിയും ചേർന്ന് വലിയ ആഘാതമാണേൽപ്പിച്ചിരിക്കുന്നത്. തൽഫലമായി ലഭിക്കുന്ന മത്സ്യത്തിന്റെ അളവുകുറഞ്ഞു. വില്പന കുറഞ്ഞു. ശീലിച്ച തൊഴിലുപേക്ഷിച്ച് മറ്റു വഴികൾ തേടിയലയുകയാണ് ഈ മേഖലയിലെ തൊഴിലാളികൾ.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ആക്രമണങ്ങളുടെ ആഘാതം കഠിനമായി ബാധിച്ചിരിക്കുന്നത് ചെറുകിട-ഇടത്തരം വ്യാപാരമേഖലയെയാണ്. നോട്ടു നിരോധനത്തിന്റെയും ജിഎസ്ടിയുടെയും ആദ്യദിനങ്ങൾ മുതൽ ആരംഭിച്ച കൂപ്പുകുത്തൽ അതേനിരക്കിൽ തുടരുകയാണ്. നാൽപത് ലക്ഷത്തോളം പേരുടെ ജീവിതമാർഗ്ഗമായ ഈ മേഖല വലിയൊരു ദുരന്തമാണ് മുന്നിൽകാണുന്നത്. ചിലർ കച്ചവടം നിർത്തി, പലയിടത്തും കച്ചവടം പകുതിയായി കുറഞ്ഞു. വില്പനകുറഞ്ഞ സ്ഥാപനങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിടുന്നു. ക്രയവിക്രയം കുറഞ്ഞതു കാരണം വിപണിയിലേക്ക് പണമെത്താത്തതുകാരണം ചെറുകിട വ്യാപാരികൾ വാങ്ങൽ കുറച്ചതോടെ വൻകിട വിതരണക്കാരും ഇതേ പാത പിൻതുടരുകയാണ്. ലോറി ചരക്ക് ഗതാഗതം കുറഞ്ഞു. അവിടെയും തൊഴിൽ കുറയുകയാണ്. ചെറുകിട-ഇടത്തരം ഹോട്ടലുകൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. വരവു കുറഞ്ഞതോടെ ഹോട്ടൽ ഭക്ഷണ വില താങ്ങാനാവാതെ ഐടി മേഖലയിലെ തൊഴിലാളികൾവരെ മ

*(ശേഷം 2-ാം പേജിൽ)*




**ഡൽഹിയിൽ മെട്രോ ചാർജ്ജ് വർദ്ധനവിനെതിരെയും വിദ്യാർത്ഥികൾക്ക് കൺസഷൻ പാസ് ആവശ്യപ്പെട്ടുകൊണ്ടും ഫെബ്രുവരി 20ന് ഡിഎംആർസി ആസ്ഥാനത്തേയ്ക്ക് എഐഡിഎസ്ഒ സംഘടിപ്പിച്ച പ്രതിഷേധ മാർച്ച്**

**പഞ്ചാബ് നാഷണൽ ബാങ്ക് കുംഭകോണം**

## തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ ജനകീയ മുന്നേറ്റം വളർത്തിയെടുക്കണം

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2018 ഫെബ്രുവരി 17ന് പുറപ്പെടുവിച്ച പ്രസ്താവന:*

സ്വർണ്ണ-രത്ന വ്യാപാരിയായ നീരവ് മോദി പൊതുമേഖലയിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിനെ കബളിപ്പിച്ച് 11,300 കോടി രൂപയുടെ തട്ടിപ്പ് നടത്തിയിരിക്കുന്നു. ഭരണത്തിലിരിക്കുന്ന ബിജെപിയുമായി അടുപ്പമുള്ള ആളായി അറിയപ്പെടുന്ന ഇയാൾ അഴിമതിക്കാരായ ബാങ്ക് ഉദ്യോഗസ്ഥരും സർക്കാർ ഉദ്യോഗസ്ഥരും ഭരണകക്ഷി നേതാക്കളുമൊക്കെയായി ചേർന്നാണ് ഇത് നടത്തിയത്.

സാമ്പത്തിക കുറ്റകൃത്യങ്ങളും അഴിമതിയും ജനങ്ങൾക്കുമേലുള്ള വിനാശകരമായ സാമ്പത്തികാക്രമണങ്ങളും മുതലാളിത്ത ഇന്ത്യയിൽ എത്രത്തോളം ഉയർന്നിരിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. ജനങ്ങൾ കഷ്ടപ്പെട്ട് ഉണ്ടാക്കുന്ന പണം ഉത്തമവിശ്വാസത്തോടെയാണ് ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നത്. അത് ഇവ്വിധം കൃത്രിമങ്ങളിലൂടെ തട്ടിയെടുക്കുന്നവർക്ക് ഭരിക്കുന്ന പാർട്ടിക്കാർ എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നു. ഈ തട്ടിപ്പുകാർ സൈ്വരവിഹാരം നടത്തുന്നു. എന്നിട്ട് ബാങ്കുകാരുടെ നഷ്ടം നികത്താനെന്നു പറഞ്ഞ് പൊതുഖജനാവിലെ പണം ബാങ്കുകൾക്ക് വാരിക്കോരി നൽകുന്നു. വൻകിട ബിസിനസുകാരും മുതലാളിമാരും രാഷ്ട്രീയ മേലാളന്മാരും ചേർന്ന് നടത്തുന്ന ഇത്തരം പകൽക്കൊള്ളകൾ തുടരാൻ അനുവദിച്ചാൽ ജനങ്ങളുടെ പണം കൊള്ളയടിക്കുക മാത്രമല്ല അവരുടെ ജീവിത സുരക്ഷതന്നെ അപകടത്തിലാകും. അതിനാൽ യാതനയനുഭവിക്കുന്ന ജനങ്ങൾ ഒന്നുചേർന്ന് ശക്തമായ പ്രതിഷേധം പടുത്തുയർത്തണം. അത്തരമൊരു ജനകീയ മുന്നേറ്റത്തിന്റെ സമ്മർദ്ദംകൊണ്ടേ ഇത്തരം വൻ തട്ടിപ്പുകളും കുംഭകോണങ്ങളുമൊക്കെ തടയാൻ കഴിയൂ.

പേജ് 3 — മാർക്സിന്റെ 'മൂലധനം' മുന്നോട്ടുവയ്ക്കുന്ന സുപ്രധാന പാഠങ്ങൾ

പേജ് 4 — കൊലപാതക രാഷ്ട്രീയത്തിന് അറുതി വരുത്തണം

പേജ് 6 — മധുവിന്റെ മരണത്തിന് ഉത്തരവാദിയാര്?

പേജ് 8 — പഞ്ചാബ് നാഷണൽ ബാങ്ക് കുംഭകോണം

# ജിഎസ്ടിയും നോട്ടുനിരോധനവും ദുരിതങ്ങൾ ഇരട്ടിപ്പിച്ചു

*(1-ാം പേജിൽ നിന്ന്)*

റ്റുമാർഗ്ഗങ്ങൾ തേടുകയാണ്.ചെറുകിട വ്യാപാര മേഖല കൈകാര്യം ചെയ്തുകൊണ്ടിരുന്ന എല്ലാത്തരം ഉത്പന്നങ്ങളുടെയും വ്യാപാരത്തിൽ ബഹുരാഷ്ട്ര ഓൺലൈൻ വ്യാപാര കുത്തകകൾ വൻതോതിൽ കടന്നുവരികയാണ്. വൻ മാളുകൾ അവശേഷിക്കുന്ന വ്യാപാര സാധ്യതകൾ വലിച്ചൂറ്റിയെടുക്കുകയാണ്. ചെറുകിട വ്യാപാരരംഗത്ത് 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം നടപ്പിലാക്കിവരുന്നതോടെ ഈ മേഖല ഊർദ്ധ്വൻ വലിക്കും.

**നിലവിലുള്ള തൊഴിൽ രംഗത്തെപ്പറ്റിയുള്ള പരിശോധന കൊണ്ടെത്തിക്കുന്നത് അങ്കലാപ്പുണ്ടാക്കുന്ന കണ്ടെത്തലുകളിലേക്കാണ്. സ്ഥിരസ്വഭാവത്തിലുള്ള ഏതെങ്കിലും ഒരു തൊഴിൽതേടി ചെറുപ്പക്കാർ പരക്കംപാച്ചിലിലാണ്. ഏതാനും എണ്ണം ക്ലാസ് ഫോർ ജോലിക്ക് വേണ്ടിപ്പോലും ലക്ഷങ്ങൾ പരീക്ഷയെഴുതുന്നു. പ്രൊഫഷണൽ യോഗ്യതയുള്ളവർ ഷോപ്പുകളിലും ഹോട്ടലുകളിലും തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യേണ്ടിവരുന്നു.**

കേരളത്തിലെയും മറുനാട്ടിലെയും തൊഴിലാളികൾക്ക് വൻതോതിൽ തൊഴിൽ ലഭിച്ചിരുന്ന നിർമ്മാണമേഖല അക്ഷരാർത്ഥത്തിൽ സ്തംഭനത്തിലാണ്. പണിതീരാത്തവീടുകളും വിറ്റുപോകാത്ത ഫ്ളാറ്റുകളും വില്ലകളും മാന്ദ്യത്തിന്റെ അടയാളങ്ങളായി നിലകൊള്ളുന്നു. ജിഎസ്ടി വന്നതോടെ നിർമ്മാണസാമഗ്രികളുടെ കുതിച്ചുയർന്ന വില സ്വന്തം വീടുണ്ടാക്കാൻ ജീവിതാന്ത്യം വരെ അദ്ധ്വാനിക്കുന്ന സാധാരണക്കാരന്റെ ആഗ്രഹങ്ങൾക്ക് കത്തിവെച്ചു. സ്വന്തം അദ്ധ്വാനം വില്പനയ്ക്ക് വച്ച് കാത്തിരിക്കുന്ന കവലകളിൽ നിരാശയുടെ മുഖങ്ങൾ ഏറിവരുന്നു. കൂട്ടമായി സ്വദേശത്തേക്ക് മടങ്ങുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഏറെയാണ്.

സാമ്രാജ്യത്വചൂഷണത്തിന്റെയും തദ്ദേശീയ മുതലാളിത്ത സമ്പത്ത്ക്രമത്തിന്റെ സ്വാഭാവികപ്രതിസന്ധികളുടെയും ഫലമായി ഗൾഫ് രാജ്യങ്ങൾ കൊണ്ടുവരുന്ന തദ്ദേശീയവൽക്കരണം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് കേരളത്തെയാണ്. 2016ൽ മാത്രം ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റം പത്തു ശതമാനം കുറഞ്ഞു. ഏറെപേരും തിരിച്ചെത്തുന്നത് വൻകടത്തിന്റെ ഭാണ്ഡവും പേറിയാണ്. ചിലർ എവ്വിധവും പിടിച്ചുനിൽക്കാനായി ചെറിയ കച്ചവടം ആരംഭിക്കുന്നു. ചിലർ നാലുചക്ര വാഹനങ്ങൾ വാങ്ങി ഓൺലൈൻ ടാക്സി ശ്രംഖലയിലേക്ക് കയറുന്നു. മിക്കവർക്കും മാസങ്ങൾക്കുള്ളിൽ അതൊക്കെ മതിയാക്കേണ്ടിവരുന്നു. സംസ്ഥാന ജനസംഖ്യയുടെ മൂന്നിലൊരു ഭാഗമാണ് ഗൾഫ് തൊഴിലിൽനിന്ന് ഫലമനുഭവിക്കുന്നത് എന്ന വസ്തുത കേരളത്തിന്റെ സാമ്പത്തിക ഭാവിയെ ആശങ്കയിലാഴ്ത്തുന്നു.

കേരളത്തിൽ നിലവിലുള്ള 23,000 ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ മിക്കവയും അടച്ചുപൂട്ടലിന്റെ വക്കിലാണ്. എഞ്ചിനീയറിംഗ് ആട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ കരകയറാനാവാത്ത പ്രതിസന്ധികളിലാണ്. ഏഴു ലക്ഷം പേർക്ക് തൊഴിൽ നൽകിയിരുന്ന ഈ മേഖലയിൽനിന്ന് തൊഴിലാളികൾ പുറംതള്ളപ്പെടുകയാണ്. ആഗോളമാന്ദ്യത്തിൽപ്പെട്ട ഐ.ടി മേഖലയിൽ നിന്ന് തൊഴിലാളികളെ വൻതോതിൽ പുറന്തള്ളുകയാണ്. സീനിയർ എഞ്ചിനീയർമാരെയാണ് ആദ്യം ലക്ഷ്യംവയ്ക്കുന്നത്. നിലവിൽ തൊഴിലെടുക്കുന്നവർക്ക് പുറത്തേയ്ക്ക് പോകുകയോ നിസ്സാരമായ ശമ്പളത്തിന് പണി തുടരുകയോ മാത്രമേ ഗതിയുള്ളൂ. സ്വാശ്രയകോളേജുകൾ വഴി വർഷംതോറും പുറത്തുവരുന്ന പതിനായിരക്കണക്കിന് തൊഴിലന്വേഷകരെ കാത്തിരിക്കുന്നത് ഇരുണ്ട ഭാവിയാണ്.

നിലവിലുള്ള തൊഴിൽ രംഗത്തെപ്പറ്റിയുള്ള പരിശോധന കൊണ്ടെത്തിക്കുന്നത് അങ്കലാപ്പുണ്ടാക്കുന്ന കണ്ടെത്തലുകളിലേക്കാണ്. സ്ഥിരസ്വഭാവത്തിലുള്ള ഏതെങ്കിലും ഒരു തൊഴിൽതേടി ചെറുപ്പക്കാർ പരക്കംപാച്ചിലിലാണ്. ഏതാനും എണ്ണം ക്ലാസ് ഫോർ ജോലിക്ക് വേണ്ടിപ്പോലും ലക്ഷങ്ങൾ പരീക്ഷയെഴുതുന്നു. പ്രൊഫഷണൽ യോഗ്യതയുള്ളവർ ഷോപ്പുകളിലും ഹോട്ടലുകളിലും തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യേണ്ടിവരുന്നു. തൊഴിൽ പരീക്ഷാ കോച്ചിങ് സെന്ററുകളിൽപോയി രാപ്പകൽ തയ്യാറെടുത്ത് എഴുതുന്ന പി.എസ്.സി പരീക്ഷകളിലൂടെ റാങ്ക് ലിസ്റ്റിൽ കയറിയവർക്ക് പോലും നിയമനം ലഭിക്കുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന സ്ഥാപനം നോക്കുകുത്തിയായി മാറിയിരിക്കുന്നു. ചെറുപ്പക്കാർ എല്ലാവരുമിപ്പോൾ അവിടെ രജിസ്റ്റർ ചെയ്യാറില്ല. എക്സ്ചേഞ്ച് വഴി 2008 ൽ 18099 പേർക്ക് താത്കാലിക തൊഴിൽ നൽകിയെങ്കിൽ 2016ൽ 10212 പേർക്ക് മാത്രമാണ് നൽകിയത്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്കുള്ള താത്കാലിക നിയമനങ്ങൾ ഭരണകക്ഷികളുടെ പാർട്ടി ഓഫീസുകൾ വഴിയാണ് റിക്രൂട്ട്മെന്റ് നടക്കുന്നത് എന്ന കാര്യം രഹസ്യമല്ല.

അതിരൂക്ഷമായ തൊഴിലില്ലായ്മ മാത്രമല്ല ഉള്ള തൊഴിലിന് ലഭിക്കുന്ന കൂലിയിൽ അപമാനകരമായ ഇടിവാണ് ഈ പ്രബുദ്ധകേരളത്തിൽ നടക്കുന്നത്. ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാർ ജീവിതം നിലനിർത്താൻ പറ്റാത്തത്ര തുച്ഛമായ ശമ്പളത്തിനാണ് പണിയെടുക്കുന്നത്. നേഴ്സുമാരും അദ്ധ്യാപകരും നിൽക്കക്കള്ളിയില്ലാതെ സമരരംഗത്തിറങ്ങിയിരിക്കുന്നു. അന്യദേശതൊഴിലാളികളെ മുൻനിർത്തി കായികാദ്ധ്വാനം വേണ്ടുന്ന എല്ലാ തൊഴിലിന്റെയും കൂലി വൻതോതിൽ കുറഞ്ഞു. കുടുംബച്ചെലവ് കൂട്ടിമുട്ടിക്കാനായി കുടുംബാംഗങ്ങൾ ഒന്നാകെ തൊഴിൽതേടിയിറങ്ങുകയാണ്. തൊഴിലില്ലായ്മയുടെ വർദ്ധനവ് കൂലിയിൽ അഭൂതപൂർവ്വമായ കുറവാണ് വരുത്തുന്നത്.

ആരോഗ്യ, വിദ്യാഭ്യാസച്ചെലവുകളുടെ കാര്യത്തിൽ ആഗോളവൽക്കരണത്തിന്റെ കാൽനൂറ്റാണ്ടുകാലയളവിൽ വൻ കുതിപ്പാണുണ്ടായത്. ഈ വിഷയങ്ങളിൽ കേരളീയരുടെ ആഭിമുഖ്യത്തെ തങ്ങളുടെ കമ്പോളമാക്കിമാറ്റിയ മുതലാളിത്ത താത്പര്യങ്ങളും അവയ്ക്ക് കളമൊരുക്കിയ സർക്കാരുകളുമാണ് കാരണക്കാർ. അതുവഴി തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസമൊരുക്കാനും ചികിത്സാചെലവുകൾക്കുമായി വായ്പയെ ആശ്രയിച്ച് തിരിച്ചടയ്ക്കാനാവാതെ പാപ്പരായിപ്പോകുന്നവരുടെ സംഖ്യ അതിശയിപ്പിക്കുന്നതാണ്. കേരളത്തിൽ ദരിദ്രരാക്കപ്പെടുന്നതിൽ 12 ശതമാനം പേർ താങ്ങാനാവാത്ത ചികിത്സാച്ചെലവിൽ മുടിഞ്ഞുപോയവരാണ്.

സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സ് അഡ്മിഷന് കുട്ടികൾ വർദ്ധിക്കുന്നത് സർക്കാർ വിദ്യാഭ്യാസത്തിന്റെ മികവ് കൊണ്ടാണെന്നാണ് അവകാശപ്പെടുന്നത്. പക്ഷേ, യഥാർത്ഥകാരണം സമൂഹത്തിന്റെ ദാരിദ്ര്യവൽക്കരണമാണ്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ദുരിതങ്ങളും വിവരണാതീതമാണ്. കൂലിയും ആനുകൂല്യങ്ങളും വെട്ടിക്കുറച്ചും ശമ്പളം വണ്ടിച്ചെക്കായി നൽകിയും തോട്ടങ്ങൾ പൂട്ടിയിട്ടും തൊഴിലാളികളെ ദ്രോഹിക്കുകയാണ്.

ഇതിന്റെയെല്ലാം മറുവശമെന്നോണം, അഖിലേന്ത്യാതലത്തിലെന്നവണ്ണം കേരളത്തിലും അതിസമ്പന്നരുടെ എണ്ണം വർദ്ധിക്കുകയാണ്. നാഷണൽ സാമ്പിൾ സർവ്വേപ്രകാരം സാമ്പത്തിക അസമത്വം ഏറ്റവും വർദ്ധിക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

ജിഎസ്ടി അടക്കമുള്ള സാമ്പത്തിക ആക്രമണംവഴി ജീവിതച്ചെലവ് വൻതോതിൽ വർദ്ധിച്ചു. പക്ഷേ വ്യാപാരം കുറഞ്ഞത് വഴി നികുതിവരുമാനവും കുറഞ്ഞു. ആകമാനമുള്ള ജീവിത ഇടപാടുകൾ കുറഞ്ഞതിന്റെ ഒരു ലക്ഷണമാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലുള്ള കുറവ് കാണിക്കുന്നത്. യാത്ര, ഭക്ഷണം, സാമൂഹിക ഇടപാടുകൾ എന്നിവയെയെല്ലാം പ്രതിസന്ധി ബാധിച്ചിരിക്കുന്നു.

ഭീതിജനകമായ ഈ പ്രതിസന്ധി കേരളത്തെ തളർത്തുമ്പോൾ, നമ്മുടെ ഭരണാധികാരികളും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷികളും അത് ഉൾകൊണ്ടിട്ടുണ്ടോയെന്ന് സംശയമുണർത്തുന്ന തരത്തിലാണ് അവരുടെ പ്രവർത്തനങ്ങൾ. അടുത്ത തെരഞ്ഞെടുപ്പിൽ എവ്വിധവും പരമാവധി സീറ്റൊപ്പിക്കുക എന്നതിനപ്പുറം നാടിന്റെ ദുരിതാവസ്ഥ മറികടക്കുന്നതിനെപ്പറ്റി അവർ വ്യാകുലരാകുന്നില്ല. എന്ന് മാത്രമല്ല, ഈ പ്രതിസന്ധികൾക്ക് ആക്കം കൂട്ടുന്ന പ്രവർത്തികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാധാരണക്കാരന്റെ സാമ്പത്തികശേഷി വളർത്തുന്ന തരത്തിലുള്ള നയനടപടികൾ സ്വീകരിക്കുന്നതിന് പകരം അവനിൽ നിന്ന് പിച്ചക്കാശ് തട്ടിപ്പറിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. സകലവിധ നികുതികളും യൂസർഫീകളും കൂട്ടണമെന്ന ബി.എ പ്രകാശ് കമ്മിറ്റി റിപ്പോർട്ട് അപ്പാടെ നടപ്പിലാക്കാനൊരുങ്ങുകയാണ് സർക്കാർ. സർക്കാരിന്റെ അധികാരവികേന്ദ്രീകരണനയം വഴി പാപ്പരായികൊണ്ടിരിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളെ രക്ഷപ്പെടുത്താനെന്ന പേരിൽ കെട്ടിട നികുതി, പ്രൊഫഷണൽ ടാക്സ് എന്നിവ ഉയർത്താനാരുങ്ങുകയാണ് സർക്കാർ. കേരളത്തിലെ പകുതിയോളം ജനങ്ങളെ റേഷൻ സംവിധാനത്തിൽനിന്നും പുറത്താക്കുകയും ചെയ്തിരിക്കുന്നു.

വ്യാപാരമാന്ദ്യത്താൽ തകർന്നടിയുന്ന വ്യാപാരസ്ഥാപനങ്ങളുടെ മേൽ ഭീമമായ ലൈസൻസ് ഫീ ഏർപ്പെടുത്തുന്നു. ജനജീവിതത്തെ നേരിട്ട് ബാധിക്കുന്ന ബസ് ചാർജ്ജ് വർദ്ധനവും നടപ്പിലാക്കിക്കഴിഞ്ഞു. തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന ആത്മാർത്ഥമായ നടപടികളൊന്നും തന്നെയില്ലെന്ന് മാത്രമല്ല പുതിയ തസ്തികകളൊന്നും സൃഷ്ടിക്കുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. വലിയ കൊട്ടിഘോഷത്തോടെ അവതരിപ്പിക്കപ്പെടുന്ന ബഡ്ജറ്റുകൾക്ക് കടലാസുവില പോലുമില്ലാത്ത തരത്തിലാണ് ഓരോ വർഷവും സാമ്പത്തികപ്രവർത്തനങ്ങൾ കടന്നുപോവുന്നത്.

ക്ഷേമപ്രവർത്തനങ്ങൾ വൻതോതിൽ മന്ദീഭവിപ്പിച്ചുകൊണ്ട് പദ്ധതിച്ചെലവുകൾ കുറയ്ക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാനവിഹിതം രക്ഷപ്പെടുത്താനായി ആ പദ്ധതികൾ ചുരുക്കുന്നു. പൊതുകടമാവട്ടെ, അന്തംവിട്ട രീതിയിലാണ് കുതിക്കുന്നത്. ഇപ്പോഴത് രണ്ടേകാൽ ലക്ഷം കോടി രൂപയിൽ എത്തിനിൽക്കുന്നു. കിഫ്ബി വഴിയെടുത്ത കടവും കൂടിയാകുമ്പോൾ അത് മൂന്ന് ലക്ഷം കോടിയാണ്. ഇതിന്റെയെല്ലാം ബാദ്ധ്യത ഭാവികേരളത്തെ തുറിച്ചുനോക്കുന്നു. എല്ലാം ശരിയാകും എന്ന അങ്ങേയറ്റം കാപട്യം നിറഞ്ഞ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് അധികാരത്തിലെത്തിയ സർക്കാരാണിവിടെ ഭരിക്കുന്നതെന്ന് ഓർക്കണം.

വായ്പാധിഷ്ഠിത സാമ്പത്തിക ക്രമത്തിന്റെ ഉപാസകരായ ഭരണക്കാർ നമ്മെ രക്ഷപ്പെടാനാവാത്ത കടക്കെണിയിൽപ്പെടുത്തുകയാണ്. ഭാഗ്യക്കുറി വിൽപ്പന, വിദേശമദ്യ വിൽപ്പന, പൊട്രോളിയം നികുതി തുടങ്ങിയ അധാർമ്മിക വരുമാനത്തെയും കടത്തെയുംവച്ചുകൊണ്ടുള്ള വികലമായ സാമ്പത്തിക മാനേജ്മെന്റാണ് മാറി മാറി വരുന്ന നമ്മുടെ സർക്കാരുകൾ നടത്തിവരുന്നത്. താഴേയ്ക്ക് മാത്രം കുതിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന സാമ്പത്തികക്രമത്തിന്റെ ദയനീയ ചിത്രമാണ് ഇവയെല്ലാം കാട്ടിത്തരുന്നത്.

ഇടതുപക്ഷമുൾപ്പെടെയുള്ള ഭരണകക്ഷികൾ ജനങ്ങളുടെ മുന്നിൽ നിന്ന് ഈ പ്രതിസന്ധി മറച്ചുവെച്ചുകൊണ്ട് കരകയറാൻ യാതൊരു നടപടികളുമില്ലാതെ പ്രതിസന്ധിയുടെ ഗതിവേഗം കൂട്ടുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ പോംവഴിയെന്താണ്? വിധിവിഹിതം എന്നുകരുതി അവയ്ക്ക് കിഴടങ്ങണമോ? അതോ യഥാർത്ഥ കാരണം ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥിതിയാണെന്നതിനാൽ എത്രയും വേഗം ആ ചൂഷണവാഴ്ചയ്ക്ക് അറുതിവരുത്തുവാനുള്ള പോരാട്ടത്തിന്റെ പാത സ്വീകരിക്കണമോ? നമുക്ക് മുന്നിലുള്ള ചോദ്യമിതാണ്●

## ചേർത്തല കെവിഎം ആശുപത്രിക്ക് മുന്നിൽ നഴ്സുമാർ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം

**ചേ**ർത്തല കെവിഎം ആശുപത്രിക്ക് മുന്നിൽ നടന്നു വരുന്ന നഴ്സുമാരുടെ സമരത്തെ പിന്തുണച്ച് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഐക്യദാർഢ്യ സമ്മേളനം നടത്തി.



ഐക്യദാർഢ്യ സമ്മേളനത്തിൽ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി മുഖ്യ പ്രഭാഷണം നടത്തുന്നു

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി മുഖ്യ പ്രഭാഷണം നടത്തി. നന്ദനൻ വലിയ പറമ്പ്, കെ.ശിവൻകുട്ടി, ടി.മുരളി, കെ.ആർ.സോമശേഖരപ്പണിക്കർ, അഡ്വക്കേറ്റ് ബി.കെ.രാജഗോപാൽ, ടി.ബി.വിശ്വനാഥൻ, കെ.ജെ.ഷീല, സി.വി.പീതാംബരൻ, കെ.എ.വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്.സീതിലാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.പി.മനോഹരൻ സ്വാഗതവും യു.എൻ.എ ചേർത്തല സംഘാടക ജിജി നന്ദിയും രേഖപ്പെടുത്തി●

# മാർക്സിന്റെ വിഖ്യാത കൃതിയായ മൂലധനം മുന്നോട്ടുവയ്ക്കുന്ന സുപ്രധാന പാഠങ്ങൾ

**കൂ**ലിവേലയും മൂലധനവും എന്ന ലഘുലേഖയിൽ മാർക്സ് മൂലധനം എന്ന മഹത്തായ കൃതിയുടെ അടിസ്ഥാന തത്വങ്ങൾ ഹ്രസ്വമായി പ്രതിപാദിക്കുന്നുണ്ട്. ഈ ലഘുലേഖയ്ക്ക് എഴുതിയ ആമുഖത്തിൽ മഹാനായ ഏംഗൽസ് ഇങ്ങനെ രേഖപ്പെടുത്തുന്നു: "എല്ലാ ചരക്കുകളുടെയും വില നിരന്തരം മാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത അർത്ഥശാസ്ത്രം നിരീക്ഷിക്കുന്നു. 'അദ്ധ്വാനം' എന്ന് വിളിക്കുന്ന ചരക്കിന്റെ വിലയും ഇതിൽപ്പെടും. ചരക്കുകളുടെ ഉൽപ്പാദനവുമായി യാതൊരു ബന്ധവുമില്ലാത്ത തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളുടെ ഫലമായാണ് വിലകൂടുന്നതും കുറയുന്നതും. അതുകൊണ്ട് വില നിർണ്ണയം യാദൃശ്ചികമായാണ് നടത്തുന്നത് എന്ന് തോന്നും. അർത്ഥശാസ്ത്രം ഒരു ശാസ്ത്രമായി രംഗത്തുവന്നതോടുകൂടി ചരക്കുകളുടെ വിലയെ പ്രത്യക്ഷത്തിൽ നിയന്ത്രിക്കുന്ന ഈ യാദൃശ്ചികതയുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്നതും അതിനെ നിയന്ത്രിക്കുന്നതുമായ നിയമം കണ്ടെത്തുക എന്നതായിരുന്നു അതിന്റെ ആദ്യത്തെ കടമകളിലൊന്ന്...അദ്ധ്വാനത്തിന്റെ മൂല്യോൽപ്പാദന ഗുണത്തെക്കുറിച്ച് ഒരു സമഗ്ര പഠനം ആദ്യമായി നടത്തിയത് മാർക്സ് ആണ്. ഒരു ചരക്കിന്റെ ഉൽപ്പാദനത്തിന് ആവശ്യമെന്ന് തോന്നുന്ന, യഥാർത്ഥത്തിൽ ആവശ്യമായ അദ്ധ്വാനം അതിന്റെ അളവിന് അനുസൃതമായത്ര മൂല്യത്തെ ഒരു സാഹചര്യത്തിലും ആ ചരക്കിനോട് കൂട്ടിച്ചേർക്കുന്നില്ലെന്ന് അദ്ദേഹം കണ്ടെത്തി. ക്ലാസിക്കൽ അർത്ഥശാസ്ത്രം പറയുന്നു: ഒരു ചരക്കിന്റെ മൂല്യം അതിന്റെ ഉൽപ്പാദനച്ചെലവിന് തുല്യമാണ്. ചരക്കുകൾ അതിന്റെ മൂല്യത്തിനാണ് വിൽക്കുന്നത്. അതായത് അതിലടങ്ങിയിരിക്കുന്ന അവശ്യാദ്ധ്വാനത്തിന്റെ അളവിന് അനുസൃതമായ വിലയ്ക്ക്..... ക്ലാസ്സിക്കൽ അർത്ഥശാസ്ത്രം ഇവിടെ ഇരുട്ടിൽ തപ്പുകയായിരുന്നു. ആ സന്ദർഭത്തിൽ ഒരു പോംവഴി കണ്ടെത്തിയത് കാൾ മാർക്സ് ആയിരുന്നു. അദ്ധ്വാനത്തിന്റെ ഉൽപ്പാദനച്ചെലവ് എന്ന് ധനശാസ്ത്രജ്ഞർ കരുതിയത് അദ്ധ്വാനത്തിന്റെയല്ല, ജീവനുള്ള തൊഴിലാളിയുടെതന്നെ ഉൽപ്പാദനച്ചെലവാണ്. ആ തൊഴിലാളി മുതലാളിക്ക് വിൽക്കുന്നത് അവന്റെ അദ്ധ്വാനമല്ലതാനും... അവൻ അദ്ധ്വാനത്തെയല്ല വിൽക്കുന്നത്(അത് ആദ്യമേ നിറവേറ്റേണ്ടിയിരിക്കുന്നു). പിന്നെയോ, ഒരു നിശ്ചിത പ്രതിഫലത്തിന് ഒരു നിശ്ചിത സമയത്തേയ്ക്ക്(സമയാടിസ്ഥാനത്തിലാണ് കൂലിയെങ്കിൽ), അല്ലെങ്കിൽ ഒരു നിശ്ചിത ജോലിക്കുവേണ്ടി(പീസ് വർക്ക് ആണെങ്കിൽ) തന്റെ അദ്ധ്വാനശക്തി മുതലാളിക്ക് വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്... ധനശാസ്ത്രജ്ഞന്മാർ അദ്ധ്വാനത്തിന്റെ ഉല്പാദനചെലവെന്ന് വിളിച്ചത് യഥാർത്ഥത്തിൽ തൊഴിലാളികളുടെയും അവന്റെ അദ്ധ്വാനശക്തിയുടെയും ഉല്പാദനച്ചെലവാണ്... ഇന്നത്തെ മുതലാളിത്ത സമൂഹത്തിൽ അദ്ധ്വാനശക്തി ഒരു ചരക്കാണ്...അതിന് മൂല്യോൽപ്പാദനശേഷി എന്ന പ്രത്യേകഗുണമുണ്ട്...മനുഷ്യാദ്ധ്വാനശക്തി അതിനുള്ളതിനേക്കാൾ, അതിന് ചെലവാകുന്നതിനെക്കാൾ മൂല്യം അത് ഒരുദിവസം ഉൽപ്പാദിപ്പിക്കുന്നു...ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾക്കും സാങ്കേതികവിദ്യാ വികാസത്തിനുമൊപ്പം പ്രതിദിനചെലവ് കഴിഞ്ഞ് പ്രതിദിന ഉൽപ്പാദനത്തിൽവരുന്ന ഈ മിച്ചം വർദ്ധിച്ചുവരികയും ചെയ്യുന്നു. അതായത് തന്റെ ദിവസക്കൂലിക്കുള്ള പ്രതിഫലം ഉൽപ്പാദിപ്പിക്കാൻ ഒരു തൊഴിൽദിവസത്തിന്റെ എത്ര ഭാഗമാണോ പണിയെടുക്കുന്നത് അത് കുറഞ്ഞുവരുന്നു; മറുവശത്ത്, കൂലികിട്ടാതെ തന്റെ അദ്ധ്വാനം മുതലാളിക്ക് സമ്മാനിക്കേണ്ടിവരുന്ന പങ്ക് കൂടിവരികയും ചെയ്യുന്നു...എന്നാൽ, തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഈ മൂല്യങ്ങൾ തൊഴിലാളിക്ക് സ്വന്തമല്ല, അസംസ്കൃതപദാർത്ഥങ്ങളും യന്ത്രങ്ങളും പണിയായുധങ്ങളും കരുതൽ ധനവുമൊക്കെ സ്വന്തമായുള്ള ഉടമകളുടെ വകയാണത്. ഇതെല്ലാം കൈവശമുള്ളതുകൊണ്ടാണ് അവർക്ക് തൊഴിലാളികളുടെ അദ്ധ്വാനശക്തി വിലയ്ക്ക് വാങ്ങാൻ കഴിയുന്നത്...തങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഒരു ഭാഗം മാത്രമേ തൊഴിലാളിവർഗ്ഗത്തിന് തിരിച്ച് കിട്ടുന്നുള്ളൂ. മറ്റേഭാഗം മുതലാളിവർഗ്ഗം സ്വന്തമാക്കുന്നു...ഇങ്ങനെ അധികം വരുന്നത്(അദ്ധ്വാനശക്തി) മുതലാളിയുടെ ലാഭമായി മാറുന്നു."

നിലനിൽപ്പിനായാണ് മനുഷ്യൻ പ്രകൃതിയിൽനിന്ന് ഉൽപ്പാദനം നടത്തുന്നത് എന്ന് 'മൂലധനം' എന്ന മഹത്തായ കൃതിയിൽ മാർക്സ് ചൂണ്ടിക്കാണിക്കുന്നുണ്ട്. പരസ്പരം ബന്ധപ്പെട്ടും സഹകരണത്തിലുമാണ് മനുഷ്യർ ഉൽപ്പാദനം നടത്തുന്നത്. ഇത് അദ്ദേഹം ഇങ്ങനെ വിശദമാക്കുന്നു: "ഉൽപ്പാദനം പ്രകൃതിക്കുമേൽ മാത്രമല്ല, പരസ്പരമുള്ള പ്രവർത്തനംകൂടെയാണ്. പരസ്പരം ഒരു പ്രത്യേകരീതിയിൽ സഹകരിച്ചും പ്രവർത്തനം കൈമാറിയുമാണ് അവർ ഉൽപ്പാദനം നടത്തുന്നത്. ഉൽപ്പാദനം നടത്താനായി അവർ നിയതമായ പരസ്പരബന്ധങ്ങൾ സൃഷ്ടിച്ചെടുക്കുന്നു. ഈ സാമൂഹ്യബന്ധങ്ങൾക്കുള്ളിൽനിന്നുകൊണ്ടാണ് അവർ പ്രകൃതിക്കുമേൽ പ്രവർത്തിക്കുന്നത്, ഉൽപ്പാദനം നടത്തുന്നത്". ഇതാണ് ഉൽപ്പാദന ബന്ധം. രണ്ടാമതായി, ഉൽപ്പാദനത്തിനുള്ള ഉപകരണങ്ങളും അത് കൈകാര്യം ചെയ്യാൻ അനുഭവവും വൈദഗ്ദ്ധ്യവുമുള്ള ആളുകളും കൂടിച്ചേരുമ്പോൾ അത് ഉൽപ്പാദനശക്തിയായി. മനുഷ്യ സമൂഹത്തിന്റെ എല്ലാ വികാസ ഘട്ടങ്ങളിലും അടിസ്ഥാനഉൽപ്പാദനശക്തിയായി വർത്തിക്കുന്നത് അദ്ധ്വാനിക്കുന്ന ഈ ജനവിഭാഗങ്ങളാണ്. ഭൗതികസമ്പത്ത് സൃഷ്ടിക്കുന്നതിനായി പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന പ്രവർത്തനം 'ഉൽപ്പാദനശക്തികൾ' പ്രതിഫലിപ്പിക്കുന്നു. ഉൽപ്പാദനപ്രക്രിയ പുരോഗമിക്കുന്നതിനനുസരിച്ച് ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും വികാസം പ്രാപിക്കുന്നു. ഇവരണ്ടും ചേർന്നതാണ് സമൂഹത്തിന്റെ സമ്പദ്ഘടനയെന്നും മാർക്സ് ചൂണ്ടിക്കാണിക്കുന്നു.

ഒരു പ്രത്യേക സാമൂഹ്യ സംവിധാനത്തെക്കുറിച്ച് പറയുമ്പോൾ അത് ഒരു പ്രത്യേക ഉൽപ്പാദനവ്യവസ്ഥയെ അഥവാ ഒരു സമ്പദ്ഘടനയെ അടിസ്ഥാനമാക്കി നിലകൊള്ളുന്നു എന്നാണ് നമ്മൾ അർത്ഥമാക്കുന്നത്. വികാസഗതിയിൽ നിലവിലുള്ള ഉൽപ്പാദനബന്ധം കാലഹരണപ്പെടുകയും ഉൽപ്പാദനശക്തികളുടെ തുടർന്നുള്ള വളർച്ചയ്ക്കും വികാസത്തിനും തടസ്സമായി തീരുകയും ചെയ്യുമ്പോൾ ആ ഉൽപ്പാദനബന്ധം മാറ്റേണ്ട ആവശ്യകത ഉയർന്നുവരുന്നു. പുതിയ ഉൽപ്പാദനശക്തികളുടെ സൃഷ്ടിയിലൂടെ മനുഷ്യർ അവരുടെ ഉൽപ്പാദനരീതി മാറ്റിയെടുക്കുന്നു. അങ്ങനെ ഉൽപ്പാദനരീതി മാറുമ്പോൾ, ഉപജീവനരീതി മാറുമ്പോൾ, അവർ എല്ലാ സാമൂഹ്യബന്ധങ്ങളും മാറ്റിത്തീർക്കുന്നു. ഉൽപ്പാദനവ്യവസ്ഥയെ അടിസ്ഥാനമാക്കി സമൂഹം വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ട അന്നുമുതൽ, ഉൽപ്പാദനോപാധികളുടെ ഉടമകളെന്ന നിലയിൽ കുറച്ചുപേർ മറ്റുള്ളവരുടെ അദ്ധ്വാനഫലം കവർന്നെടുക്കാൻ തുടങ്ങിയ നാൾമുതൽ, ഉൽപ്പാദനബന്ധവും(അടിമ-ഉടമ, അടിയാൻ-ജന്മി, തൊഴിലാളി-മുതലാളി) ഉൽപ്പാദനശക്തികളും തമ്മിലുള്ള വൈരുദ്ധ്യവും രംഗപ്രവേശം ചെയ്തു എന്ന് മാർക്സ് വിശദമാക്കുന്നു. ചൂഷകരും ചൂഷിതരും എന്ന നിലയിൽ വിരുദ്ധ താൽപര്യങ്ങളോടെ നിലകൊള്ളുന്ന വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ നിലവിലുള്ള ഉൽപ്പാദനബന്ധം, ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ തക്കവണ്ണമുള്ള ഉൽപ്പാദനശക്തികളുടെ അനസ്യൂതമായ വികാസത്തിന്, പ്രതിബന്ധമായിത്തീരുന്നു. ചൂഷകർ അഥവാ ഭരണവർഗ്ഗം നിലവിലുള്ള ഉൽപ്പാദനവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതിരിക്കാൻ ശ്രമിക്കുമ്പോൾ, ചൂഷിതർ അതിനെ മാറ്റിത്തീർക്കാനാണ് പരിശ്രമിക്കുന്നത്. ഉപരിഘടനയിൽ ഇത് വർഗ്ഗ സമരത്തിന്റെ രൂപത്തിൽ പ്രകടമാകുന്നു. വളർന്നുകൊണ്ടിരിക്കുന്ന ഉൽപ്പാദനശക്തികളും നിലനിൽക്കുന്ന കാലഹരണപ്പെട്ട ഉൽപ്പാദനബന്ധവും തമ്മിലുള്ള ഒത്തുതീർപ്പില്ലാത്ത വൈരുദ്ധ്യത്തിന് പരിഹാരം കണ്ടെത്തുന്നതാണ് സാമൂഹ്യവിപ്ലവത്തിൽ നാം കാണുന്നത്. അതിലൂടെ ഒരു പുതിയ ഉൽപ്പാദനബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പുതിയ ഉൽപ്പാദനവ്യവസ്ഥ അഥവാ ഒരു പുതിയ സമ്പദ്ഘടന സ്ഥാപിതമാകുന്നു. ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധവും തമ്മിൽ സമ്പദ്ഘടനയിലുള്ള വൈരുദ്ധ്യം ഉപരിഘടനയിൽ മനുഷ്യന്റെ ബോധമണ്ഡലത്തിൽ പ്രതിഫലിക്കുകയും ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ അത് വർഗ്ഗസമരത്തിന്റെ രൂപത്തിൽ പ്രകടമാകുകയും ചെയ്യുന്നു. ഒരു പ്രത്യേക ഉൽപ്പാദനവ്യവസ്ഥ, വളർന്നുവരുന്ന ഉൽപ്പാദനശക്തികളുടെ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാത്തവണ്ണം പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് കാലഹരണപ്പെടുമ്പോൾ ഒരു മാറ്റത്തിനുവേണ്ടിയുള്ള സാമൂഹ്യത്വര ഉപരിഘടനയിൽ ഉദയം ചെയ്യുന്നു. അങ്ങനെ വർഗ്ഗസമരം തീവ്രമാകുന്നു. ഉൽപ്പാദനശക്തികളുടെ ഭാഗമായുള്ള ചൂഷിതവർഗ്ഗം അപ്പോൾ പ്രത്യയശാസ്ത്രപരമായും ശാസ്ത്രീയമായും സാംസ്കാരികമായും സംഘടനാപരമായും മതിയാംവണ്ണം സജ്ജരായിക്കൊണ്ട് ആവശ്യമായ അളവിൽ വർഗ്ഗബോധം ആർജ്ജിച്ച്, ഉൽപ്പാദനബന്ധത്തെ അല്ലെങ്കിൽ ഉൽപ്പാദനവ്യവസ്ഥയെ ഗുണപരമായി മാറ്റിത്തീർക്കുംവിധം സാമൂഹ്യവിപ്ലവം സാദ്ധ്യമാക്കിത്തീർക്കുന്നു.

സമ്പദ്ഘടനയിലും അതിനനുസൃതമായി രാഷ്ട്രീയ-സാമൂഹ്യരംഗത്തും ഉണ്ടാകുന്ന ഈ മാറ്റങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന സാമൂഹ്യ-സാമ്പത്തിക ദർശനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് എന്താണ് 'മൂലധന'മെന്നും എന്താണ് 'മിച്ചമൂല്യ'മെന്നും മാർക്സ് വിശദമാക്കുന്നു. ആദ്യമായി അദ്ദേഹം സാധാരണ പണത്തെയും മൂലധനത്തെയും വേർതിരിച്ചു കാണിക്കുന്നു. പ്രാഥമികമായ ഒരു കമ്പോള സംവിധാനത്തിൽ, തൊഴിൽവിഭജനം(പ്രത്യേക സാധനങ്ങളുടെ ഉൽപ്പാദനത്തിൽ പ്രത്യേകം പ്രത്യേകം ആളുകൾ ഏർപ്പെടുന്നത്) നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഒരാൾ ഒരു സാധനം വിൽക്കുകയും അതുവഴി കിട്ടുന്ന പണം അയാൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കുകയുമാണ് ചെയ്യുക. എന്നാൽ മുതലാളിത്തസമ്പദ്ഘടനയുടെ നിയമം വ്യത്യസ്തമാണ്. മുതലാളിമാർ ലക്ഷ്യം വയ്ക്കുന്നത് മൂലധനം പലമടങ്ങ് വർദ്ധിപ്പിക്കാനാണ്. വേറൊരു രീതിയിൽ പറഞ്ഞാൽ മുതലാളി പണവുമായി തുടങ്ങുന്നു, അത് ചരക്കാക്കി മാറ്റുന്നു-ആ ചരക്ക് അവരുടെ സ്വന്തം ഉപഭോഗത്തിനുള്ളതല്ല കമ്പോളത്തിൽ വിറ്റഴിക്കാനുള്ളതാണ്-മുടക്കിയതിനെക്കാൾ കൂടുതൽ പണം കിട്ടുന്ന രീതിയിൽ അത് വിൽക്കുന്നു. അതായത്, കൂടുതൽ പണമുണ്ടാക്കാൻ ഉപയോഗിക്കുന്ന പണമാണ് മൂലധനം. എങ്ങനെയാണ് മുതലാളിമാർ മൂലധനം വർദ്ധിപ്പിക്കുന്നത്? അവർ തൊഴിലാളികളെ പണിക്കേർപ്പെടുത്തുന്നു, അതായത് ഒരു ഉൽപ്പന്നം ഉണ്ടാക്കാനായി ചെലവഴിക്കത്തക്കരീതിയിൽ അദ്ധ്വാനശക്തി വിലയ്ക്ക് വാങ്ങുന്നു. അങ്ങനെ ഉണ്ടാകുന്ന ഉൽപ്പന്നം തൊഴിലാളികൾക്കവകാശപ്പെട്ടതല്ല, അത് മുതലാളി കൈക്കലാക്കുന്നു. തൊഴിലാളികൾ തങ്ങളുടെ അദ്ധ്വാനശക്തിയെ ഒരു ചരക്കെന്നപോലെ മുതലാളിക്കുവിറ്റ് കൂലി വാങ്ങുന്നു. അപ്പോൾ ഉൽപ്പന്നം അദ്ധ്വാനശക്തി കൂടി ഉൾച്ചേർന്ന ഒന്നാകുന്നു. ചെലവഴിക്കപ്പെട്ട അദ്ധ്വാനസമയം ഉൽപ്പന്നത്തിൽ ഘനീഭവിച്ചിരിക്കുന്നു. എന്നാൽ തൊഴിലാളിക്ക് കിട്ടുന്ന കൂലിയാകട്ടെ, അദ്ധ്വാനശക്തിയും അദ്ധ്വാനസമയവും ചെലവഴിച്ചു നിർമ്മിച്ച ഉൽപ്പന്നത്തിന്റെ വിലയുടെ ഒരു ചെറിയ ഭാഗം മാത്രമേ വരുന്നുള്ളൂ. അദ്ധ്വാനശക്തിയും അദ്ധ്വാനസമയവും ചെലവഴിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന 'മിച്ചമൂല്യം' അഥവാ 'കൂലിനൽകാത്ത അദ്ധ്വാനം' ലാഭമായി മുതലാളി കരസ്ഥമാക്കുന്നു. മുതലാളിത്ത ചൂഷണത്തിന്റെ സാരാംശം ഇതാണ്. മിച്ചമൂല്യം കൈവശപ്പെടുത്തുന്ന മുതലാളിത്ത ചൂഷണത്തിന്റെ സിദ്ധാന്തം ആവിഷ്ക്കരിച്ചതിലൂടെ മാർക്സ്, സമ്പദ്ഘടനയും സമൂഹവുമായുള്ള ബന്ധം വെളിവാക്കുകയും മൂലധനത്തെയും കൂലിയെയും ആസ്പദമാക്കിയുള്ള മുതലാളിത്ത ഉൽപ്പാദനബന്ധം ചൂഷണത്തിലും നീതിനിഷേധത്തിലും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു എന്ന് സമർത്ഥിക്കുകയും ചെയ്യുന്നു.

തൊഴിലാളികളുടെ അദ്ധ്വാനശക്തി കൈവശപ്പെടുത്തുന്ന മുതലാളിമാർ ഒരുവശത്ത് ഉൽപ്പന്നങ്ങൾ കുന്നുകൂട്ടുകയും സമ്പത്തിന്റെ കൂമ്പാരം സൃഷ്ടിക്കുകയും ചെയ്യുമ്പോൾ, മറുവശത്ത് സമൂഹത്തിൽ നല്ലൊരു പങ്കിനെ കൂലിവേലക്കാരായ തൊഴിലാളികളാക്കിത്തീർക്കുന്നു എന്ന് മുതലാളിത്ത സമ്പദ്ഘടനയുടെ സത്യാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് മാർക്സ് വിശദീകരിക്കുന്നു. അനേകം വസ്തുതകളും തെളിവുകളും നിരത്തിവച്ചുകൊണ്ടാണ് 'മൂലധന'ത്തിൽ മഹാനായ മാർക്സ് ഇത് സമർത്ഥിക്കുന്നത്. മാർക്സ് പറയുന്നു: "ഭൗതിക സമ്പത്തിന്റെ ഉറവിടം അദ്ധ്വാനംമാത്രമല്ല. അതായത് ഉപയോഗമൂല്യം സൃഷ്ടിക്കുന്നത് അതുമാത്രമല്ല...ഭൗതികസമ്പത്തിന്റെ പിതാവാണത്. ഭൂമിയാണ് അമ്മ. മൂലധനം മൃതമായ അദ്ധ്വാനമാണ്. ജീവത്തായ അദ്ധ്വാനത്തിന്റെ ചോര ഊറ്റിക്കുടിക്കുന്ന യക്ഷിയാണത്. ചോര കുടിക്കാൻ കിട്ടുന്ന അദ്ധ്വാനത്തിനനുസരിച്ചാണ് അതിന്റെ ആയുസ്സ്. തൊഴിലാളി എത്ര സമയം അദ്ധ്വാനിക്കുന്നോ അത്രയും സമയത്തെ അദ്ധ്വാനശക്തിയാണ് മുതലാളി അയാളിൽനിന്ന് വിലയ്ക്ക് വാങ്ങിയിരിക്കുന്നത്." ഇത് വിശദീകരിക്കാനായി ഉൽപ്പാദനത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും ചില ആന്തരിക വശങ്ങൾ അദ്ദേഹം ചർച്ച ചെയ്യുന്നു. മനുഷ്യന്റെ ആവശ്യകതകൾ പൂർത്തീകരിക്കാനുള്ള ഉപാ

(ശേഷം 4-ാം പേജിൽ)

> **ചൂഷകരും ചൂഷിതരും എന്ന നിലയിൽ വിരുദ്ധ താൽപര്യങ്ങളോടെ നിലകൊള്ളുന്ന വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ നിലവിലുള്ള ഉൽപ്പാദനബന്ധം, ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ തക്കവണ്ണമുള്ള ഉൽപ്പാദനശക്തികളുടെ അനസ്യൂതമായ വികാസത്തിന്, പ്രതിബന്ധമായിത്തീരുന്നു. ചൂഷകർ അഥവാ ഭരണവർഗ്ഗം നിലവിലുള്ള ഉൽപ്പാദനവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതിരിക്കാൻ ശ്രമിക്കുമ്പോൾ, ചൂഷിതർ അതിനെ മാറ്റിത്തീർക്കാനാണ് പരിശ്രമിക്കുന്നത്.**

# കൊലപാതക രാഷ്ട്രീയത്തിന് അറുതി വരുത്തണം ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹത്വം വീണ്ടെടുക്കണം

**രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും നമ്മുടെ സംസ്ഥാനത്ത് പതിറ്റാണ്ടുകളായി സംഭവിക്കുന്നുണ്ട്. അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. പാർട്ടി പ്രവർത്തകർ തമ്മിലുണ്ടാകുന്ന ഏറ്റുമുട്ടലുകളിൽനിന്നുള്ള ജീവഹാനികളായിരുന്നു അവയിൽ മിക്കതും. എന്നാൽ ഏതാനും വർഷങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് കൊലയാളി സംഘങ്ങളുടെ വിളയാട്ടമാണ്. പഴയതുപോലെ ചാവേറുകളാകാൻ പാർട്ടി പ്രവർത്തകരെ കിട്ടാത്തതും ഭയാനകമായ തൊഴിലില്ലായ്മമൂലം കൂലിക്കൊലയാളി സംഘങ്ങൾ സുലഭമായിട്ടുള്ളതും ഇതിന് കാരണമാകാം. എന്തായാലും രാഷ്ട്രീയ രംഗത്തെ മൂല്യത്തകർച്ചയുടെ ഏറ്റവും ബീഭത്സമായ മുഖമാണ് നാമിന്ന് കാണുന്നത്.**

രാഷ്ട്രീയ പ്രതിയോഗികളുടെ തലവെട്ടുക, കാൽരണ്ടുംവെട്ടി ശേഷിക്കുന്ന കാലം വീൽചെയറിലാക്കുക, വീടുകളും സ്ഥാപനങ്ങളും ആക്രമിക്കുക, തീവയ്പ് നടത്തുക, ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം ഉണ്ടാക്കുക, മുറിവേറ്റവർക്ക് വൈദ്യശുശ്രൂഷ നിഷേധിക്കുക, ഊരുവിലക്ക് ഏർപ്പെടുത്തുക, സമൂഹമാധ്യമങ്ങൾവഴി താറടിക്കുക, നിരപരാധികളുടെമേൽ കുറ്റം ചുമത്തുക, കള്ളക്കേസിൽ കുടുക്കുക തുടങ്ങി ശത്രുപക്ഷത്തിനായി തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ നിരവധിയാണ്. കൊലയാളികൾക്ക് പണവും വാഹനങ്ങളും ഏർപ്പാടാക്കുക, ഒളിസങ്കേതമൊരുക്കുക, ഡമ്മി പ്രതികളെ നൽകുക, ആശ്രിതർക്ക് മാസംതോറും പണം എത്തിക്കുക, ജയിൽനിയമങ്ങൾ കാറ്റിൽ പറത്തി സുഖവാസം ഉറപ്പാക്കുക, ആവശ്യാനുസരണം പരോൾ അനുവദിക്കുക തുടങ്ങി സ്വന്തം പക്ഷത്തിന്റെ ആവശ്യങ്ങൾക്കും കുറ്റമറ്റ സംവിധാനങ്ങൾ ഉണ്ട്. ഇതുകൂടാതെ കേസ് നടത്താനുള്ള കോടികൾ നാട്ടുകാരെ പിഴിഞ്ഞെടുക്കുകയോ 'വേണ്ടപ്പെട്ടവരി'ൽനിന്ന് തരപ്പെടുത്തുകയോ ഖജനാവിൽനിന്ന് പലതരത്തിൽ വസൂലാക്കുകയോ ചെയ്യും. അതുകൊണ്ടുതന്നെ ഈ ചോരക്കളിക്ക് ഉടനെയൊന്നും ശമനമുണ്ടാകാൻ സാദ്ധ്യതയില്ല. അക്രമം പാർട്ടി പ്രവർത്തനത്തിന്റെ അഭേദ്യഭാഗമായിക്കഴിഞ്ഞിരിക്കുന്നു.

കേരളത്തിൽ കണ്ണൂർ ജില്ലയാണ് കൊലപാതകരാഷ്ട്രീയത്തിന്റെ ആസ്ഥാനം. സിപിഐഎം-ആർഎസ്എസ് സംഘട്ടനങ്ങൾ ഇവിടെ തുടർക്കഥയാണ്. രണ്ട് ക്രിമിനൽ സംഘങ്ങളുടെ ഏറ്റുമുട്ടൽ എന്ന നിലയിലേ ഇന്ന് സമൂഹം ഇതിനെ കാണുന്നുള്ളൂ. മറ്റാരെങ്കിലും ഇവരുടെ കൊലക്കത്തിക്ക് ഇരയാകുമ്പോഴാണ് ജനങ്ങളിൽ പ്രതിഷേധവും രോഷവും ഉയരുന്നത്. ടിപി ചന്ദ്രശേഖരൻ വധം കേരളത്തിൽ കോളിളക്കം ഉണ്ടാക്കിയത് ഇക്കാരണത്താലാണ്. യൂത്ത് കോൺഗ്രസ് മട്ടന്നൂർ മണ്ഡലം സെക്രട്ടറി ഷുഹൈബ് കൊല്ലപ്പെട്ടപ്പോഴും വ്യാപകമായ പ്രതിഷേധം ഉയർന്നു.

ഷുഹൈബ് വധം കഴിഞ്ഞപ്പോഴും പതിവുപോലെ പാർട്ടിക്ക് പങ്കില്ലെന്ന പല്ലവി ആവർത്തിച്ചു. എന്നാൽ പതിവില്ലാത്തവണ്ണം കോൺഗ്രസ്സ് സമരവുമായി ഇറങ്ങി. ശല്യം സഹിക്കവയ്യാതായപ്പോൾ ആരെയെങ്കിലും അറസ്റ്റ് ചെയ്തേ മതിയാകൂ എന്നായി. അങ്ങനെ പിടിയിലായവരെല്ലാം സിപിഐ(എം)കാർ തന്നെ. പാർട്ടി ഒരുക്കിയ ഒളിത്താവളത്തിൽ സ്വസ്ഥമായി കഴിയുമ്പോൾ പോലീസ് പിടികൂടിയതാണെന്നും അതല്ല നേതാക്കൾ പോലീസ് സ്റ്റേഷനിൽ എത്തിച്ചതാണെന്നും പറഞ്ഞു കേൾക്കുന്നുണ്ട്. എന്തായാലും അറസ്റ്റ് അപ്രതീക്ഷിതമായിരുന്നു. പാർട്ടിക്കുവേണ്ടിയാണ് കൊല നടത്തിയത് എന്നും ഡമ്മി പ്രതികളെ നൽകുമെന്ന് ഉറപ്പുനൽകിയിരുന്നുവെന്നും പിടിയിലായവർ പോലീസിന് മൊഴി നൽകിയിട്ടുണ്ട്. അറസ്റ്റ് സിപിഐഎം കണ്ണൂർ ജില്ലാ നേതൃത്വത്തെ അലോസരപ്പെടുത്തിയിട്ടുണ്ട് എന്നത് ജില്ലാ സെക്രട്ടറിയുടെ വാക്കുകളിൽനിന്നുതന്നെ വ്യക്തമാണ്. പോലീസ് പലരെയും പ്രതിയാക്കും, അവർ കുറ്റക്കാരാണോ എന്ന് പാർട്ടി പരിശോധിക്കും, കുറ്റക്കാരാണ് എന്ന് കണ്ടെത്തിയാൽ മാത്രമേ നടപടിയെടുക്കൂ എന്നാണ് സെക്രട്ടറി പറഞ്ഞത്. നിയമവാഴ്ചയെ പരസ്യമായി വെല്ലുവിളിക്കലായിരുന്നു ഇത്. പോലീസ് വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രിക്ക് ഇത് രസിക്കാതിരുന്നത് സ്വാഭാവികം മാത്രം. പ്രതികളെ കണ്ടെത്തേണ്ട പണി പാർട്ടി ചെയ്യേണ്ട, അത് പോലീസ് ചെയ്തുകൊള്ളും എന്ന് ശാസനാരൂപത്തിൽ സംസ്ഥാന സെക്രട്ടറിക്ക് പറയേണ്ടിവന്നത് അതുകൊണ്ടാണ്. എന്തായാലും സിപിഐ(എം)നുള്ളിൽ ഇക്കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ടെന്ന് വ്യക്തമാണ്.

അക്രമം പാർട്ടിയുടെ നയമല്ലെന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായെങ്കിൽ പരിശോധിക്കുമെന്നും ജനറൽ സെക്രട്ടറി സംസ്ഥാന സമ്മേളനത്തിൽ തുറന്നടിച്ചത് അദ്ദേഹത്തിന് അക്രമത്തോട് എന്തെങ്കിലും വിയോജിപ്പ് ഉള്ളതുകൊണ്ടല്ല. കോൺഗ്രസ്സ് ബാന്ധവത്തിനുവേണ്ടിയുള്ള നീക്കങ്ങൾക്ക് കേരളനേതാക്കൾ തുരങ്കം വച്ചതിനുള്ള പ്രതികാരമായിരുന്നു അത്. സമ്മേളനപ്രതിനിധികളിൽ പലരും അക്രമത്തിനെതിരെ അഭിപ്രായം പറഞ്ഞു. സംസ്ഥാന സെക്രട്ടറിയുടെ മക്കൾ വിദേശത്തു നടത്തുന്ന അവിഹിതബിസിനസ്സുകളും പണമിടപാടുകളും സംബന്ധിച്ച് നടത്തിയ അഭിപ്രായപ്രകടനത്തിലും ജനറൽ സെക്രട്ടറി കേരള നേതൃത്വത്തെ വിശ്വാസത്തിലെടുത്തില്ല.

കണ്ണൂരിൽ നടന്ന സമാധാന യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത നിയമമന്ത്രിയും സിപിഐ(എം) നേതാവുമായ എ.കെ.ബാലൻ സിബിഐ അന്വേഷണത്തോട് സർക്കാരിന് വിയോജിപ്പില്ല എന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ സിബിഐ അന്വേഷണം എന്ന പ്രശ്നമേ ഉദിക്കുന്നില്ല എന്നാണ് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. പ്രതികളെ രക്ഷിക്കാനുള്ള തത്രപ്പാടാണ് ഈ മലക്കം മറിച്ചിലിനുപിന്നിൽ എന്ന് വ്യക്തം. പിന്നീട് ഒരു ഘട്ടത്തിൽ സിബിഐ അന്വേഷണം വേണ്ടിവന്നാൽത്തന്നെ അപ്പോഴേയ്ക്കും തെളിവുകളെല്ലാം നശിപ്പിച്ച് ഗൂഢാലോചന നടത്തിയ നേതാക്കളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യാം. കൃത്യം നടന്ന് ഒരാഴ്ചയായിട്ടും, ചില പ്രതികൾ അറസ്റ്റിലായിട്ടും, കൃത്യം നടത്തിയ ആയുധങ്ങൾ കണ്ടെത്താഞ്ഞത് കോടതിയുടെ വിമർശനത്തിന് ഇടയാക്കിയിരുന്നു.

ഈ സർക്കാർ അധികാരം ഏറ്റശേഷം കണ്ണൂർ ജില്ലയിൽ വിവിധ തലങ്ങളിലായി 218 സമാധാന യോഗങ്ങൾ നടന്നു കഴിഞ്ഞു. ഇതിനിടയിലും നടന്നു 10 കൊലപാതകങ്ങൾ. സമാധാനയോഗങ്ങൾ പ്രഹസനങ്ങളാണ് എന്നതിന് ഇതിൽപ്പരം തെളിവ് ആവശ്യമുണ്ടോ? പരസ്പരമുള്ള പഴിചാരൽ മാത്രമാണ് ഇത്തരം യോഗങ്ങളിൽ നടക്കുന്നത്. ആരും കുറ്റം സമ്മതിക്കില്ല. റെയ്ഡ് നടത്തുകയില്ല. സർവ്വകക്ഷി സംഘം കൊല്ലപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിക്കുകപോലുമില്ല. ആദ്യമായി ആയുധമെടുക്കില്ലെന്ന് പ്രഖ്യാപിക്കാൻപോലും ആരും ഒരുക്കമല്ല. സംഘർഷരഹിത കണ്ണൂരാണ് ലക്ഷ്യമെന്ന് ഗീർവ്വാണം മുഴക്കിയത് മുഖ്യമന്ത്രി തന്നെയാണ്. എന്നിട്ടോ? ഒരു വർഷം തികയുന്നതിന് മുമ്പ് സ്വന്തം പാർട്ടിക്കാർതന്നെ അടുത്ത കൊലപാതകം നടത്തി.

സിപിഐ(എം) അക്രമത്തിനെതിരെ അഖിലേന്ത്യ തലത്തിൽ പ്രചാരണവും ഒപ്പം അൽപ്പം വിരട്ടലുമൊക്കെ നടത്തിവരികയാണ് ബിജെപി. കണ്ണൂർ അക്രമങ്ങളിൽ റണ്ണർ അപ് ആണ് ഇവർ. രാജ്യവ്യാപകമായി അക്രമങ്ങളും കൊലപാതകങ്ങളും അനസ്യൂതം നടത്തുന്നവർ. പശു സംരക്ഷണമെന്നും ലൗജിഹാദ് എന്നുംമറ്റും പറഞ്ഞുകൊണ്ടാണ് ഇതെല്ലാം കാട്ടിക്കൂട്ടുന്നത്. സ്വതന്ത്രമായ അഭിപ്രായപ്രകടനത്തോടുള്ള അസഹിഷ്ണുതമൂലം തലയെടുപ്പുള്ള എത്ര വ്യക്തിത്വങ്ങളെയാണ് ഇവർ കൊന്നു തള്ളിയത്. ഈ ഭീകരസംഘങ്ങൾക്ക് അക്രമവിരുദ്ധ പ്രചാരണം നടത്തി സമാധാനപ്രേമി ചമയാൻ അവസരം ഒരുക്കുന്ന സിപിഐ(എം)ന്റെ രാഷ്ട്രീയ പാപ്പരത്തം അപാരംതന്നെ.

ക്വട്ടേഷൻ സംഘങ്ങൾ രംഗം കയ്യടക്കുന്നതോടെ പാർട്ടി നിയന്ത്രണത്തിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ പോകുന്നതിന്റെ ലക്ഷണവും കണ്ടുതുടങ്ങിയിട്ടുണ്ട്. ഇത് വൻവിപത്തുകൾ ക്ഷണിച്ചുവരുത്തും. ഇപ്പോൾത്തന്നെ സംസ്ഥാനത്തെ ക്രമസമാധാനനില ആശങ്കാജനകമാണ്. കവി കുരീപ്പുഴ ശ്രീകുമാറിനെ പരസ്യമായി കയ്യേറ്റം ചെയ്യാൻ ആർഎസ്എസുകാർ മുതിർന്നു. ഒരു ചിത്രകാരന്റെ മൃതദേഹം പൊതു ദർശനത്തിന് വയ്ക്കുന്നതിന് എതിരെ പിന്തിരിപ്പൻമാർ ഉറഞ്ഞു തുള്ളി. സഹോദരന്റെ കസ്റ്റഡി മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം എന്നാവശ്യപ്പെട്ട് ഒരു യുവാവ് രണ്ടുവർഷത്തിലേറെയാണ് സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തിയത്. ജയിലിലെ കാര്യം പറയാതിരിക്കുകയാണ് ഭേദം. കുറ്റവാളികളെ തെറ്റുതിരുത്തി മാന്യമായ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനാണ് ജയിൽശിക്ഷ നൽകുന്നത്. ശിക്ഷാകാലയളവിൽ അവരെ സമൂഹത്തിൽ നിന്ന് അകറ്റി നിൽത്തുന്നു. എന്നാൽ ഈ പ്രക്രിയ തന്നെ അട്ടിമറിക്കപ്പെടുകയാണ്. ജയിലിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം കരാർ ജോലിക്കാരെ ചുമതല ഏൽപ്പിക്കേണ്ടിവരുന്നു. നിയമം നടപ്പിലാക്കാൻ ഇവർക്ക് ഭയമാണ്. ജീവൻ അപകടത്തിലാകും എന്നാണ് ഇവർ പറയുന്നത്. ഫലത്തിൽ എല്ലാ കാര്യങ്ങളും ഭരണകക്ഷിവക ക്രിമിനലുകൾ തീരുമാനിക്കും. സമൂഹം കുറ്റവാളികളെക്കൊണ്ടുനിറയുമോ എന്ന് സാധാരണക്കാർ ഭയപ്പെടുകയാണ്. അ

(ശേഷം 5-ാം പേജിൽ)

## മാർക്സിന്റെ 'മൂലധനം'...

(3-ാം പേജിൽ നിന്ന്)

ധികളാണ് ചരക്കുകൾ. ഒരു ചരക്കിന്റെ മൂല്യം അളക്കാനുള്ള അടിസ്ഥാനമാനദണ്ഡം അതിന് എത്രത്തോളം ഉപയോഗമുണ്ട് എന്നതാണ്. ഇതിന് 'ഉപയോഗമൂല്യം' എന്നു പറയുന്നു. ഇത് ഒരു ചരക്കിൽ അന്തർലീനമായിരിക്കുന്നു. ചരക്കുകൾക്ക് ഒരു 'വിനിമയമൂല്യം' കൂടിയുണ്ട്. ഇത് ചരക്കിൽ ഉൾച്ചേർന്നിരിക്കുന്നതല്ല. മറ്റ് ചരക്കുകളുമായുള്ള കൈമാറ്റത്തിൽ ഒരു ചരക്കിന് കൈവരുന്ന സാപേക്ഷിക മൂല്യമാണത്. കമ്പോളത്തിലെ മൂല്യം എന്ന് ലളിതമായി പറയാം. ഈ മൂല്യം എവിടെ നിന്നു വരുന്നു എന്നതാണ് അടിസ്ഥാന പ്രശ്നം. വ്യത്യസ്ത ഉപയോഗമൂല്യമുള്ള ചരക്കുകൾ ഒരേ യൂണിറ്റ് വച്ച് അളക്കാൻ കഴിയുമോ? ഈ ചോദ്യത്തിന് അദ്ദേഹം നൽകിയ ഉത്തരം, വ്യത്യസ്ത ഉപയോഗമൂല്യമുള്ള ചരക്കുകൾക്ക് പൊതുവായുള്ളത് അവയുടെ നിർമ്മാണത്തിന് ആവശ്യമായ അദ്ധ്വാനസമയം മാത്രമാണ് എന്നത്രേ! അതിനാൽ കൈമാറ്റം ചെയ്യുമ്പോൾ അവയുടെ മൂല്യം അളക്കാൻ ഇതുമാത്രമേ മാനദണ്ഡമാക്കാൻ കഴിയൂ. ഒരു ചരക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ അദ്ധ്വാനം അതേപടി അത് പ്രതിഫലിപ്പിക്കുന്നില്ല. നേരെമറിച്ച് എന്തുതരം സാമൂഹ്യ ഉൽപ്പാദനബന്ധങ്ങൾക്കകത്താണ് അദ്ധ്വാനം നടന്നത് എന്നാണ് അത് വെളിവാക്കുന്നത്. ഒരു മുതലാളിത്ത സമൂഹത്തിൽ ഒരു ചരക്കിന്റെ ഗുണം അല്ലെങ്കിൽ മൂല്യം നിർണ്ണയിക്കുന്നത് കൈമാറ്റത്തിലുള്ള മാധ്യമം അഥവാ വില അടിസ്ഥാനമാക്കി മാത്രമാണ് എന്നുള്ളതുകൊണ്ട് അദ്ധ്വാനത്തിന്റെ സാമൂഹ്യവശങ്ങൾ പ്രകടമാക്കപ്പെടുന്നില്ല. ഉൽപ്പാദനവും കൈമാറ്റവും സാമൂഹിക സംവിധാനങ്ങൾ ആണെന്നും അതുകൊണ്ടുതന്നെ അതിന്റെ സംഘാടനം സാമൂഹികമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നും മാർക്സ് ചൂണ്ടിക്കാണിക്കുന്നു. മുതലാളിത്തത്തിൽ ഉൽപ്പാദനോപാധികളുടെ(ഫാക്ടറികൾ, മെഷീനുകൾ, അസംസ്കൃതവസ്തുക്കൾ) ഉടമസ്ഥർ മുതലാളിമാരാണ്. അവർ ലാഭം ഉണ്ടാക്കാനായി 'അദ്ധ്വാനശക്തി' കൈവശപ്പെടുത്തുന്നു. ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതും ചൂഷകരും ചൂഷിതരുമായ വർഗ്ഗങ്ങൾക്കിടയിൽ ശത്രുത ഉളവാക്കുന്നതുമായ ഒരു സാമൂഹ്യ പ്രക്രിയയെ ആണ് ചരക്കുൽപ്പാദനമെന്ന് മാർക്സ് പറയുന്നത്. ബൂർഷ്വാ സാമ്പത്തിക ശാസ്ത്രം ഇക്കാര്യം പരിഗണിക്കുന്നേയില്ല. അവരുടെ വ്യാഖ്യാനത്തിൽ സാമ്പത്തിക ശാസ്ത്രവും ചരക്കിന്റെ ഉൽപ്പാദനവും വിനിമയവുമൊക്കെ പണത്തിന്റെ ഇടപാടുമാത്രമാണ്. സഹജമായിത്തന്നെ ചൂഷണാധിഷ്ഠിതമായ കൂലിവേല എന്ന സംവിധാനത്തിലൂടെയാണ് ചരക്ക് ഉണ്ടാകുന്നത് എന്ന വസ്തുത ഇവിടെ സൗകര്യപൂർവ്വം മൂടിവയ്ക്കപ്പെടുകയാണ്. മാർക്സിന്റെ മിച്ചമൂല്യസിദ്ധാന്തത്തിന്റെ സാരാംശം ഇതാണ്.

മുതലാളിത്ത ചൂഷണത്തിന്റെ സാമ്പത്തിക വശത്തെ സംബന്ധിച്ച് ഒരു ഉൾക്കാഴ്ച മാർക്സ് പ്രദാനം ചെയ്യുന്നുണ്ട്. മനുഷ്യന്റെ നിലനിൽപ്പിന് ഉൽപ്പാദനം അവശ്യോപാധിയാണ്. എന്നാൽ മുതലാളിത്ത ഉൽപ്പാദനരീതി ചൂഷണത്തിലും അനീതിയിലും അടിസ്ഥാനപ്പെടുത്തിയുള്ളതാകയാൽ മുതലാളിത്ത വ്യവസ്ഥതന്നെ അനീതിയിലധിഷ്ഠിതമാണെന്ന് മാർക്സ് പറയുന്നു. സമൂഹത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ തക്കവണ്ണം ഉൽപ്പാദനശക്തികൾ വികാസം പ്രാപിക്കേണ്ടതുണ്ട് എന്നിരിക്കെ, മുതലാളിത്ത സമൂഹത്തിലെ മുതലാളി-തൊഴിലാളി ഉൽപ്പാദനബന്ധം അതിന് വിലങ്ങുതടിയായി മാറുകയാണ്. ചൂഷണവാഴ്ചയെ അടിസ്ഥാനപ്പെടുത്തിയ മുതലാളിത്ത വ്യവസ്ഥയാണ് സാമൂഹ്യവൈരുദ്ധ്യത്തിന്റെ, കൃത്യമായി പറഞ്ഞാൽ വർഗ്ഗവൈരുദ്ധ്യത്തിന്റെ ഉറവിടം. ഇത് മുതലാളിത്തവ്യവസ്ഥയുടെതന്നെ തകർച്ചയിലേയ്ക്കും മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിന് അന്ത്യം കുറിക്കുന്നതിലേയ്ക്കും അനിവാര്യമായും നയിക്കുന്നു. വർഗ്ഗ വിഭജനം ഇല്ലാതാക്കപ്പെടുന്നതോടെ അവശ്യോപാധികൾ പൂർത്തീകരിച്ചുകൊണ്ട് സമൂഹം ക്രമേണ, വർഗ്ഗരഹിതവും ചൂഷണമുക്തവുമായ കമ്മ്യൂണിസ്റ്റ് സമൂഹത്തിലേയ്ക്ക് ആത്യന്തികമായി പരിവർത്തനം ചെയ്യപ്പെടും. മഹാനായ മാർക്സിന്റെ 134-ാമത് ചരമവാർഷികവും തുടർന്ന് 200-ാം ജന്മവാർഷികവും ആചരിക്കപ്പെടുന്ന ഈ വേളയിൽ 'മൂലധനം' എന്ന അദ്ദേഹത്തിന്റെ വിഖ്യാത കൃതിയുടെ ചില സുപ്രധാനവശങ്ങൾ നാം ഒരിക്കൽക്കൂടി അനുസ്മരിക്കുകയാണ്●

# മദ്യലോബിയുടെ സ്വന്തം ഇടതു സർക്കാർ

മദ്യലോബിക്കുവേണ്ടി ഇടതുമുന്നണി സർക്കാർനടത്തിക്കൊണ്ടിരിക്കുന്ന നിയമപോരാട്ടങ്ങൾ മൂന്നുവർഷം തികയുമ്പോൾ, സുപ്രീംകോടതിയുടെ മുൻഉത്തരവുകളെത്തുടർന്ന് അടച്ചുപൂട്ടിയ മദ്യശാലകൾ ബഹുഭൂരിപക്ഷവും തിരിച്ചുവരുന്നു കേരളത്തിൽ. അതും സുപ്രീംകോടതിയുടെതന്നെ മറ്റൊരു വിധിപ്രകാരം.

ദേശീയ, സംസ്ഥാനപാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളുടെ പദവി നിർണ്ണയിച്ച് മദ്യഷാപ്പുകൾ തുറക്കാൻ സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാം എന്ന സുപ്രീംകോടതിയുടെ ഉത്തരവ് ഏതാണ്ട് 500 കള്ളുഷാപ്പുകൾ തുറക്കാൻ വഴിയൊരുക്കും.

ദൂരപരിധി നിയമത്തെ തുടർന്ന് പൂട്ടിയ 150ഓളം ബിയർ-വൈൻ പാർലറുകളും 5 ബാറുകളും ഈ ഉത്തരവിലൂടെ തുറക്കപ്പെടും. ഫലത്തിൽ ഒരിടവേളയ്ക്കുശേഷം കേരളത്തിൽ വീണ്ടും മദ്യം മദിച്ചൊഴുകും. സാംസ്കാരിക കേരളത്തിന്റെ തകർച്ച പൂർണ്ണമാകും. ദേശീയ സംസ്ഥാനപാതയോരത്ത് 500 മീറ്റർ പരിധിയിൽ മദ്യശാലകൾ നിരോധിച്ചുകൊണ്ട് 2016 ൽ സുപ്രീംകോടതി നടത്തിയ വിധി നിലനിൽക്കവേയാണ് പുതിയ വിധി വന്നിരിക്കുന്നത്.

സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് യുഡിഎഫ് സർക്കാർ രണ്ടുഘട്ടങ്ങളിലായി 782 ബാറുകൾ അടച്ചുപൂട്ടിയിരുന്നു. സംസ്ഥാന, ദേശീയ പാതയോരത്തെ മദ്യശാലകൾക്കും പൂട്ടുവീണപ്പോൾ കള്ളുഷാപ്പുകളും വിദേശമദ്യശാലകളുമടക്കം നിരവധി സ്ഥാപനങ്ങൾ അപ്രത്യക്ഷമായി. കേരളീയ സമൂഹത്തെ തെല്ലൊന്നുമല്ല അത് ആശ്വസിപ്പിച്ചതെങ്കിലും രാഷ്ട്രീയനേതൃത്വത്തിന് വിശേഷിച്ചും ഇടതുനേതൃത്വത്തിന് കാര്യങ്ങൾ തൃപ്തികരമായിരുന്നില്ല. യുഡിഎഫിനാകട്ടെ അവർ അധികാരത്തിലിരുന്ന സാഹചര്യമായതുകൊണ്ട് ഇറക്കാനും വയ്യ തുപ്പാനും വയ്യ എന്ന നിലയിലായിരുന്നു.

എന്നാൽ മദ്യനിരോധനം വലിയ കുഴപ്പങ്ങൾക്ക് കാരണമാകുമെന്നും വർജ്ജനമാണ് ഉത്തമം എന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഇടതുമുന്നണി കോടതിവിധിക്കെതിരെ രംഗത്തുവന്നു. അധികാരത്തിൽവന്നതിനുശേഷം പൂട്ടിയതെല്ലാം തുറപ്പിക്കാൻ പ്രതിജ്ഞയെടുത്ത് രംഗത്തിറങ്ങി.

നാടെമ്പാടും മദ്യശാലകൾക്കെതിരെ സ്ത്രീകളുടെയും കക്ഷിഭേദമെന്യേ ബഹുജനങ്ങളുടെയും മുൻകൈയിൽ നടന്ന സമരങ്ങളെ തരിമ്പും പരഗണിക്കാതെ, കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തെയും കുഞ്ഞുങ്ങളെയും തെല്ലും പരിഗണിക്കാതെ മദ്യനയം പ്രഖ്യാപിച്ചു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകും. സ്റ്റാർ പദവിയുള്ള ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യാം. ഔട്ട്ലെറ്റുകളുടെ എണ്ണം കുറയ്ക്കില്ല. വിരുന്നു സൽക്കാരങ്ങളിൽ മദ്യം വിളമ്പാം. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകളിലും ആഭ്യന്തര ലോഞ്ചുകളിലും മദ്യം ലഭ്യമാക്കും. ഇങ്ങനെ ഉദാരമായാണ് തുടങ്ങിയത്. അതോടെ ബാർ മുതലാളിമാർ ഉത്സാഹഭരിതരായി.

ത്രീ-ഫോർ സ്റ്റാർ പദവിയുള്ള 150 ബാറുകളും 585 ബിയർ-വൈൻ പാർലറുകളും അങ്ങനെ തുറന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പില്ലാ രേഖ ഒഴിവാക്കി. പഞ്ചായത്തീരാജ്-നഗരപാലികാ നിയമത്തിൽ ഭേദഗതി വരുത്തി. കള്ള്, ബിയർ, വൈൻ ഇവയൊന്നും മദ്യമല്ല എന്ന് വാദിച്ച് സുപ്രീംകോടതിയിൽപോയി.

ടൂറിസം മേഖലയെയും തൊഴിൽപോയ തൊഴിലാളികളെയും നോക്കി മുതലക്കണ്ണീരൊഴുക്കി. സർക്കാരിന് മറ്റ് മേഖലകളിലെ തകർച്ചകളൊന്നും ഗൗരവമുള്ളതായി തോന്നിയതേയില്ല.

മദ്യം കുത്തിയൊഴുക്കാൻ തീരുമാനിച്ചതിനു പിന്നിൽ സർക്കാർ ഉയർത്തുന്ന വാദഗതികൾ ദുർബ്ബലങ്ങളാണ് എന്നു മാത്രമല്ല, ജനവിരുദ്ധവും സാമൂഹ്യവിരുദ്ധവുമാണ്. എന്നിട്ടും നിർബന്ധബുദ്ധിയോടെ എന്തിന് നീങ്ങുന്നു എന്നതിനുള്ള ഉത്തരം മദ്യലോബിയോടുള്ള ഭക്തിയും അവർ നൽകിയ കിഴിയോടുള്ള കൂറും മാത്രമാണ്.

ഈ വിപത്തിനെതിരെ സാമൂഹ്യനന്മയും സമാധാനവും സുരക്ഷയും കാംക്ഷിക്കുന്ന ജനങ്ങൾ ഒന്നാകെ വീറുറ്റ സമരപാതയിൽ അണിനിരണം. മദ്യവിരുദ്ധ ജനകീയ സമരസമിതികൾക്ക് രൂപംകൊടുത്തുകൊണ്ട് കൂടുതലുയർന്ന തലത്തിലേയ്ക്ക് പ്രക്ഷോഭം വളർത്തിയെടുക്കേണ്ടതുണ്ട് ●

# കൊലപാതക രാഷ്ട്രീയം...

*(4-ാം പേജിൽ നിന്ന്)*

ന്വേഷണവിവരങ്ങൾ പോലീസ്തന്നെ ചോർത്തുന്നുവെന്ന് കണ്ണൂർ എസ്പി ഡിജിപിയ്ക്ക് പരാതി നൽകേണ്ടിവന്നതും സാഹചര്യം എത്രത്തോളം ഗുരുതരമാണ് എന്നതിന്റെ സൂചനയാണ്.

അട്ടപ്പാടിയിൽ ഒരു ആദിവാസി യുവാവ് അതിദാരുണമായി കൊല്ലപ്പെട്ടത് സംസ്ഥാനത്തെയാകെ നാണം കെടുത്തിയ സംഭവമായിരുന്നു. ആൾക്കൂട്ടം നിയമം കൈയിലെടുക്കുമ്പോൾ നിയമവാഴ്ചതന്നെ അസ്തമിക്കുകയാണ്. പരമദരിദ്രനും മാനസിക രോഗിയും നിസ്സഹായനുമായ ഒരു യുവാവിനെയാണ് ഒരു പിടി അരി മോഷ്ടിച്ചു എന്നു പറഞ്ഞ് ഒരു കൂട്ടം ആളുകൾ തല്ലിക്കൊന്നത്. ഒമ്പതുവർഷം കാട്ടിൽ കഴിഞ്ഞിട്ടും അയാളുടെ ജീവന് ഒരു ഭീഷണിയും ഉണ്ടായില്ല. പരിഷ്കൃതർ എന്നവകാശപ്പെടുന്നവരുടെ കൈയിൽ കിട്ടിയതോടെ ഏറ്റവും നിന്ദ്യമായ രീതിയിൽ അയാൾ കൊല്ലപ്പെട്ടു. ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്തവരും അനാഥരുമായ അനേകം പേരാണ് ഇങ്ങനെ ആദിവാസി ഊരുകളിലും കാടുകളിലുമായി കഴിഞ്ഞുകൂടുന്നത്. ആദിവാസികളെ ചൂഷണം ചെയ്യുന്നവരും അവരുടെ പേരിൽ ഖജനാവ് കൊള്ളയടിക്കുന്നവരും ഇതൊന്നും കണ്ടതായേ ഭാവിക്കുന്നില്ല.

പോലീസിന്റെ കക്ഷിരാഷ്ട്രീയവത്ക്കരണം ഭരണപരമായ നിഷ്പക്ഷത കാറ്റിൽ പറത്തുകയാണ്. ജനാധിപത്യ സ്ഥാപനങ്ങൾ പിടിച്ചെടുത്തും ജനാധിപത്യ സമ്പ്രദായങ്ങൾ അട്ടിമറിച്ചും ഫാസിസ്റ്റ് ഭീകരവാഴ്ചയിലേയ്ക്ക് രാജ്യത്തെ വലിച്ചിഴയ്ക്കുകയാണ് സംഘപരിവാർ ശക്തികൾ. ഇതിന് ബദലാകേണ്ടവർ ആ ഹീനപദ്ധതികൾക്ക് ആക്കം വർദ്ധിപ്പിക്കുന്ന ചെയ്തികൾ നിരന്തരം ചെയ്തുകൊണ്ടേയിരിക്കുന്നു.

സഹോദരിയെ ശല്യം ചെയ്തത് ചോദ്യം ചെയ്ത ഒരു യുവാവ് അക്രമികളുടെ മർദ്ദനമേറ്റ് മരിച്ചത് അടുത്തിടെയാണ്. സ്വതന്ത്രമായി സഞ്ചരിക്കാനും സംസാരിക്കാനും പോലും യുവാക്കളെ അനുവദിക്കാത്ത സദാചാരപോലീസ് സംഘങ്ങളും സംസ്ഥാനത്ത് വളർന്ന് വരികയാണ്. മദ്യത്തിന്റെ വ്യാപനം, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, മന്ത്രിതലത്തിൽവരെയുള്ള അഴിമതിയും സ്വജനപക്ഷപാതവും, ഭൂമി കൈയേറ്റങ്ങൾ, നിയമലംഘനങ്ങൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത തിന്മകൾക്കുപുറമേയാണ് രാഷ്ട്രീയത്തിന്റെ കുറ്റവത്ക്കരണം എന്ന പ്രഹരംകൂടി സമൂഹത്തിന് താങ്ങേണ്ടിവരുന്നത്. ഇടതുപക്ഷം എന്ന് അവകാശപ്പെടുന്നവർ ഇടതുപക്ഷ ധർമ്മം പാടേ വെടിഞ്ഞത് സമൂഹത്തിൽ ഒരു ധാർമ്മികപ്രതിസന്ധിതന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മുതലാളിത്തചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ പണിയെടുത്ത് ജീവിക്കുന്നവന്റെ രാഷ്ട്രീയശക്തി പടുത്തുയർത്താൻ ബാദ്ധ്യസ്ഥമാണ് ഇടതുപക്ഷം. ചാർജ്ജുവർദ്ധനവുകൾ, നികുതി വർദ്ധനവുകൾ, തൊഴിലില്ലായ്മ, അഴിമതി, അവകാശനിഷേധങ്ങൾ തുടങ്ങിയവയ്ക്കെല്ലാം എതിരെ ചൂഷിത ജനതയെയാകെ അണിനിരത്തുന്ന വമ്പിച്ച സമരമുന്നേറ്റങ്ങൾ വളർത്തിയെടുക്കുന്നതിലൂടെയേ ഇടതുപക്ഷ ചേരി ശക്തിപ്പെടൂ. സിപിഐഎം, സിപിഐ തുടങ്ങിയ പാർട്ടികൾ സമരപാത വെടിഞ്ഞ് പാർലമെന്ററി നേട്ടങ്ങളുടെ പിന്നാലെ പരക്കംപായുന്നതുമൂലം ജനങ്ങൾ കബളിപ്പിക്കപ്പെടുകയും ജനജീവിതം ദുരിതമയമാകുകയും ഇടതുപക്ഷ രാഷ്ട്രീയം ഏറെ തെറ്റിദ്ധരിക്കപ്പെടുകയുമാണ്.

മോദി ഭരണത്തിന്റെ സാമ്പത്തിക നയങ്ങളും രാഷ്ട്രീയ നിലപാടുകളും സാംസ്കാരിക രംഗത്തെ സമീപനങ്ങളും ബഹുഭൂരിപക്ഷം ജനങ്ങളുടെയും ജീവിതം താറുമാറാക്കുകയാണ്. സംഘപരിവാറിന്റെ നിയന്ത്രണത്തിലുള്ള ബിഎംഎസ്പോലും ഈ നയങ്ങളെ പരസ്യമായി ചോദ്യം ചെയ്യുന്നു. എന്നാൽ സിപിഐ(എം), സിപിഐ പാർട്ടികളാകട്ടെ ഈ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായ ഒരു സമരം വളർത്തിയെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതുപോലുമില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ഇതേ നയങ്ങളുടെ വക്താക്കളായ കോൺഗ്രസ്സുമായി ചങ്ങാത്തംകൂടി നേട്ടം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളിൽ മുഴുകി കാലംകഴിക്കുകയാണ് അവർ. കോൺഗ്രസ്സ് ഭരണത്തിന് പലവട്ടം പിന്തുണ നൽകിയ സിപിഐ(എം), സിപിഐ പാർട്ടികൾ ആ ഭരണത്തിന്റെ ദുഷ്ചെയ്തികൾ ജനങ്ങളിൽനിന്നും മറച്ചുവയ്ക്കുകയാണ്. ഭരിക്കുന്ന കക്ഷിയുടെ പേരോ അവരുടെ കൊടിയുടെ നിറമോ അല്ല നയങ്ങളാണ് പ്രധാനം. അത് ജനവിരുദ്ധമാണെങ്കിൽ അതിനെ ചെറുത്തു തോൽപ്പിക്കുന്നതിലൂടെ മാത്രമേ ജനങ്ങൾക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകൂ. അതിന് ശ്രമിക്കാതെ തെരഞ്ഞെടുപ്പുകളിലൂടെ അധികാരം പിടിച്ച് എല്ലാം ശരിയാക്കാം എന്ന വ്യാമോഹം പടർത്തുന്ന ഇക്കൂട്ടർ മുതലാളിത്ത രാഷ്ട്രീയംതന്നെയാണ് അനുവർത്തിക്കുന്നത്.

എല്ലാ രാഷ്ട്രീയ കർത്തവ്യങ്ങളും തെരഞ്ഞെടുപ്പിലേയ്ക്ക് ചുരുക്കുക മാത്രമല്ല തെരഞ്ഞെടുപ്പ് വിജയത്തിനായി എന്ത് അധാർമ്മിക പ്രവർത്തി ചെയ്യാനും ഇവർക്ക് മടിയുമില്ല. അഴിമതിക്കാരനായി ഇവർതന്നെ മുദ്രകുത്തിയ മാണിയുടെയും കൂട്ടരുടെയും പിന്നാലെ കൂടിയിരിക്കുന്നത് ഇതിന്റെ ഒടുവിലത്തെ ഉദാഹരണം മാത്രം. ഇടതുപക്ഷ രാഷ്ട്രീയത്തെ പിന്നോട്ടടിക്കുന്ന ഇത്തരം തുടർച്ചയായ നിലപാടുകളാണ് രാജ്യത്തിന്റെ ഇന്നത്തെ പതനത്തിൽ ഇവരെയും പ്രതിക്കൂട്ടിൽ നിർത്തുന്നത്.

അക്രമരാഷ്ട്രീയത്തിലും പ്രകടമാകുന്നത് ഇതേ സമീപനം തന്നെയാണ്. രാജ്യമെമ്പാടും അസഹിഷ്ണുത പടർത്തുന്ന സംഘപരിവാർ ശക്തികളെ എതിർക്കുന്നു എന്ന് മേനിനടിക്കുന്ന ഇവരുടെ സംസ്ഥാനത്തെ ചെയ്തികൾ സംഘപരിവാറിനുതന്നെ മുതൽക്കൂട്ടാകും വിധമുള്ളതാണ്. കലാലയങ്ങളിൽ മറ്റ് സംഘടനകളുടെ പ്രവർത്തനം അനുവദിക്കാതെ ജനാധിപത്യ അന്തരീക്ഷം തകർത്തുകൊണ്ടാണ് ഇവർ പരിശീലനം നേടുന്നത്. ഭരിക്കുമ്പോൾ അധികാരത്തിന്റെ ബലത്തിലും പ്രതിപക്ഷത്തായിരിക്കുമ്പോൾ സംഘടനാശക്തി ദുരുപയോഗം ചെയ്തും ഇവർ പോലീസിനെ വരുതിയിലാക്കുന്നു. സ്വന്തം പാർട്ടിക്കാരുടെ അഴിമതികളും നിയമലംഘനങ്ങളും മാത്രമല്ല, അക്രമങ്ങളും കൊലപാതകങ്ങളുംവരെ അധികാരത്തിന്റെ തണലിൽ ഇവർ അനസ്യൂതം നടത്തുന്നു. പാർട്ടിക്ലാസ്സുകളും ആശയസംവാദങ്ങളുമൊക്കെ അസ്തമിച്ചതോടെ അന്ധതമാത്രം കൈമുതലുള്ള ഒരു അക്രമി സംഘമായി സിപിഐ(എം) അധ:പതിച്ചിരിക്കുന്നു. സാധാരണക്കാരിൽനിന്നും അവരുടെ പ്രശ്നങ്ങളിൽനിന്നും ഇവർ ഏറെ അകന്നിരിക്കുന്നു. സമരങ്ങളും പ്രക്ഷോഭങ്ങളുമല്ല പണക്കൊഴുപ്പും കൈയൂക്കുമാണ് സംഘടനാപ്രവർത്തനത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നത്. 218 സമാധാനയോഗങ്ങൾ നടന്നിട്ടും സമാധാനം ഒരു മരീചികയായിരിക്കുന്നത് ഈ അപചയത്തിന്റെ കൂടി ഫലമാണ്. മതപരമായ ചടങ്ങുകളിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കും അണികളെ ആനയിക്കുന്നതോടെ ഒരു തിരിച്ചുവരവ് അസാധ്യമാംവിധം ഇവർ കൂപ്പുകുത്തും. ഈ സാഹചര്യത്തിൽ നിന്നെല്ലാം സംഘപരിവാർ അടക്കമുള്ള പിന്തിരിപ്പൻ ശക്തികൾ വൻതോതിൽ നേട്ടം ഉണ്ടാക്കുകയും ചെയ്യും.

രാഷ്ട്രീയ പ്രബുദ്ധതയോടൊപ്പം ശാസ്ത്രീയ മനോഘടനയും ഉന്നതമായ തൊഴിലാളിവർഗ്ഗമൂല്യബോധവും വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്തം ഇടതുപക്ഷത്തിൽ അർപ്പിതമാണ്. ഉയർന്ന മാനുഷിക മൂല്യങ്ങളുടെ അടിത്തറയിലേ സാമൂഹ്യമാറ്റത്തിനായുള്ള മുന്നേറ്റങ്ങൾ വളർന്നുവരൂ. ചരിത്രത്തെ വളച്ചൊടിച്ചും കാലഹരണപ്പെട്ട ചിന്താഗതികൾ പുനരുജ്ജീവിപ്പിച്ചും അസഹിഷ്ണുതയും അന്ധതയും പടർത്തിയും രാജ്യത്തെ അന്ധകാരത്തിലേയ്ക്ക് നയിക്കുന്ന ഫാസിസ്റ്റ് ശക്തികളെ ചെറുക്കാനുള്ള മാർഗ്ഗം ഇത് മാത്രമാണ്. കയ്യാങ്കളികൊണ്ട് അത് നേടാനാവില്ല. പാർട്ടി അണികളെയും ജനങ്ങളെയും ഭീതിയിലാഴ്ത്തുന്ന അക്രമരാഷ്ട്രീയത്തിലൂടെ ഭീരുത്വവും മനുഷ്യത്വമില്ലായ്മയുമാണ് കരുത്ത് നേടുന്നത്. നിർഭയരായ ജനങ്ങൾക്കേ അനീതിക്കെതിരെ പൊരുതാനുള്ള ആന്തരിക ശക്തിയുണ്ടാകൂ. ശരിയായ രാഷ്ട്രീയ ലൈൻ പ്രദാനംചെയ്ത് അവരെ അജയ്യ ശക്തിയാക്കിത്തീർക്കുകയാണ് വേണ്ടത്.

ഇടതുപക്ഷ രാഷ്ട്രീയമെന്നാൽ അക്രമമാണ് എന്ന തെറ്റിദ്ധാരണ ജനങ്ങളിൽ പരക്കുന്നത് സാമൂഹ്യമുന്നേറ്റത്തിന് മുന്നിൽ കടുത്ത പ്രതിബന്ധമാണ് സൃഷ്ടിക്കുക. താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടിയുള്ള വിട്ടുവീഴ്ചകൾ അല്ല സമൂഹത്തിന്റെ സമൂലപരിവർത്തനത്തിനായുള്ള ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളാണ് ഇടതുപക്ഷം ആവശ്യപ്പെടുന്നത്. സിപിഐ(എം), സിപിഐ പാർട്ടികൾ ഇവിടെ പൂർണ്ണ പരാജയമായിരിക്കുന്നത് യാദൃശ്ചികമല്ല. മഹത്തായ മാർക്സിസ്റ്റ് ദർശനത്തെ സംബന്ധിച്ച വികലമായ ധാരണയും അതിന്റെ അടിസ്ഥാനത്തിലുള്ള തെറ്റായ പ്രയോഗവുമാണ് അതിന്റെ അടിസ്ഥാന കാരണം. സമസ്ത രംഗങ്ങളിലും ഇവർ തൊഴിലാളിവർഗ്ഗേതരമായ സംസ്കാരം പ്രതിഫലിപ്പിക്കുന്നത് അതുകൊണ്ടാണ്.

അക്രമ രാഷ്ട്രീയത്തിന് എതിരെ ഒരു ബൃഹത്തായ ജനമുന്നേറ്റം ഇന്ന് ആവശ്യമായിരിക്കുന്നു. സ്വൈരജീവിതം ഉറപ്പാക്കുക എന്നത് മാത്രമല്ല അതിലൂടെ ലക്ഷ്യം വയ്ക്കേണ്ടത്. രാജ്യത്ത് വളർന്നുവരുന്ന അന്ധകാരത്തിന്റെ ശക്തികൾക്ക് തടയിടാൻ പോന്ന സാംസ്കാരികമായ ഉൾക്കരുത്ത് അത് കൈവരിക്കണം. സംസ്ഥാനത്തിന്റെ ഇടതുപക്ഷ സമരപാരമ്പര്യം പുന:സ്ഥാപിച്ചെടുക്കാനും അതിലൂടെ ശ്രമിക്കാം. സിപിഐ(എം), സിപിഐ പാർട്ടികളുടെ പ്രവർത്തകർ ഈ യാഥാർത്ഥ്യങ്ങൾകൂടി തിരിച്ചറിയണം. അക്രമ രാഷ്ട്രീയത്തിന് എതിരായ സാംസ്കാരിക പ്രതിപ്രവാഹത്തിന്റെ അകക്കാമ്പായി വർത്തിക്കേണ്ടത് ഇടതുപക്ഷമാണ്. സ്വന്തം നേതൃത്വങ്ങളെ നേർവഴിയിലേയ്ക്ക് ആനയിക്കാൻ നേരായി ചിന്തിക്കുന്ന പ്രവർത്തകരുടെയും സാധാരണ ജനങ്ങളുടെയും സമ്മർദ്ദം വളർന്നുവരണം. ചരിത്രപരമായ ഈ ദൗത്യം ഇനിയും തിരിച്ചറിയാതെ പോയാൽ ബംഗാളിനും ത്രിപുരയ്ക്കുംശേഷം കേരളവും അനിവാര്യമായ തിരിച്ചടി ഏറ്റുവാങ്ങും, രാജ്യവും ജനങ്ങളും ആഗ്രഹിക്കുന്നത് അതല്ലെങ്കിൽക്കൂടിയും ●

# മധുവിന്റെ മരണത്തിന് യഥാർത്ഥ ഉത്തരവാദികൾ ആര്?

**അട്ടപ്പാടിയിൽ സംഘം ചേർന്ന ആൾക്കൂട്ടം തല്ലിക്കൊന്ന ആദിവാസി യുവാവ് മധുവിന്റെ കൊലപാതകത്തിൽ പട്ടികവർഗ്ഗ പീഡനനിരോധന നിയമപ്രകാരം കേസെടുക്കുകയും പതിനാറുപേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നതു ശരിതന്നെ. അറസ്റ്റു ചെയ്യപ്പെട്ട പതിനാറുപേരിൽ തുടങ്ങി അവരിൽ അവസാനിക്കുന്നൊരു കഥയല്ല പക്ഷേ മധുവിന് പറയാനുള്ളത്.**



മധു വിശന്നാണ് മരിച്ചത്. എന്നോ കഴിച്ച ഒരു പഴക്ഷണത്തിന്റെ സാന്നിദ്ധ്യമാണ് പോസ്റ്റ് മോർട്ടം റിപ്പോർട്ട് പറയുന്നത്. ആദിവാസിക്ക് എന്തുകൊണ്ട് ഇന്നും വിശക്കുന്നു എന്നത് മധുവിന്റെ മരണത്തിൽ പ്രതിഷേധിച്ച് തെരുവിലിറങ്ങിയ ഭരണ പ്രതിപക്ഷ പാർട്ടികൾ ഒന്നും മിണ്ടിക്കണ്ടില്ല. കേരളത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ആദിവാസി ജനസമൂഹം. ഒരു ശതമാനംപോലുമില്ലാത്ത ഒരു ജനവിഭാഗത്തിന് അവരുടെ ഏറ്റവും ചുരുങ്ങിയ ജീവിതാവശ്യങ്ങളെങ്കിലും നിർവ്വഹിച്ചുകൊടുക്കുന്നതിൽ നമ്മുടെ ഭരണസംവിധാനം എന്തുകൊണ്ട് ഏഴുപതിറ്റാണ്ടായി പരാജയപ്പെടുന്നു. കാസർകോഡ്, വയനാട്, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ ആദിവാസി ഊരുകൾ ഒന്ന് കയറിഇറങ്ങി നോക്കാൻ മധുവിന്റെ മരണം കാരണമായെങ്കിൽ നന്ന്. വെള്ളമില്ല, വെളിച്ചമില്ല, ഭക്ഷണമില്ല, കൂരയില്ല, ഭൂമിയില്ല, തൊഴിലില്ല, നിരക്ഷരത, പള്ളിക്കൂടങ്ങളില്ല, ഉള്ള പള്ളിക്കൂടങ്ങളിൽ മതിയായ സൗകര്യങ്ങളില്ല, ആശുപത്രികളില്ല, ഡോക്ടർമാരില്ല, അങ്ങനെയൊരു സൗകര്യമുണ്ട് എന്ന് ആദിവാസികൾക്കറിയില്ല ഇതാണ് ഏതാണ്ട് എല്ലാ ഊരുകളുടെയും അവസ്ഥ. ഇതൊന്നുമില്ലെങ്കിലും പലരും എപിഎൽ കാർഡ് ഉടമകളാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ഈ പറഞ്ഞതിലൊന്നും യാതൊരു അതിശയോക്തിയുമില്ല. പോഷകാഹാരക്കുറവ്കൊണ്ട് മരിച്ചുവീണ് അമ്പതിൽപരം കുഞ്ഞുങ്ങളെക്കുറിച്ചാണ് പോയവർഷം നാം ചർച്ച ചെയ്തത്.

ഇനി ഈ പറഞ്ഞ കാര്യങ്ങളുടെ മറുവശം പരിശോധിച്ചാൽ, ലക്ഷക്കണക്കിന് കോടി രൂപയാണ് ഇതിനകം ആദിവാസികൾക്കുവേണ്ടി ചെലവഴിക്കപ്പെട്ടു കഴിഞ്ഞത്. വർഷാവർഷം ആദിവാസി ക്ഷേമപദ്ധതികൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ കോടിക്കണക്കിന് രൂപയാണ് വകയിരുത്തുന്നത്. കഴിഞ്ഞ പത്തുവർഷത്തിനിടെ സംസ്ഥാനബജറ്റിൽമാത്രം വകയിരുത്തിയത് 5000 കോടി രൂപയാണ്. അഹാഡ്സ്, കേന്ദ്രസർക്കാരിന്റെ വിവിധതരം ഫണ്ടുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുന്ന ഫണ്ടുകൾ, ഇതരവകുപ്പുകൾ നീക്കിവയ്ക്കുന്ന തുകകൾ ഇവയൊക്കെ സംസ്ഥാന ബജറ്റിനു പുറമേയാണ്. ഈ ഫണ്ടുകളൊന്നും തന്നെ ഉദ്ദേശശുദ്ധിയോടെ പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല, ചെലവഴിപ്പെടുന്നതുതന്നെ ആദിവാസികൾക്ക് ഗുണപ്രദമാകാറില്ല. ഈ കാശൊക്കെ എവിടപ്പോയി എന്ന് ആർക്കെങ്കിലും അറിയാമോ എന്നറിയില്ല. തങ്ങൾക്കുവേണ്ടി ഇത്രയധികം തുക ജനാധിപത്യ ഭരണസംവിധാനം ചെലവഴിക്കുന്നുണ്ട് എന്നത് ആദിവാസികൾക്കറിയില്ല. ഏതാണ്ട് 30 ലേറെ വിഭാഗങ്ങളിലായി 4 ലക്ഷത്തിൽ താഴെ മാത്രമാണ് ആദിവാസികളുടെ ജനസംഖ്യ. ഇതിൽ ഏതാനും വിഭാഗങ്ങളെ മാറ്റിനിത്തിയാൽ ബാക്കി വിഭാഗങ്ങളൊന്നും മുഖ്യധാരയിലേയ്ക്ക് ഇനിയും വന്നിട്ടില്ല. എങ്കിലും ജനകീയാസൂത്രണവും വോട്ടും ഗ്രാമപഞ്ചായത്തും ജലനിധിയും ലോകബാങ്കും എല്ലാം ഇവിടങ്ങളിലുണ്ട്. കോടികൾ മറിയുന്നുമുണ്ട്. ആരാണ് ഇതിന്റെയൊക്കെ ഗുണഭോക്താക്കൾ? ആരുടെ പേരിലാണോ ഇതൊക്കെ നടക്കുന്നത് അവർ ഇതൊന്നും അറിയുന്നില്ല. ആദിവാസിസമൂഹത്തിന്റെ ഈ അവസ്ഥയ്ക്ക് ഇക്കാലമത്രയും നാടുഭരിച്ച രാഷ്ട്രീയക്കാരും ഭരണക്കാരുമല്ലാതെ ആരാണ് ഉത്തരവാദികൾ? പ്രായശ്ചിത്തമെന്നോണം ഈ തെറ്റ് ഏറ്റുപറഞ്ഞ് തിരുത്തുവാൻ ഭരണ രാഷ്ട്രീയ നേതൃത്വം തയ്യാറാകുന്നുവെങ്കിലേ മധുവിന്റെ മരണത്തിൽ കക്ഷിഭേദമന്യേ രാഷ്ട്രീയക്കാർ നടത്തിയ പ്രതിഷേധം ആത്മാർത്ഥമാകൂ.

മോഷണം ആരോപിച്ചാണ് മധുവിനെ ആൾക്കൂട്ടം കടന്നാക്രമിച്ചത്. തൊണ്ടിമുതൽ ഏതാനും പിടി അരിയും മല്ലിപ്പൊടിയും നനഞ്ഞ ബീഡിക്കെട്ടും. ഈവക സാധനങ്ങൾ മധു മോഷ്ടിച്ചതാണ് എന്നുതന്നെ ഇരിക്കട്ടെ. അങ്ങനെയെങ്കിൽ ആദിവാസികളുടെ പേരിൽ വർഷാവർഷം മാറ്റിവയ്ക്കപ്പെടുന്ന കോടികൾ കട്ടുമാറ്റുന്നവരുടെ പേരെന്താണ്? അവർക്കുള്ള ശിക്ഷ എന്താണ്? പതിനായിരക്കണക്കിന് കോടിരൂപ പൊതുമേഖല ബാങ്കുകളിൽനിന്ന് അടിച്ചുമാറ്റി മുങ്ങിയ വിജയ് മല്യ, വിക്രം കോത്താരി, നീരവ് മോദി തുടങ്ങി ഇനിയും പേർ പുറത്തുവന്നിട്ടില്ലാത്ത പലമാന്യൻമാരെയും എന്തുവിളിക്കണം? എന്തായിരിക്കണം അവർക്കുള്ള ശിക്ഷ? ഇന്ത്യയിലെ അരപ്പട്ടിണിക്കാരന്റെയും മുഴുപ്പട്ടിണിക്കാരന്റെയും വിയർപ്പൊഴുക്കി സ്വരുക്കൂട്ടിയ ഇന്ത്യൻ ഖജനാവ് ഒന്നാകെ അടിച്ചുമാറ്റി സുഖലോലുപൻമാരായി വാഴുന്ന രാഷ്ട്രീയക്കാരുടെ പേരെന്താണ്? എന്തായിരിക്കണം അവർക്കുള്ള ശിക്ഷ. ഈ ചോദ്യങ്ങൾ മധുവോ മധുവിന്റെ കൂട്ടാളികളോ ഉയർത്തിയാൽ എന്ത് മറുപടി നൽകും? ഈ ചോദ്യങ്ങൾ ഉയരാതിരിക്കാനാണല്ലോ അവരെ കള്ളിലും കഞ്ചാവിലും മയക്കിക്കിടത്തിയിരിക്കുന്നത്.

വരുതിയിൽ നിൽക്കാത്ത മനസ്സുമായാണ് മധു കാട്ടിലേയ്ക്ക് നടന്നുപോയത്. സാഹചര്യങ്ങളാണ് മധുവിനെ മാനസികരോഗിയാക്കിയത്. ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ മനസ്സ് കൈവിട്ടുപോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നു എന്ന യാഥാർത്ഥ്യത്തിന് നേരെയും നമുക്ക് കണ്ണടയ്ക്കാനാകില്ല. യുക്തിയെയും വിവേകത്തെയും വികാരം കീഴടക്കുന്നതാണ് പല സംഭവങ്ങളിലും നാം കാണുന്നത്. വൈകാരിക ക്ഷമത നഷ്ടപ്പെട്ട, നിസ്സാര പ്രകോപനങ്ങൾക്കുപോലും വശവദരായിപ്പോകുന്ന, ഉത്തരവാദിത്തബോധമില്ലാത്ത വെറും ആൾക്കൂട്ടമായി സമൂഹം മാറിയിരിക്കുന്നു. പകയ്ക്കാണ് മുൻതൂക്കം. ക്ലാസ്സ് മുറികൾ പോലും ഈ ആപത്തിൽനിന്ന് മുക്തമല്ല. കുഞ്ഞുങ്ങൾക്കിടയിലും നിഷ്കളങ്കമായ സൗഹൃദങ്ങൾ ഇല്ലാതെയാകുന്നു. ക്വട്ടേഷനും അടിപിടിയും കൊലപാതകവുംവരെ കലാലയങ്ങളിൽനിന്നും ഉയർന്നു കേൾക്കുന്നു. കലിയടങ്ങുന്നതുവരെ ഇറച്ചിവെട്ടുന്നതുപോലെ തറയിൽ കുത്തിയിരുന്ന് വെട്ടിക്കൊന്നു കണ്ണൂരിൽ ഷുഹൈബിനെ എന്ന വാർത്ത വായിച്ചുതീരുന്നതിനുമുമ്പാണ് മധുവിനെ തല്ലിക്കൊന്ന വാർത്ത വരുന്നത്. ആർക്കും അപരനെ അറിയണ്ട, അവന്റെ പ്രശ്നങ്ങൾ അറിയേണ്ട, സൗഹൃദത്തിന്റെ നേരിയ പുഞ്ചിരികൾപോലും അപ്രത്യക്ഷമാകുന്നു. വ്യക്തിവാദത്തിന്റെ ഏറ്റവും സങ്കുചിതവും ജീർണ്ണവുമായ അവസ്ഥയെയാണ് ഇത് കാണിക്കുന്നത്.



**മധുവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 28ന് നടത്തിയ പ്രതിഷേധയോഗം ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്യുന്നു**

സമൂഹത്തിന്റെ മാനസിക ആരോഗ്യം നഷ്ടമാകുന്നു എന്നതിന്റെ സൂചനയാണ് വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ. വൈകാരികമായ പക്വതയല്ല, കലിയാണ് പ്രധാനം എന്നത് ഒരു സമൂഹത്തെ സംബന്ധിച്ച് ആശങ്കാജനകമായ സാഹചര്യമാണ്. മാനസികാരോഗ്യ ബിൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചുകൊണ്ട് ആരോഗ്യമന്ത്രി പറഞ്ഞത് ഇന്ത്യയിൽ മാനസികമായി വെല്ലുവിളി നേരിടുന്നവർ ആറുശതമാനമാണ് എന്നതാണ്. നൂറിൽ ആറ് എന്നത് ഒരു ചെറിയ സംഖ്യയല്ല. മന്ത്രി പറഞ്ഞതിനും മേലെയാണ് കാര്യങ്ങൾ എന്നതാണ് നിത്യേന നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നത്. മനുഷ്യമനസ്സുകളെയും സമൂഹമനസ്സിനെയും തിരിച്ചുപിടിക്കാനുള്ളശ്രമങ്ങളും അനിവാര്യമായിരിക്കുന്നു.

മധുവിനുവേണ്ടി കേരളം ഒന്നാകെ കരഞ്ഞു എന്നത് മേൽപ്പറഞ്ഞ സങ്കടങ്ങൾക്കെല്ലാമിടയിലും സന്തോഷം തരുന്നു. സ്വാഭാവികവും മനുഷ്യസഹജവുമായ പ്രതിഷേധങ്ങൾ. ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രതിഷേധങ്ങൾ. മനുഷ്യത്വം തീർത്തും വറ്റിപ്പോയിട്ടില്ല. സഹജീവിസ്നേഹവും സഹജഭാവവും ഇനിയും നേരിയൊരു പച്ചപ്പായി നമുക്ക് മുന്നിലുണ്ട്. അതിൽപിടിച്ച് നമുക്ക് മുന്നേറാം. ആ പച്ചപ്പിനെ നനച്ചുവളർത്താം. അത് നമ്മുടെ മനസ്സുകളെ ആർദ്രമാക്കട്ടെ. നമ്മുടെ കുഞ്ഞുങ്ങൾ മനുഷ്യരായി വളരട്ടെ●

## എൻഎച്ച്–17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അനിശ്ചിതകാല കുടിൽകെട്ടി സമരം

വികസനത്തിന്റെ പേരിലുള്ള അന്യായമായ കുടിയൊഴിപ്പിക്കൽ അവസാനിപ്പിക്കുക, നിർദ്ദിഷ്ട അത്താഴക്കുന്ന് ചിറയ്ക്കൽ തുരുത്തി അലൈൻ മെന്റ് ഒഴിവാക്കുക, ഒരു വീടുപോലും പോകാത്ത സമീപത്തുള്ള അലൈൻ മെന്റ് സ്വീകരിക്കുക, 30 മീറ്റർ വീതിയിൽ സർക്കാർ തന്നെ റോഡ് നിർമ്മിക്കുക, ബിഒടി പാത വേണ്ട എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അനിശ്ചിതകാല കുടിൽകെട്ടി സമരം ആരംഭിച്ചു. എൻഎച്ച്-17 ആക്ഷൻ കൗൺസിൽ ചിറക്കൽ അത്താഴക്കുന്ന് തുരുത്തി യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് ഫെബ്രവരി 15 മുതൽ സമരം ആരംഭിച്ചത്. എൻ.എച്ച്-17 ആക്ഷൻ കൗൺസിൽ ജില്ലാ ചെയർമാൻ ഡോ. ഡി.സുരേന്ദ്രനാഥ് അനിശ്ചിതകാല സമരം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജോയിന്റ് കൺവീനർ അബുലൈസ് തേഞ്ഞിപ്പലം മുഖ്യ പ്രഭാഷണം നടത്തി.

ജില്ലാ ജോയിന്റ് കൺവീനർ അനൂപ് ജോൺ ഏരിമറ്റം ആമുഖ പ്രഭാഷണം നടത്തി. അഡ്വ.ടി.പി.വി. കാസിം (ജില്ലാ സീനിയർ വൈസ് പ്രസിഡന്റ് ഐയുഎംഎൽ), കെ.കെ.സുരേന്ദ്രൻ (ജില്ലാ സെക്രട്ടറി, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്)), അസ്ഹറുദ്ദീൻ (എസ്ഡിപിഐ), പി.പി.മോഹനൻ (ആർഎംപി.), ടി. ഹംസ, ബി. അബ്ദുൾകരീം, എം. കെ.ജയരാജൻ (ജില്ലാ വൈസ് പ്രസിഡന്റ് എൻഎച്ച് ആക്ഷൻ കൗൺസിൽ), എൻ.എം. കോയ, പി.മജീദ്, കെ.പി.സിദ്ദിഖ്, പി.കെ.പി.സാജിദ് എന്നിവർ പ്രസംഗിച്ചു. കെ.പി. നൗഷാദ് അധ്യക്ഷത വഹിച്ചു. നൗഷാദ് അത്താഴക്കുന്ന് സ്വാഗതം പറഞ്ഞു●

## പ്രീപ്രൈമറിയെ സ്കൂളിന്റെ ഭാഗമായി അംഗീകരിക്കണം – പിപിറ്റിഎച്ച്ഒ

പ്രീപ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷൻ (പിപിറ്റിഎച്ച്ഒ) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എയ്ഡഡ് സ്കൂളുകളിലെയും ഗവൺമെന്റ് സ്കൂളുകളിലെയും പ്രീപ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ജില്ലാ സംഗമം നടന്നു.

പിഎസ്സി വഴി നിയമിക്കപ്പെട്ട അധ്യാപകർക്ക് നൽകുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും മുഴുവൻ പ്രീപ്രൈമറി ജീവനക്കാർക്കും നൽകണമെന്ന് ജില്ലാ സംഗമം സർക്കാരിനോടാവശ്യപ്പെട്ടു.

തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക, എസ്സിഇആർടി പഠന റിപ്പോർട്ട് ഉടൻ സർക്കാരിന് സമർപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും ചർച്ചയിൽ ഉന്നയിക്കപ്പെട്ടു.

പിപിറ്റിഎച്ച്ഒ സംസ്ഥാന സെക്രട്ടറി വി.വിജയഷോമ ജില്ലാ സംഗമം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എൻ.അജിത അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.പി.സുബൈദ, ജില്ലാ നേതാക്കളായ ബി.കെ.രേഷ്മ, കെ.ഖമറുന്നീസ, ഷീന ചൊക്ലി, ബി.വൃന്ദ, സി.ഷൈബ എന്നിവർ പ്രസംഗിച്ചു●

## കെഎസ്ഇബി പിസിസി ലൈൻവർക്കേഴ്സ് കണ്ണൂർ ജില്ലാ സംഗമം

കെഎസ്ഇബിയിൽ വർഷങ്ങളായി കരാർ തൊഴിൽ ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അനുകൂലമായ കോടതിവിധി ഉണ്ടായിട്ടും തൊഴിലാളി വിരുദ്ധമായ ഇടപെടൽ നടത്തിക്കൊണ്ടും അനാവശ്യമായ കോടതി വ്യവഹാരങ്ങളിലൂടെയും സ്ഥിരപ്പെടുത്തൽ നടപടിയെ തടസ്സപ്പെടുത്തുന്നതിനെതിരെ കണ്ണൂരിൽ നടന്ന ജില്ലാ സംഗമം ശക്തമായി പ്രതിഷേധിച്ചു. കരാർ തൊഴിലാളികൾക്ക് ലൈസൻസ് സമ്പ്രദായം അടിച്ചേൽപ്പിക്കുന്ന നടപടി പിൻവലിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സീതിലാൽ ഉദ്ഘാടനം ചെയ്തു. കെ.കെ.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ നേതാക്കളായ അനൂപ് ജോൺ ഏരിമറ്റം, സാബു തോമസ്, വിനോദ്കുമാർ എന്നിവർ പ്രസംഗിച്ചു●

### വിദ്യാഭ്യാസവായ്പാ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക

# ഐഎൻപിഎ ആലപ്പുഴ ജില്ലാ കൺവൻഷൻ



ഐഎൻപിഎ ആലപ്പുഴ ജില്ലാ കൺവൻഷൻ ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു

ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസ്സിയേഷൻ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വായ്പാക്കെണിയിലകപ്പെട്ട വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ജില്ലാ കൺവൻഷൻ നടന്നു. ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസവായ്പയെടുത്ത് പഠിച്ചിറങ്ങിയ കുട്ടികൾക്ക് മാന്യമായ പ്രതിഫലത്തോടുകൂടിയുള്ള ജോലി ലഭിക്കാത്തതുകൊണ്ട് വായ്പാത്തിരിച്ചടവ് മുടങ്ങി, ആത്മഹത്യാമുനമ്പിൽ നിൽക്കുന്ന രക്ഷിതാക്കളെയും കുട്ടികളെയും രക്ഷിക്കാൻ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നീതിക്കായിപൊരുതുന്നവരെയും വിശപ്പടക്കാൻ വെമ്പുന്നവരെയും കള്ളന്മാരായാണ് ഇന്ന് ചിത്രീകരിക്കുന്നത്. അത്തരമൊരു സമൂഹത്തിൽ വൈകിയെത്തുന്ന നീതി, നീതി നിഷേധത്തിന് തുല്യമാണെന്ന് മനസ്സിലാക്കി അധികാരികൾ ഉണർന്ന് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ആലപ്പുഴ ഐശ്വര്യ ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷനിൽ, ജില്ലാപ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.ജെ.ഷീല സ്വാഗതം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ഡോ.കെ.ഹരിപ്രസാദ്, എം.വി.ചെറിയാൻ, ജില്ലാ ട്രഷറർ കെ.ശിവൻകുട്ടി, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗം എസ്.രാജീവൻ, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി സി.വി.പീതാംബരൻ, കെ.പി.മനോഹരൻ എന്നിവർ പ്രസംഗിച്ചു. കെവിഎം ആശുപത്രിയിലെ നഴ്സുമാരുടെ സമരം അടിയന്തരമായി ഒത്തുതീർപ്പാക്കുവാൻ സർക്കാർ ഇടപെടണമെന്ന പ്രമേയം ഏകകണ്ഠേന കൺവൻഷൻ അംഗീകരിച്ചു. അഡ്വ.എം.എ.ബിന്ദു കൃതജ്ഞത പറഞ്ഞു●

## ഐഎൻപിഎ ഇരിട്ടി എസ്ബിഐ ഉപരോധം



ഇരിട്ടി എസ്ബിഐ ഉപരോധം ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത രക്ഷിതാക്കൾ ഇരിട്ടി എസ്ബിഐ ഉപരോധിച്ചു.

വിദ്യാഭ്യാസ വായ്പ റിലയൻസിനെ ഏൽപ്പിക്കുന്ന നടപടി അവസാനിപ്പിക്കുക, ജപ്തി നടപടികൾ നിർത്തി വയ്ക്കുക, സർക്കാരും ബാങ്കുകളും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കുക, വിദ്യാഭ്യാസ വായ്പ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് രക്ഷിതാക്കൾ ബാങ്ക് ഉപരോധിച്ചത്. ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉപരോധ സമരം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ.സി.ചാക്കോ അധ്യക്ഷത വഹിച്ചു.

ജില്ലാ സെക്രട്ടറി മേരി എബ്രഹാം, ജില്ലാ ജോയിന്റ്സെക്രട്ടറി അനൂപ് ജോൺ ഏരിമറ്റം, തോമസ് പുന്നോലിൽ, ജോസഫ് കുനാമ്പുറം, കെ.അപ്പച്ചൻ, കെ.രാജു, സിറാജുദ്ദീൻ, രാഘവൻ കാവുമ്പായി, തങ്കച്ചൻ തറപ്പേൽ എന്നിവർ പ്രസംഗിച്ചു.

ബാങ്ക് ഉപരോധനത്തെ തുടർന്ന് ഇരിട്ടി ടൗണിൽ പ്രകടനവും സായാഹ്ന ധർണ്ണയും നടത്തി●

# കെ.പാനൂരിന് ആദരാഞ്ജലികൾ



കേരളത്തിലെ പ്രമുഖ സാമൂഹ്യ-സാംസ്കാരിക നായകനും ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള അവകാശ പോരാട്ടത്തിൽ നേതൃസ്ഥാനം വഹിച്ചയാളും, സർവ്വോപരി വലിയ മനുഷ്യസ്നേഹിയുമായിരുന്ന കെ.പാനൂർ ഫെബ്രുവരി 20ന് അന്തരിച്ചു. നിര്യാണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കണ്ണൂർ ജില്ലാ സംഘാടക കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേന്ദ്രന്റെ നേതൃത്വത്തിൽ പാർട്ടി പ്രവർത്തകർ പുഷ്പചക്രം അർപ്പിച്ചു●

# സഖാവ് വി.ശശിധരന് ലാൽസലാം



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ തിരുവനന്തപുരത്തെ ആദ്യകാല പ്രവർത്തകരിലൊരാളും പാർട്ടിയുടെ നെയ്യാറ്റിൻകര ലോക്കൽ കമ്മിറ്റിയംഗവും എഐയുറ്റിയുസി ജില്ലാ കമ്മിറ്റിയംഗവുമായ സഖാവ് വി.ശശിധരൻ(59) ഫെബ്രുവരി 28-ാം തീയതി മസ്തിഷ്കാഘാതത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച് അന്തരിച്ചു.

നാല് പതിറ്റാണ്ടുമുമ്പ്, പ്രതിസന്ധികൾ നിറഞ്ഞ ഒരു കാലഘട്ടത്തിൽ പാർട്ടി പ്രവർത്തനത്തിലേയ്ക്ക് കടന്നുവന്ന സഖാവ് നാട്ടുകാർക്കും ഇതര കക്ഷി നേതാക്കൾക്കുപോലും പ്രിയങ്കരനായിരുന്നു. തിരുവനന്തപുരത്തെ നേമം, പ്രാവച്ചമ്പലം പ്രദേശങ്ങളിൽ പാർട്ടിയെ ജനങ്ങളിലെത്തിക്കുന്ന കാര്യത്തിൽ ഒരു പ്രധാന പങ്കാണ് സഖാവ് വഹിച്ചിട്ടുള്ളത്. പാർട്ടി പരിപാടികൾ നടപ്പിലാക്കുന്നതിന് അക്ഷീണമായ പരിശ്രമമാണ് സഖാവ് നടത്തിയിട്ടുള്ളത്. സഖാക്കളുടെ സംഘടനാപരവും പ്രത്യയശാസ്ത്രപരവുമായ ശേഷികൾ ഉയർത്താനായി അടുത്തിടെ പാർട്ടി നിർദ്ദേശിച്ച പ്രവർത്തന പദ്ധതി അതീവ ഉത്സാഹത്തോടെ നടപ്പിലാക്കിവരവേയാണ് ഊർജ്ജസ്വലനായ ആ സഖാവിനെ പാർട്ടിക്ക് നഷ്ടമായിരിക്കുന്നത്. മാതൃകാപരമായ നിരവധി വിപ്ലവഗുണങ്ങൾ പ്രദർശിപ്പിച്ചിരുന്ന ആ പ്രിയപ്പെട്ട സഖാവിന്റെ ആകസ്മികവും അകാലത്തിലുമുള്ള ദേഹവിയോഗത്തിൽ മാർച്ച് 1ന് ചേർന്ന പാർട്ടി സംസ്ഥാന കമ്മിറ്റി യോഗം അനുശോചനം രേഖപ്പെടുത്തി.

മാർച്ച് 1 ന് സഖാവിന്റെ വെള്ളായണിയിലുള്ള വീടിന്റെ സമീപം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ഹരിയുടെ അദ്ധ്യക്ഷതയിൽ നടന്ന അനുസ്മരണയോഗത്തിൽ സഖാക്കളും സുഹൃത്തുക്കളും ഇതരപാർട്ടി പ്രവർത്തകരും ബന്ധുക്കളുമടങ്ങുന്ന വലിയൊരു ജനാവലി സംബന്ധിച്ചു. യോഗത്തിൽ സംസാരിച്ച പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ആർ. കുമാർ അന്തരിച്ച സഖാവിന്റെ വിപ്ലവജീവിതത്തെയും അദ്ദേഹം പ്രദർശിപ്പിച്ച ഉയർന്ന മൂല്യങ്ങളെയും പ്രതിപാദിച്ചുകൊണ്ട് സംസാരിച്ചു. സിപിഐ(എം) ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.എം ബഷീർ, സിപിഐ(എം) ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് വിജയകുമാർ, ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റിയംഗം സഖാവ് അനീഷ്, കോൺഗ്രസ് കല്ലിയൂർ മണ്ഡലം പ്രസിഡന്റ് അഡ്വ.ഉദയകുമാർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എം.ഷാജർഖാൻ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു●

## ദേശീയപാത: കുടിയൊഴിപ്പിക്കലിനെതിരെ പ്രതിഷേധ ധർണ്ണ

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പാപ്പിനിശ്ശേരി തുരുത്തി നിവാസികളെ അന്യായമായി കുടിയൊഴിപ്പിക്കുന്നതിനെതിരെ ഫെബ്രുവരി 21-ന് ചുങ്കം ദേശീയപാതക്ക് സമീപം പ്രതിഷേധ ധർണ്ണ നടത്തി.

തുരുത്തിയിലെ പ്രദേശവാസികൾ രൂപീകരിച്ച ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ധർണ്ണ നടന്നത്. എൻഎച്ച് ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറിയും കാസർഗോഡ് ജില്ലാ കൺവീനറുമായ കെ.കെ.സുരേന്ദ്രൻ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു.

"ഒരു വീടുപോലും പോവാതെ, വളവുകൾ കുറഞ്ഞ, സമീപത്തുകൂടിയുള്ള അലൈൻമെന്റ് സ്വീകരിക്കുന്നതിന് പകരം ചില നിക്ഷിപ്ത താൽപര്യക്കാർക്കുവേണ്ടി പട്ടികജാതി കോളനിയിലെ നിരവധി കുടുംബങ്ങളെ തെരുവാധാരമാക്കുന്ന നടപടിയിൽ നിന്നും സർക്കാർ പിൻമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പാപ്പിനിശ്ശേരി തുരുത്തി ആക്ഷൻ കമ്മിറ്റി കൺവീനർ കെ. നിഷിൽ കുമാർ അധ്യക്ഷത വഹിച്ചു. മക്തബ് പത്രാധിപർ കെ.സുനിൽകുമാർ, കീഴാറ്റൂർ വയൽകിളി സമര നേതാവ് കെ. സുരേഷ് കീഴാറ്റൂർ, എൻ.എച്ച്. ആക്ഷൻ കൗൺസിൽ ജില്ലാ ജോയിന്റ് കൺവീനർ അനൂപ് ജോൺ ഏരിമറ്റം, പി.പി. അബൂബക്കർ (സിപിഐ(എം.എൽ)), സി.പി.റഷീദ് (ഐയുഎം എൽ), കെ.ചന്ദ്രഭാനു, എ.ലീല, കെ.സിന്ധു എന്നിവർ പ്രസംഗിച്ചു●



എൻഎച്ച് ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.കെ.സുരേന്ദ്രൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : C. K. Lukose
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : ,,
Editor's Name, Nationality, Address : ,,
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, C. K. Lukose, hereby declare that the articulars given above are true to the best of my knowledge and belief

Sd/- C. K. Lukose
01. 03. 2018 Signature of Publisher

## നീരവ് മോദി – പഞ്ചാബ് നാഷണൽ ബാങ്ക് കുംഭകോണം

# പൊതുമുതൽ കൊള്ളയടിക്ക് ഒത്താശ ചെയ്യുന്ന അഴിമതി നിറഞ്ഞ മുതലാളിത്ത വ്യവസ്ഥ

**ഒരു ഭീമമായ അഴിമതി കൂടി പുറത്തുവന്നിരിക്കുന്നു. നിയമങ്ങളെല്ലാം കാറ്റിൽ പറത്തി പൊതുമേഖല ബാങ്കിലെ പണം വൻബിസിനസുകാർ തട്ടിയെടുത്തതാണ് ഇപ്പോൾ വെളിച്ചത്തായിരിക്കുന്നത്. 1992ൽ ഹർഷദ് മേത്ത നടത്തിയ ഓഹരി കുംഭകോണം ഓർമിക്കുമല്ലോ. ഇക്കുറി വമ്പൻ സ്വർണ്ണ-രത്ന വ്യാപാരിയായ നീരവ് മോദിയും അയാളുടെ അമ്മാവൻ മെഹുൽ ചോക്സിയും മറ്റുബന്ധുക്കളും ചേർന്നാണ് തട്ടിപ്പ് നടത്തിയിരിക്കുന്നത്.**

ഇന്ത്യയിലെ ശതകോടീശ്വരന്മാരിൽ 57-ാം സ്ഥാനത്തുള്ള നീരവ് മോദി പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് തട്ടിയെടുത്തത് 11,300 കോടിയാണ്. യഥാർത്ഥത്തിൽ ഇത് 20,000 കോടി കവിയുമെന്നും പറയുന്നു. റോട്ടോമാക് പേന കമ്പനിയുടമ വിക്രം കോത്താരി 7 ബാങ്കുകളിൽ നിന്നായി 3,695 കോടി രൂപ തട്ടിയെടുത്ത സംഭവം ഇതിനുതൊട്ടുപിന്നാലെ പുറത്തുവന്നു. 11 കമ്പനികളുടെ 9,000 അക്കൗണ്ടുകളിലായി 26,000 കോടിരൂപ നഷ്ടപ്പെട്ടിരിക്കുന്നു എന്നും വെളിപ്പെടുത്തലുണ്ട്. ഈ കൊള്ള സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്ന കാര്യത്തിൽ നല്ല പിള്ള ചമഞ്ഞുകൊണ്ട് മുതലാളിത്തത്തിന്റെ വിശ്വസ്ത കക്ഷികളായ ബിജെപിയും കോൺഗ്രസ്സും പരസ്പരം ആരോപണങ്ങളുതിർത്തുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ പണം അപഹരിക്കപ്പെടുന്ന ഈ സ്ഥിതിവിശേഷത്തിന്റെ സത്യമറിയാനാഗ്രഹിക്കുന്നവർ ചില വസ്തുതകൾ മനസ്സിലാക്കേണ്ടതുണ്ട്.

### ഇത്തരം വൻ തട്ടിപ്പുകൾ എങ്ങനെ നടക്കുന്നു ?

ഹർഷദ് മേത്ത സംഭവം നടന്നിട്ട് 25 വർഷമായിട്ടും ജനങ്ങളുടെ നിക്ഷേപങ്ങളുടെ സുരക്ഷയും ബാങ്കുകളുടെ ഭദ്രതയും ഉറപ്പാക്കാൻ മാറിമാറിവന്ന ഗവൺമെന്റുകൾ ഒന്നും ചെയ്തിട്ടില്ല എന്നത് വ്യക്തമാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ 8,670 കേസുകളിലായി 61,260 കോടിയുടെ ബാങ്ക് തട്ടിപ്പുകളാണ് നടന്നിരിക്കുന്നത്. ബിസിനസുകാരുടെ വേഷം കെട്ടിയ തട്ടിപ്പുകാരെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ബാങ്കിംഗ് വ്യവസായം അടിചോരുന്ന ഒരു പാത്രമാണ്. തട്ടിപ്പിന് അവർ പുതിയ പുതിയ മാർഗങ്ങൾ കണ്ടെത്തുന്നു. 'ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്' എന്ന വഴിയാണ് നീരവ് മോദി തെരഞ്ഞെടുത്തത്. കച്ചവടക്കാർക്കും വിതരണക്കാർക്കുമൊക്കെ കൊടുക്കാനുള്ള പണം ബാങ്ക്വായ്പയായി തരപ്പെടുത്തുന്ന രീതിയാണ് അന്തർദ്ദേശീയ വ്യാപാര രംഗത്തുള്ളത്. സ്വന്തം രാജ്യത്തെ ഒരു ബാങ്കിൽ നിന്ന് ഈ അണ്ടർടേക്കിംഗ് നേടുന്ന ഒരു വ്യാപാരിക്ക് വിദേശത്തുള്ള മറ്റൊരു ഇന്ത്യൻ ബാങ്കിൽ നിന്ന് ഹ്രസ്വകാല വായ്പ തരപ്പെടുത്താം. ഈ അണ്ടർടേക്കിംഗ് ബാങ്ക്ഗ്യാരണ്ടിയായി ഉപയോഗിക്കാം. ഇതിന് അണ്ടർടേക്കിംഗ് നൽകുന്ന ബാങ്കിന് കമ്മീഷൻ നൽകണം. വായ്പയ്ക്ക് ഒരു പരിധിയും നിശ്ചയിക്കും. എന്നാൽ ഈ വായ്പാ പരിധിയോ കമ്മീഷൻ വ്യവസ്ഥയോ ഇല്ലാതെയാണ് ബോംബെയിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് ശാഖയിൽ നിന്ന് നീരവ് മോദി അണ്ടർടേക്കിംഗ് തരപ്പെടുത്തിയത്. പിഎൻബിയുടെ രേഖകളിൽ വരാത്ത ഈ അണ്ടർടേക്കിംഗ് ഉപയോഗിച്ച് നീരവ് മോദിയും ബന്ധുക്കളുംകൂടി വിദേശത്തുള്ള അലഹബാദ് ബാങ്ക്, ആക്സിസ് ബാങ്ക് ശാഖകളിൽനിന്ന് വായ്പകൾ തരപ്പെടുത്തിക്കൊണ്ടേയിരുന്നു. പലിശ സഹിതം ഈ വായ്പകൾ തിരിച്ചടയ്ക്കേണ്ടതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അണ്ടർടേക്കിംഗ് നൽകിയ ബാങ്ക് പണം നൽകേണ്ടിവരും. ഇവിടെ പഞ്ചാബ് നാഷണൽ ബാങ്ക് ഈ ബാദ്ധ്യതയെല്ലാം ഏറ്റെടുക്കേണ്ടി വന്നു. നീരവ് മോദിയാകട്ടെ തുടർന്നും അണ്ടർടേക്കിംഗ് ആവശ്യപ്പെട്ടു. പിഎൻബി അതിന് ജാമ്യം ആവശ്യപ്പെട്ടു. അങ്ങനെ ഇതിനുമുമ്പ് ആവശ്യപ്പെട്ടിട്ടില്ല എന്നായി നീരവ് മോദി. രേഖകൾ പരിശോധിച്ച ബാങ്ക് അധികൃതർക്ക് ഒരു രേഖയും കണ്ടെത്താനായില്ല. അതായത് ഒരു രേഖയുമില്ലാതെയാണ് ഇക്കാലമത്രയും ബാങ്ക് അണ്ടർടേക്കിംഗ് നൽകിയിരുന്നത് എന്നർത്ഥം. ബാങ്കും പുറത്തുള്ള ഏജൻസിയുമൊക്കെ ആഡിറ്റിംഗ് പലത് നടത്തിയിട്ടും എന്തുകൊണ്ട് ഈ തട്ടിപ്പ് ഇതുവരെ കണ്ടെത്തിയില്ല എന്നതും എന്തുകൊണ്ടിത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ പെട്ടില്ല എന്നതും ഒരു അത്ഭുതമായി അവശേഷിക്കുന്നു. പട്ടാപ്പകൽ ബാങ്ക് കുത്തിച്ചോർത്തിയതിന് ഒരു ന്യായവും പിഎൻബിക്ക് നിരത്താനില്ല എന്നിരിക്കെ അവർക്ക് ജാഗ്രതയ്ക്കുള്ള അവാർഡ്കൂടി കൊടുത്തു എന്നതാണ് വിരോധാഭാസം.

### അധികാരികളുടെ ഒത്താശയോടെ നടക്കുന്ന തട്ടിപ്പുകൾ

അധികാരശ്രേണിയിലുള്ള ഉന്നതന്മാരുടെ ഒത്താശയില്ലാതെ ഇത്തരമൊരു തട്ടിപ്പ് നടക്കില്ല. ഒരു കൊച്ചുകുട്ടിക്കുപോലും മനസ്സിലാകുന്ന ഇക്കാര്യം പക്ഷേ അന്വേഷണ ഏജൻസികൾക്ക് പിടികിട്ടുന്നില്ല. മുമ്പുനടന്ന സാമ്പത്തിക ക്രമക്കേടുകളിലും തിരിമറികളിലും ഒരു വൻസ്രാവിനെയും ആരും ഇതുവരെ സ്പർശിച്ചിട്ടില്ല. ആരെങ്കിലും പിടിക്കപ്പെട്ടാൽത്തന്നെ രക്ഷപ്പെടാൻ പഴുതൊരുക്കും. ചെറിയ മീനുകളെ പിടിച്ച് അന്വേഷണ ഏജൻസികൾ കേസ് അവസാനിപ്പിക്കും. ചില ബലിയാടുകൾക്കെതിരെ ചില അച്ചടക്ക നടപടികൾ എടുക്കും. എന്നിട്ട് നിയമവും നീതിയുമൊക്കെ നടപ്പിലായതായി വീമ്പിളക്കും. ജനാധിപത്യത്തിന്റെ വിജയമാഘോഷിക്കും. വമ്പന്മാരൊക്കെ ഭരിക്കുന്നവർക്ക് വേണ്ടപ്പെട്ടവരായിരിക്കും. അവരാണ് അധികാരസ്ഥാനങ്ങൾ സംരക്ഷിക്കാനും നേതാക്കൾക്ക് സുഖസൗകര്യങ്ങളൊരുക്കാനും പണം മുടക്കുന്നത്. തെരഞ്ഞെടുപ്പ് വിജയങ്ങൾക്ക് ഫണ്ടുനൽകുന്നത്. പ്രധാനമന്ത്രിമാരടക്കം ഏതു ഗവൺമെന്റായാലും നിരപരാധി ചമയും. നിയമം വളച്ചൊടിക്കുന്നത് തുടരും. തട്ടിപ്പുകൾ അവർ കണ്ടതായി ഭാവിക്കില്ല. മുതലാളിത്ത ലോകത്താകെ ഇത്തരം കാഴ്ചകളാണിന്ന് കാണുന്നത്. ഈ ചരിത്രം ഇപ്പോഴും ആവർത്തിക്കുന്നു. സർക്കാർ സംവിധാനം ഉണർന്നു പ്രവർത്തിച്ചതായി ഭാവിക്കുന്നു. പക്ഷെ ഉന്നതന്മാരെയെല്ലാം സംരക്ഷിച്ചുകൊണ്ട് സിബിഐ ചില ബലിയാടുകളെ കണ്ടെത്തിയെന്നുമാത്രം.

### നിരപരാധി ചമയുന്ന ബിജെപിയും ഗവൺമെന്റും

ഈ കുറ്റകൃത്യത്തിൽ ഇവർക്ക് ഒരു പങ്കുമില്ലേ? ബാങ്ക് വായ്പ തിരിച്ചടയ്ക്കാത്തവരോട് ഇവർ എന്ത് ഔദാര്യമാണ് കാണിക്കുന്നത്. വായ്പ ദുരുപയോഗം ചെയ്യുകയും മനഃപൂർവ്വം തിരിച്ചടയ്ക്കാതിരിക്കുകയുമാണ് ഇവർ ചെയ്യുന്നത്. കിട്ടാക്കടം 11 ലക്ഷം കോടി കവിഞ്ഞിരിക്കുന്നു. ഇതിന്റെ മൂന്നിൽരണ്ടു ഭാഗവും വമ്പൻ കമ്പനിയുടമകൾ തരപ്പെടുത്തിയതാണ്. ബിജെപി ഭരണത്തിൽ കിട്ടാക്കടം നാലിരട്ടിയായി. എന്നിട്ട് ബജറ്റ് അവതരിപ്പിച്ചപ്പോൾ പ്രധാനമന്ത്രിയോ ധനമന്ത്രിയോ ഇതിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. പൊതുഖജനാവിലെ പണമെടുത്ത് രോഗബാധിതമായ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ് ധനമന്ത്രി പ്രസംഗിച്ചത്. കിട്ടാക്കടം പെരുകുമ്പോൾ അവർക്കുതന്നെ വീണ്ടും ആനുകൂല്യങ്ങൾ ചൊരിയുന്നത് ഇവർക്ക് ഒന്നും അറിയാത്തതുകൊണ്ടാണ് എന്നാണോ വിശ്വസിക്കേണ്ടത് ?

നീരവ് മോദി തട്ടിപ്പ് പുറത്തുവന്നപ്പോൾ ഏതാനും ദിവസം പ്രധാനമന്ത്രിയും ധനമന്ത്രിയും വായതുറന്നില്ല. 2011ൽ കോൺഗ്രസ് ഭരിക്കുമ്പോൾ തുടങ്ങിയ പ്രശ്നമാണെന്ന് മറ്റുമന്ത്രിമാരെക്കൊണ്ട് പറയിപ്പിച്ചു. എന്നാൽ 293 അണ്ടർടേക്കിംഗുകളും കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നൽകിയതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ തട്ടിപ്പിനെക്കുറിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിനെപ്പോലും ആവർത്തിച്ച് കാര്യങ്ങൾ അറിയിച്ചുകൊണ്ടിരുന്നതാണ് എന്നാണ് മാദ്ധ്യമ റിപ്പോർട്ടുകൾ. കോർപ്പറേറ്റ്കാര്യ മന്ത്രാലയത്തിന് 2015 മേയ് 7നു തന്നെ ആദ്യത്തെ പരാതി ലഭിച്ചിരുന്നു. പ്രധാനമന്ത്രിയുടെ ഓഫീസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, തട്ടിപ്പ് അന്വേഷിക്കുന്ന ഏജൻസി എന്നിവർക്കും കോപ്പി നൽകിയിരുന്നു. വൈഭവ് ഖുരാനിയ ആന്റ് ആർ.എം ഗ്രീൻ സൊലൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ പരാതി നൽകിയത്. എന്നാൽ ഒരു നടപടിയും ഉണ്ടായില്ല. ദിഗ്വിജയ് സിംഗ് ജഡേജ എന്നൊരാൾ മെഹുൽ ചോക്സിയും കൂട്ടരും തന്നെ പറ്റിച്ചുവെന്ന് പറഞ്ഞ് ഗുജറാത്തിലെ സാമ്പത്തിക കുറ്റകൃത്യ അന്വേഷണ ഏജൻസി മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എഫ്ഐആർ ഫയൽ ചെയ്തിരുന്നു. ചോക്സിയും കൂട്ടരും ബാങ്കുകൾക്ക് 9,872 കോടി നൽകാനുണ്ടെന്നും ഇവർ രാജ്യം വിട്ടുപോകാൻ സാദ്ധ്യതയുണ്ടെന്നും കാണിച്ച് ഒരു സത്യവാങ്മൂലം ഇദ്ദേഹം 2016 ജൂലൈ 20നും സമർപ്പിച്ചിരുന്നു. എന്നിട്ടും കേസെടുത്തില്ല. ബാംഗ്ലൂരിലെ ഒരു വ്യവസായിയായ ഹരിപ്രസാദ്, ഗീതാഞ്ജലി ജെംസ് ലിമിറ്റഡിനും അതിന്റെ എംഡി ചോക്സിക്കുമെതിരെ നൽകിയ പരാതിയെക്കുറിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിനെ അറിയിച്ചുകൊണ്ട് കത്തയച്ചിരുന്നു. വിജയ് മല്യ, സഹാറ ഗ്രൂപ്പിന്റെ സുബ്രത റായ്, സത്യം ഗ്രൂപ്പിന്റെ രാമലിംഗരാജു തുടങ്ങിയവർ നടത്തിയതുപോലെ ഖജനാവിന് 1000 കോടി രൂപയുടെ നഷ്ടംവരുത്തുന്ന ഒരു കുംഭകോണം ബോംബെ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ കമ്പനി നടത്തിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നാണ് കത്തിൽ പറഞ്ഞിരുന്നത്. ഇന്ത്യയിൽ സ്ഥാപിച്ചിട്ടുള്ള അനുബന്ധ കമ്പനികൾ വഴിയും വിദേശത്തുള്ള വ്യാജകമ്പനികളുടെ പേരിലും ഇദ്ദേഹം ആയിരക്കണക്കിന് കോടി രൂപയുടെ സബ്സിഡി തരപ്പെടുത്തിയകാര്യവും പറയുന്നുണ്ട്. തട്ടിപ്പിനിരയായ ഫ്രാഞ്ചൈസികളുടെ പരാതികളുടെ കോപ്പികളും സമർപ്പിച്ചിരുന്നു. പക്ഷെ ഒരു നടപടിയും ഉണ്ടായില്ല. 2015ൽ റവന്യു ഇന്റലിജൻസ് ഗുജറാത്തിലെ സച്ചിൻ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന മെഹുലിന്റെ വജ്രാഭരണ ഡിസൈനിംഗ് യൂണിറ്റ് റെയ്ഡ് ചെയ്യുകയും കയറ്റുമതി ചെയ്യേണ്ട 1216 കോടിയുടെ വജ്രാഭരണങ്ങൾ ആഭ്യന്തര കമ്പോളത്തിലേയ്ക്ക് നിയമവിരുദ്ധമായി ചാലുതിരിച്ചുവിട്ടതായി കണ്ടെത്തുകയും ചെയ്തിരുന്നു. നിയമവിരുദ്ധമായി ഇപ്രകാരം പല സർക്കാർ ആനുകൂല്യങ്ങളും തരപ്പെടുത്തിയതിലൂടെ ഖജനാവിന് 900 കോടിയുടെ നഷ്ടമാണ് വരുത്തിവച്ചത്. എന്നാൽ വെറും 37 കോടി രൂപ മാത്രമാണ് പിഴ ചുമത്തിയത്. എന്നുമാത്രമല്ല കഴിഞ്ഞമാസം ലാവോസിൽ നടന്ന ലോകസാമ്പത്തിക ഫോറത്തിൽ ഇന്ത്യയിലെ ബിസിനസുകാരുടെ പ്രതിനിധിയായി നീരവ് മോദി പങ്കെടുക്കുകയും ചെയ്തു. അവിടെവച്ച് നരേന്ദ്രമോദിയോടൊപ്പം നിൽക്കുന്ന ഗ്രൂപ്പ് ഫോട്ടോയും പുറത്തുവന്നു. 2016ൽ അരുൺ ജെയ്റ്റ്ലി നയിച്ച പ്രതിനിധി സംഘത്തിലും ഇദ്ദേഹം ഉണ്ടായിരുന്നു. 2015ൽ മെഹുൽ ചോക്സി കബളിപ്പിച്ചുവെന്ന് പറഞ്ഞ് നിരവധിപേർ പരാതി നൽകിയിരുന്നു. എന്നാൽ ഗുജറാത്ത് പോലീസ് ഒരു എഫ്ഐആർ എടുക്കാൻ തയ്യാറായില്ല. നരേന്ദ്രമോഡിയുടെ വൈബ്രന്റ് ഗുജറാത്ത് പ്രചാരണത്തിലും മെഹുലിന് നല്ല പരസ്യം കിട്ടിയിരുന്നു. മെഹുലിന്റെ 'ഗീതാഞ്ജലി' എന്ന സ്ഥാപനത്തിന്റെ പരസ്യത്തിൽ പല ബിജെപി നേതാക്കളും അവരുടെ ബന്ധുക്കളും പങ്കെടുത്തിട്ടുണ്ട്. 2015ൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നടന്ന ഒരു ചടങ്ങിൽ ഇദ്ദേഹവും ക്ഷണിക്കപ്പെട്ടിരുന്നു. 'മെഹുൽ ഭായ്' ജുവലറി ബിസിനസ് രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അന്ന് പ്രധാനമന്ത്രിതന്നെ പുകഴ്ത്തിപ്പറഞ്ഞിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ പഞ്ചാബിൽ ബിജെപി സ്ഥാനാർത്ഥിയായി മത്സരിച്ച് തോറ്റ ധനകാര്യമന്ത്രിയുടെ അടുപ്പക്കാരനെ പിഎൻബിയുടെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയതായും ആരോപണമുണ്ട്. വിദേശത്ത് അജ്ഞാതവാസം നടത്തുന്ന നീരവ് മോദി, ബാങ്കിന്റെ നടപടി തന്റെ ബിസിനസ് തകർത്തതുകാരണം വായ്പ തിരിച്ചടയ്ക്കാനാകുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് പിഎൻബിക്ക് കത്തയച്ചു എന്നതാണ് ഏറ്റവും രസകരം. നീരവ് മോദിയുടെ ബിസിനസ് സ്ഥാപനങ്ങളിൽ നിന്ന് പിഎൻബി കാലാകാലങ്ങളിൽ ഫീസ് ഈടാക്കിയിരുന്നെന്നും എല്ലാം നിയമപ്രകാരമാണ് നടന്നിട്ടുള്ളതെന്നും ഇയാളുടെ വക്കീൽ അവകാശപ്പെടുന്നു. എന്നാൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മുമ്പാകെയോ, സിബിഐ മുമ്പാകെയോ ഹാജരാകാൻ ഇയാൾ കൂട്ടാക്കുന്നില്ല. എന്നുമാത്രമല്ല പണം തിരിച്ചടയ്ക്കാനും തയ്യാറാകുന്നില്ല. ഉന്നതന്മാരുടെ ഒത്താശയില്ലാതെ ഇതി

(ശേഷം 9-ാം പേജിൽ)

**അധികാരശ്രേണിയിലുള്ള ഉന്നതന്മാരുടെ ഒത്താശയില്ലാതെ ഇത്തരമൊരു തട്ടിപ്പ് നടക്കില്ല. ഒരു കൊച്ചുകുട്ടിക്കുപോലും മനസ്സിലാകുന്ന ഇക്കാര്യം പക്ഷേ അന്വേഷണ ഏജൻസികൾക്ക് പിടികിട്ടുന്നില്ല. മുമ്പുനടന്ന സാമ്പത്തിക ക്രമക്കേടുകളിലും തിരിമറികളിലും ഒരു വൻസ്രാവിനെയും ആരും ഇതുവരെ സ്പർശിച്ചിട്ടില്ല. ആരെങ്കിലും പിടിക്കപ്പെട്ടാൽത്തന്നെ രക്ഷപ്പെടാൻ പഴുതൊരുക്കും. ചെറിയ മീനുകളെ പിടിച്ച് അന്വേഷണ ഏജൻസികൾ കേസ് അവസാനിപ്പിക്കും. ചില ബലിയാടുകൾക്കെതിരെ ചില അച്ചടക്ക നടപടികൾ എടുക്കും.**

# അഴിമതിയുടെ കാര്യത്തിൽ മോദി ഭരണം കോൺഗ്രസ് ഭരണത്തെ കടത്തിവെട്ടുന്നു

(8-ാം പേജിൽ നിന്ന്)

ന് ധൈര്യപ്പെടുമോ ? ഇയാളിൽ നിന്ന് ആനുകൂല്യങ്ങൾ പറ്റിക്കൊണ്ട് നിയമങ്ങളുടെയൊന്നും പിടിയിൽപ്പെടാതെ വിദേശത്തേയ്ക്ക് കടക്കാൻ ഇവർതന്നെ ഒത്താശചെയ്തതല്ലേ ? ബാങ്കിലെ ഇടത്തരക്കാരായ ചില ഉദ്യോഗസ്ഥർ ആഡിറ്റിംഗ് ഏജൻസിയുമായി ഒത്തുകളിച്ച് നടത്തിയതാണ് ഈ കുംഭകോണമെന്ന ധനകാര്യമന്ത്രിയുടെ കെട്ടുകഥ നമ്മൾ അതേപടി വിഴുങ്ങണോ? ബിജെപി നേതാക്കൾക്ക് ഈ തട്ടിപ്പുകാരുമായി ഒരു ബന്ധവുമില്ലെന്നും അവരിതിനൊന്നും മൗനാനുവാദം കൊടുക്കുകയായിരുന്നില്ലെന്നും നമ്മൾ വിശ്വസിക്കണോ?

**ബിജെപിയും ഗവൺമെന്റും എത്രത്തോളം ശുദ്ധമാണ്?**

നരേന്ദ്രമോദി പ്രധാനമന്ത്രിയായപ്പോൾ പ്രഖ്യാപിച്ചത് "പൊതുമുതൽ കട്ടുതിന്നുകയോ മറ്റാരെങ്കിലും തിന്നാൻ അനുവദിക്കുകയോ ചെയ്യില്ല" എന്നായിരുന്നു. നിരവധി കുംഭകോണങ്ങളിൽപ്പെട്ടിരിക്കുന്ന കോൺഗ്രസിനെ മനസ്സിൽ കണ്ടാണ് ഇത് പറഞ്ഞത്. എന്നാൽ നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെയും അഴിമതി നടത്തിയും പൊതുമുതൽ കൊള്ളയടിക്കുന്നതിൽ ഇന്ന് ഒരു കടിഞ്ഞാണുമില്ല. 526 കോടിയുടെ സ്ഥാനത്ത് 1,611 കോടി വിലവച്ച് റഫേൽ യുദ്ധവിമാനങ്ങൾ വാങ്ങിയതിലെ അഴിമതി പുറത്തുവന്നതിനു പിന്നാലെയാണ് നീരവ് മോദി സംഭവം പുറത്തുവന്നത്. കുംഭകോണങ്ങളുടെ കാര്യത്തിൽ മോദി ഭരണത്തിന് കോൺഗ്രസ് വാഴ്ചയിൽനിന്ന് ഒരു വ്യത്യാസവുമില്ല എന്നാണിതെല്ലാം വ്യക്തമാക്കുന്നത്. കുടം കലത്തെ കറുമ്പനെന്നു വിളിക്കുന്നതുപോലെ ഇരുകൂട്ടരും പരസ്പരം കുറ്റപ്പെടുത്തുന്നുണ്ടെന്നു മാത്രം. അധികാര സ്ഥാപനമെന്നതിനേക്കാൾ ഭരണ നിർവ്വഹണമെന്ന നിലയിലാണ് തന്റെ ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് മോദി സ്വയം പ്രശംസിക്കാറുണ്ട്. സത്യസന്ധതയുടെ ആഘോഷമാണെങ്ങും എന്നാണ് ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലി പൊങ്ങച്ചം പറയുന്നത്. എന്നാൽ രക്തദാഹികളായ മുതലാളിമാർ ബിജെപി ഭരണം ശരിക്കും മുതലാക്കുന്നു എന്നതാണ് സത്യം. മുതലാളിമാരുടെ സംഘടനകളായ 'അസോച്ച'വും 'ഫിക്കി'യും ബാങ്കുകളുടെ പരാധീനതകൾ പരിഹരിക്കാൻ അവയെ സ്വകാര്യവൽക്കരിക്കാനാണ് ഉപദേശിക്കുന്നത്. 736 സ്വകാര്യ ബാങ്കുകളാണ് പാപ്പരായി പൊതുമേഖല ബാങ്കുകളിൽ ലയിച്ചിട്ടുള്ളത് എന്നകാര്യം അവർ കൗശലപൂർവ്വം മറച്ചുവയ്ക്കുന്നു. സ്വകാര്യവൽക്കരണമാണ് ഒറ്റമൂലിയെങ്കിൽ ഇതെങ്ങനെ സംഭവിച്ചു? ഓരോ വ്യവസായികളും യാതൊരു നിയന്ത്രണവുമില്ലാതെ സ്വന്തം താല്പര്യാർത്ഥം സ്വകാര്യബാങ്കുകളിൽ നിന്ന് പണം തരപ്പെടുത്തിക്കൊണ്ടുപോവുന്നു എന്ന കാരണം പറഞ്ഞ് സ്വകാര്യബാങ്കുകൾ ദേശസാൽക്കരിക്കാൻ മുതലാളി വർഗവും അവരുടെ വിശ്വസ്തന്മാരായ കോൺഗ്രസ് ഗവൺമെന്റും തയ്യാറായതെന്തുകൊണ്ടാണ്? ചെറുകിടക്കാർ വായ്പകൾ തിരിച്ചടയ്ക്കാഞ്ഞതുകൊണ്ടല്ല വൻകിട ബിസിനസുകാർ കൊള്ളയടിച്ചതുകൊണ്ടാണ് ഇവ പാപ്പരായത് എന്നതല്ലേ സത്യം? പ്രൊമോട്ടർമാർ സ്വന്തം ബിസിനസ് പുഷ്ടിപ്പെടുത്താനായി ബാങ്കിലെ പണം ദുരുപയോഗം ചെയ്തു എന്നതും വസ്തുതയല്ലേ? സ്വകാര്യബാങ്കുകൾ അഴിമതിമുക്തമാണെന്ന് കരുതാൻ എന്ത് ന്യായമാണുള്ളത് ? അപ്പോൾ പിന്നെ ഈ കൊള്ളക്കാരെ പൊതുമേഖലാ ബാങ്കുകൾ ഏൽപിച്ചുകൊടുത്താൽ ജനങ്ങളുടെ നിക്ഷേപങ്ങളുടെ ഗതിയെന്താകും? പ്രധാനമന്ത്രിയുടെയും കൂട്ടാളികളുടെയും പൊള്ളയായ അവകാശ വാദങ്ങളും പൊങ്ങച്ചങ്ങളും നീരവ് മോദി സംഭവത്തോടെ പൊളിഞ്ഞുവീണിരിക്കുകയാണ്. നിർബാധമായ കൊള്ളയ്ക്ക് അവസരമുണ്ടെന്നതിനാൽ നരേന്ദ്രമോദി ഭരണത്തെ സ്വദേശ-വിദേശ കോർപ്പറേറ്റുകൾ അകമഴിഞ്ഞ് പിന്തുണയ്ക്കുകയാണ്.

**കൃത്യമായ പദ്ധതി വ്യക്തമാകുന്നു**

സാമ്പത്തിക പരിഷ്കരണങ്ങളുടെ പേരിൽ കുത്തകകൾക്ക് ആനുകൂല്യങ്ങൾ ചൊരിയുന്ന ബിജെപി ഗവൺമെന്റിന്റെ കൃത്യമായ പദ്ധതിയാണ് ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നത്. കള്ളപ്പണം കണ്ടെത്താനെന്നപേരിൽ നടത്തിയ നോട്ട് നിരോധനമായിരുന്നു ആദ്യനടപടി. പ്രചാരത്തിലുണ്ടായിരുന്ന കള്ളപ്പണംകൂടി വെളുപ്പിക്കാനേ അത് ഉപകരിച്ചുള്ളൂ. കള്ളപ്പണം സൃഷ്ടിച്ചും സംരക്ഷിച്ചുമാണ് മുതലാളിത്തം ഇന്ന് നിലനിൽക്കുന്നത്. സാധാരണക്കാരന്റെ അവസാനചില്ലിത്തുട്ടുവരെ ബാങ്കിൽ നിക്ഷേപിക്കാൻ നിർബന്ധിച്ചുകൊണ്ട് അംബാനിമാർക്കും അദാനിമാർക്കും നീരവ് മോദിമാർക്കുമൊക്കെ അത് യഥേഷ്ടം കൈയിട്ടുവാരാൻ അവസരമൊരുക്കിയിരിക്കുന്നു. മറുവശത്ത് കൂലിപ്പണിക്കാരും സാധാരണക്കാരും മാത്രമല്ല ഇടത്തരം കച്ചവടക്കാരും ബിസിനസ്സുകാരുംവരെ പ്രതിസന്ധിയിലായി. കുത്തകകൾക്ക് ചുളുവിൽ ബാങ്ക്വായ്പ തരപ്പെടുത്താനായി നിക്ഷേപങ്ങളുടെ പലിശയും അടിക്കടി കുറച്ചു. വ്യവസായ വളർച്ചയുടെ പേരു പറഞ്ഞ് ദേശീയ സമ്പാദ്യപദ്ധതിയുടെപോലും പലിശനിരക്ക് വെട്ടിക്കുറച്ച് സാധാരണക്കാരെ പ്രഹരിച്ചിരിക്കുന്നു.

ഇങ്ങനെ ബാങ്ക് വായ്പ തരപ്പെടുത്തുന്നവർ യഥാർത്ഥ കമ്പനികളാണോ അതോ പേപ്പർ കമ്പനികളും വ്യാജന്മാരുമാണോ എന്നതാണ് പ്രശ്നം. ഇതേത്തുടർന്നാണ് നികുതി വെട്ടിപ്പ് തടയാനും നികുതി ഘടന ലളിതമാക്കാനുമെന്നു പറഞ്ഞ് ജിഎസ്ടി നടപ്പിലാക്കിയത്. ഒരു മുതലാളിത്ത ഘടനയിൽ ഏതൊരു നിയമവും പരിഷ്ക്കരണവും മുതലാളിമാർക്ക് അനുകൂലമായേ സംഭവിക്കൂ. രാഷ്ട്രീയാധികാരത്തോടൊപ്പം അത് സാമ്പത്തികാധികാരത്തിന്റെയും കേന്ദ്രീകരണം ഉറപ്പാക്കുന്നു. മുതലാളി വർഗ്ഗത്തിന്റെ കയ്യിൽ ഇവ്വിധം അധികാരമെല്ലാം കേന്ദ്രീകരിക്കുന്നത് മൂടിവയ്ക്കാനാണ് അധികാരത്തിലിരിക്കുന്നവർ കപട വാഗ്ദാനങ്ങൾ നിരത്തി വയ്ക്കുന്നതും പുരോഗമനക്കാരായി നടിക്കുന്നതും. ജിഎസ്ടി ഇതിന്റെ നല്ല ഉദാഹരണമാണ്. നികുതി ഘടന ലളിതമാക്കാനോ നികുതി വെട്ടിപ്പ് തടയാനോ അത് ഉപകരിച്ചിട്ടില്ല. നേട്ടമെല്ലാം മുലാളിമാർക്കും ഭാരമെല്ലാം സാധാരണക്കാർക്കും എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അന്തിമ വിലയിൽ നികുതി പ്രതിഫലിക്കുമ്പോൾ അവശ്യസാധനങ്ങൾക്കുപോലും വൻവിലവർദ്ധനവുണ്ടായിരിക്കുന്നു. ഇതിനുശേഷമാണ് എഫ്ആർഡിഐ ബിൽ കൊണ്ടുവന്നത്. നീരവ് മോദിയെപ്പോലെ വൻകിട ബിസിനസ്സുകാർ ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാതെ ബാങ്കുകളെ ശ്വാസം മുട്ടിക്കുന്നതുവഴി ഉണ്ടാകുന്ന കൃത്രിമമായ ഒരു പ്രതിസന്ധി നിക്ഷേപകരുടെ പണമെടുത്ത് പരിഹരിക്കാനുള്ള പദ്ധതിയാണിത്. അവിടെയും കൊള്ളയടിക്കപ്പെടുന്നത് സാധാരണക്കാർ തന്നെ. വിലകയറുന്നു, തൊഴിൽ നഷ്ടപ്പെടുന്നു, ജനങ്ങൾ സർവ്വനാശത്തെ അഭിമുഖീകരിക്കുകയാണ്. വറുതിക്കാലത്തെ മുന്നിൽക്കണ്ട് ബാങ്കിലിട്ടിരിക്കുന്ന പണവും വമ്പൻമാർ തട്ടിയെടുക്കുന്നു. വിലത്തകർച്ചയും വിളനാശവുംമൂലം പ്രതിസന്ധിയിലാകുന്ന കർഷകൻ വായ്പതിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ അവന്റെ വസ്തുവകകൾ ബാങ്ക് കവർന്നെടുക്കും. ഒരു സുപ്രഭാതത്തിൽ കർഷകൻ തെരുവുതെണ്ടിയായി മാറുകയാണ്. അപമാനം ഭയന്ന് കർഷകർ ആത്മഹത്യയെ അഭയം പ്രാപിക്കുന്നു. സാധാരണക്കാരന് ഒരു ബാങ്ക്വായ്പ തരപ്പെടുത്താൻ കടമ്പകൾ ഏറെയാണ്. എങ്ങനെയെങ്കിലും വായ്പ കിട്ടിയാൽ അതിന്റെ ഗഡുക്കളടയ്ക്കുന്നത് മുടങ്ങിയാൽ നിയമനടപടിയായി, വിരട്ടലായി, ബാങ്ക് ഏർപ്പെടുത്തുന്ന ഗുണ്ടകൾ കൈയേറ്റം ചെയ്യുകപോലുമായി. എന്നാൽ അദാനി, അംബാനിമാർ വീഴ്ച വരുത്തിയാലോ അവരുടെ വായ്പ എഴുതിത്തള്ളുകയോ അവർക്ക് ഇളവുകൾ നൽകുകയോ പുതിയ വായ്പകൾ അനുവദിക്കുകയോ ഒക്കെ ചെയ്യും. ഇതാണ് മുതലാളിത്ത ഇന്ത്യയുടെ സ്ഥിതി. ആര്, ആർക്കുവേണ്ടിയാണ് രാജ്യം ഭരിക്കുന്നത് എന്നതാണ് വിഷയം. മുതലാളി വർഗ്ഗത്തിന്റെ ദാസന്മാരാണ് ഭരിക്കുന്ന പാർട്ടികൾ. അവർ നിയമങ്ങൾ മറികടന്നും ഇക്കൂട്ടരെ സേവിക്കുന്നു. ജനങ്ങൾക്കുമേൽ കടുത്ത ആക്രമണങ്ങൾ നടത്തി അവരെ കൊള്ളയടിക്കുന്നതിന്റെ പേരാണ് മോദിയുടെ 'സ്വസ്ഥമായി ബിസിനസ്സ് നടത്തൽ' എന്ന മുദ്രാവാക്യം. സത്യത്തിൽ ബിജെപിയും കോൺഗ്രസ്സുമടക്കം എല്ലാ ബൂർഷ്വാ പാർട്ടികളും ഇത്തരം അഴിമതിയും കുംഭകോണങ്ങളുമൊക്കെ ഉപയോഗപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നത്.

അഴിമതി, തിരിമറി, തട്ടിപ്പ് എല്ലാം മരണാസന്ന മുതലാളിത്തത്തിന്റെ സവിശേഷതകൾ.

ഇന്ത്യൻ ബാങ്കിംഗ് സംവിധാനത്തിന്റെ തകരാറോ, ഒരുപിടി കുബുദ്ധികളുടെ പദ്ധതിയോ ആയി ഈ തട്ടിപ്പിനെക്കാണുന്നത് ശരിയല്ല. മുതലാളിത്ത ലോകത്താകെ ഇത്തരം കുറ്റകൃത്യങ്ങളും അപചയങ്ങളുമൊക്കെ വ്യാപിച്ചിരിക്കുന്നതായി കാണാം. മുതലാളിത്തത്തിന്റെ ആരംഭകാലത്ത് ബാങ്കുകൾ പ്രവർത്തിച്ചിരുന്നത് ജനങ്ങളിൽനിന്ന് പണം സ്വരൂപിച്ച് സാമ്പത്തിക വികസനത്തിന് വായ്പ നൽകാനും ജനങ്ങൾക്ക് അതിൽനിന്ന് ഒരു വരുമാനം ഉറപ്പാക്കാനുംവേണ്ടിയായിരുന്നു. എന്നാൽ ഇന്ന് മുതലാളിത്ത വ്യവസ്ഥയ്ക്ക് പുരോഗമനസ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു. ജീർണ്ണിച്ച ആ വ്യവസ്ഥ അങ്ങേയറ്റം പിന്തിരിപ്പനായിരിക്കുന്നു. അതോടെ ബാങ്കുകളും കള്ളക്കടത്തടക്കം എല്ലാ അധാർമ്മിക പ്രവർത്തികൾക്കും ഫണ്ട് ഉറപ്പാക്കുന്ന കേന്ദ്രങ്ങളായി മാറി. നിയമങ്ങൾ കാറ്റിൽപ്പറത്തിയും തത്ത്വങ്ങൾ ബലികഴിച്ചും മൂല്യങ്ങൾ ചവുട്ടിമെതിച്ചുംകൊണ്ടല്ലാതെ, അടിമുടി അഴിമതി നടത്തിക്കൊണ്ടല്ലാതെ മുതലാളിത്തത്തിന് അതിന്റെ ചൂഷണവാഴ്ച ഇന്ന് തുടർന്നുകൊണ്ടുപോകാനാകില്ല. അഴിമതിയിൽത്തന്നെ സാമ്പത്തിക അഴിമതിയാണ് ഏറ്റവും മുൻപന്തിയിൽ. മുതലാളിത്ത നിയമങ്ങളുടെ ഫലമായിത്തന്നെ വന്നുഭവിച്ചിരിക്കുന്ന അപരിഹാര്യമായ കമ്പോളപ്രതിസന്ധിമൂലം ഉൽപ്പാദനപരമായ മേഖലയിൽ പരമാവധി ലാഭമെന്നത് അസാദ്ധ്യമായിരിക്കുന്നു. അതിനാൽ അധികംവരുന്ന മൂലധനം ഊഹക്കച്ചവടത്തിലേയ്ക്കും അധാർമ്മികമായ മറ്റ് രംഗങ്ങളിലേയ്ക്കും വഴിതിരിച്ചുവിടുകയാണ്. മുതലാളിത്ത സംവിധാനമാകെ ഭാഗ്യാന്വേഷികളുടെ ഒരു താവളമായി മാറിയിരിക്കുകയാണ്. അനുവദനീയവും അല്ലാത്തതുമായ മാർഗ്ഗങ്ങളിലൂടെ പണമുണ്ടാക്കുന്നതിനായി ബാങ്കിലെ പണവും തരപ്പെടുത്തുന്നു. ബാങ്കുകൾ സ്വന്തം ഉത്തരവാദിത്വം മറന്ന് ഇവർക്ക് ഫണ്ട് ഉറപ്പാക്കുന്ന പണി ഏറ്റെടുത്തിരിക്കുകയാണ്. വൻകിട വ്യവസായികളും കള്ളക്കച്ചവടക്കാരും അഴിമതിക്കാരായ ഉദ്യോഗസ്ഥപ്രമാണിമാരും ദുരാഗ്രഹികളായ രാഷ്ട്രീയ നേതാക്കളുമൊക്കെയടങ്ങുന്ന ഒരു ഗൂഢസംഘത്തിന്റെ അനുബന്ധമായി ബാങ്കുകളും മാറിയിരിക്കുന്നു. 2008 ൽ അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ട് ആഗോളസമ്പദ്ഘടനയെ പിടിച്ചുലച്ച സബ്പ്രൈം പ്രതിസന്ധി ഇതിന്റെ ഉത്തമോദാഹരമമാണ്. ഇവരുടെ ദാസ്യത്തിലുള്ള ഗവൺമെന്റുകൾ നിയമങ്ങൾ കാറ്റിൽപ്പറത്തി ഇവർക്ക് ഒത്താശ ചെയ്യുന്നു. അധികാരത്തിലേറ്റുന്ന മുതലാളിമാരോട് അവർ നന്ദികാണിക്കുന്നു. അവരുടെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നു. കോൺഗ്രസ്സോ ബിജെപിയോ ആകട്ടെ അമേരിക്കയിലെ ഡെമോക്രാറ്റുകളോ റിപ്പബ്ലിക്കൻമാരോ ആകട്ടെ ശുഷ്കാന്തിയോടെ ഇതേ കാര്യങ്ങൾ തന്നെയാണ് ചെയ്യുന്നത്. ഏതെങ്കിലും കുംഭകോണം പുറത്തായി എന്നുകണ്ടാൽ ഇവർ സർക്കാർ നടപടികളുടെ ഒരു പ്രകടനം നടത്തും. കടുത്ത നടപടികളെക്കുറിച്ച് ഗീർവ്വാണം മുഴക്കിക്കൊണ്ട് പേരിനൊരു റെയ്ഡോ, അറസ്റ്റോ മറ്റോ നടത്തും.ഒച്ചപ്പാടെല്ലാം കഴിയുന്നതോടെ നടപടികളും അവസാനിക്കും. കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, മോഷ്ടിച്ച പണം അവർ സുഖമായി അനുഭവിക്കുകയും ചെയ്യും. മുതലാളിത്ത ഭരണകൂടം അവരെ സംരക്ഷിച്ചുകൊള്ളും. ഈ കൊള്ളക്കാരിൽനിന്ന് പണം പറ്റി പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർ നിഷ്പക്ഷരായി മേനിനടിച്ച് വീണ്ടും ഇതേ കാര്യങ്ങളിൽ വ്യാപൃതരാകും. ഈ തിന്മകളൊക്കെ ഊട്ടിവളർത്തുന്നതും സംരക്ഷിച്ചുനിർത്തുന്നതുമൊക്കെ മുതലാളിത്ത വ്യവസ്ഥതന്നെയാണെന്നുള്ള കാര്യം ഒരിക്കലും നാം മറക്കരുത്.

**എന്താണ് പ്രതിവിധി?**

ജനങ്ങൾ ഇതിനെല്ലാം ഇരയായി നിസ്സഹായരായി കഴിഞ്ഞുകൊള്ളും എന്നാണോ? ഈ അഴിമതിയും തട്ടിപ്പുമൊക്കെ എന്നും അനുവദിച്ചുകൊടുക്കും എന്നാണോ? ഒരിക്കലുമില്ല. ശരിയായ ധാരണയുടെയും ശരിയായ സമീപനത്തിന്റെയുമടിസ്ഥാനത്തിൽ ഇതിനെ നേരിടാൻ ജനങ്ങൾ തയ്യാറാകണം. അങ്ങനെ ചെയ്താൽ ഈ കൊള്ളയ്ക്കും സാമ്പത്തികാക്രമണങ്ങൾക്കുമൊക്കെ തടയിടാൻ കഴിയും. ഇടതുപക്ഷ വീക്ഷണത്തിന് മുൻതൂക്കമുണ്ടായിരുന്ന സമരങ്ങൾ നടന്ന സ്വാതന്ത്ര്യസമരകാലത്തും സ്വതന്ത്രഇന്ത്യയിൽ കുറേക്കാലത്തേയ്ക്കും ജനങ്ങൾക്കുമേൽ ഇത്തരത്തിലുള്ള സാമ്പത്തിക ആക്രമണങ്ങൾ സംഭവിച്ചിരുന്നില്ല. അധികാരത്തിനുപിന്നാലെ പായുന്ന കപടകമ്യൂണിസ്റ്റുകളുടെയും കപടഇടതുപക്ഷക്കാരുടെയും സന്ധിമനോഭാവംമൂലമെന്നുതന്നെ പറയാം, സമരങ്ങൾ ദുർബലമായതോടെ മുതലാളിവർഗ്ഗവും അവരുടെ സേവകരും ജനങ്ങൾക്കുമേൽ കടുത്ത സാമ്പത്തികാക്രമണങ്ങൾ ഒന്നിനുപിറകെ ഒന്നായി അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ചെറുത്തുനിൽപ്പ് ദുർബലമാകുന്നതിനനുസരിച്ച് ഭരണവർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും ആക്രമണങ്ങൾക്ക് ആക്കം വർദ്ധിച്ചുകൊണ്ടിരിക്കും. അതിനാൽ ഈ തിന്മകൾക്കെല്ലാം അറുതി വരുത്തുന്നതിനായി ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് ശരിയായ നേതൃത്വത്തിൻകീഴിൽ സംഘടിക്കാനും സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കാനും ജനങ്ങൾക്ക് കഴിയണം●

**കഴിഞ്ഞമാസം ലാവോസിൽ നടന്ന ലോകസാമ്പത്തിക ഫോറത്തിൽ ഇന്ത്യയിലെ ബിസിനസുകാരുടെ പ്രതിനിധിയായി നീരവ് മോദി പങ്കെടുത്തു. അവിടെവച്ച് നരേന്ദ്ര മോദിയോടൊപ്പം നിൽക്കുന്ന ഗ്രൂപ്പ് ഫോട്ടോയും പുറത്തുവന്നു. 2016ൽ അരുൺ ജെയ്റ്റ്ലി നയിച്ച പ്രതിനിധി സംഘത്തിലും ഇദ്ദേഹം ഉണ്ടായിരുന്നു...2015ൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നടന്ന ഒരു ചടങ്ങിൽ മെഹുൽ ചോക്സിയും ക്ഷണിക്കപ്പെട്ടിരുന്നു. 'മെഹുൽ ഭായ്' ജുവലറി ബിസിനസ് രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അന്ന് പ്രധാനമന്ത്രിതന്നെ പുകഴ്ത്തിപ്പറഞ്ഞിരുന്നു.**

# ഐതിഹാസികമായ വിളപ്പിൽശാല ജനകീയസമര വിജയത്തിന്റെ 6–ാം വാർഷികം ആചരിച്ചു

ജനകീയ സമരങ്ങൾക്ക് സ്വീകരിക്കാവുന്ന ലക്ഷണമൊത്ത മാതൃകയെന്ന നിലയിൽ ഉയർന്നുവന്ന ഐതിഹാസികമായ വിളപ്പിൽശാല ജനകീയ ചെറുത്തുനിൽപ്പ് സമരവിജയത്തിന്റെ 6–ാം വാർഷികം ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ വിളപ്പിൽ നിവാസികൾ ഗംഭീരമായി ആചരിച്ചു.

12 വർഷക്കാലം നഗരത്തിന്റെ കുപ്പത്തൊട്ടിയായിരുന്നു വിളപ്പിൽശാല. ജനങ്ങളുടെ എതിർപ്പുകളെയും പ്രതിഷേധങ്ങളെയും അടിച്ചമർത്തിയാണ് 2000–ാമാണ്ടിൽ വിളപ്പിൽശാല മാലിന്യകേന്ദ്രം സ്ഥാപിച്ചത്. അതോടെ, വിളപ്പിൽ പഞ്ചായത്തും സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന വലിയൊരു പ്രദേശം മുഴുവൻ അസഹ്യമായ ദുർഗന്ധത്തിന്റെ പിടിയിലാവുകയും ജനജീവിതം ദുരിതപൂർണ്ണമായിത്തീരുകയും ചെയ്തു. കിണറുകളും ജലാശയങ്ങളും മലിനമായി, ജനങ്ങളുടെ ആരോഗ്യവും പരിസ്ഥിതിയും താറുമാറായി. മാറിമാറിവന്ന തെരഞ്ഞെടുപ്പുകളിലൂടെ അധികാരത്തിൽ വന്നവർ ജനങ്ങളുടെ ദുരിതങ്ങൾക്ക് തരിമ്പും വിലകൽപ്പിച്ചില്ല എന്നുമാത്രമല്ല കാലാകാലങ്ങളിൽ ഉയർന്നുവന്ന ജനകീയ പ്രതിഷേധങ്ങളെ വഞ്ചിക്കുകയും തകർക്കുകയും ചെയ്തു. അനവധി പേർ നിസ്സാര വിലയ്ക്ക് വീടും വസ്തുവകകളും വിറ്റ് പ്രദേശത്തുനിന്ന് പലായനം ചെയ്തുതുടങ്ങി. പ്രതീക്ഷകളെല്ലാം അസ്തമിച്ച ഈ ഘട്ടത്തിലാണ്, കക്ഷിരാഷ്ട്രീയത്തിനതീതമായി ജനകീയ സമിതി രൂപം കൊള്ളുകയും 2011 ജനുവരി 9–ന് സമരമാരംഭിക്കുകയും ചെയ്തത്. ഭരണ–രാഷ്ട്രീയ നേതൃത്വങ്ങളും നിക്ഷിപ്ത കേന്ദ്രങ്ങളും സമരത്തെ മുളയിലേ നുള്ളാനാണ് ശ്രമിച്ചത്. ജനങ്ങൾ സമരരംഗത്ത് അണിനിരക്കുന്നത് തടയാൻ അവർ എല്ലാ ശ്രമങ്ങളും നടത്തി. എന്നാൽ, സമരത്തിന്റെ തുടക്കംമുതൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനകീയ സമിതിക്കും സമരത്തിനും ഉറച്ച പിന്തുണ നൽകി. ജനകീയ സമിതിയുടെ കീഴിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ സമരക്കമ്മിറ്റികൾ രൂപീകരിച്ച് ശക്തമായ ചെറുത്തുനിൽപ്പ് സമരത്തിന് അടിത്തറ പാകണമെന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നിർദ്ദേശം ജനകീയ സമിതി ആവേശപൂർവ്വം സ്വീകരിച്ചു. അപ്രകാരം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകരും ജനകീയ സമിതി പ്രവർത്തകരും സംയുക്തമായി ചുരുങ്ങിയ കാലയളവിനുള്ളിൽ നൂറിലേറെ സമരക്കമ്മിറ്റികൾ ദുരിതമേഖലയിൽ രൂപീകരിക്കുകയും ചെയ്തു. ക്രമേണ ജനകീയ സമിതി പ്രവർത്തകരും എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകരും ഇഴപിരിയാനാവാത്ത വിധം ഐക്യപ്പെടുകയും ബൃഹത്തായ ബഹുജന മുന്നേറ്റത്തിനുവേണ്ടുന്ന കേന്ദ്രനേതൃത്വമായി വികസിച്ചുവരികയും ചെയ്തു. ഘട്ടംഘട്ടമായി വളർന്നുവന്ന ആ സമരപ്രവർത്തനങ്ങളുടെ പിൻബലത്തിൽ 2011 ഡിസംബർ 21 മുതൽ നഗരത്തിൽനിന്ന് വിളപ്പിൽശാലയിലേക്കുള്ള മാലിന്യനീക്കം ജനകീയ സമിതിയുടെ നേതൃത്വത്തിൽ ജനങ്ങൾ തടഞ്ഞു. നഗരസഭ ഹൈക്കോടതിയെ സമീപിച്ചു. പോലീസ് സംരക്ഷണയോടെ വിളപ്പിൽശാലയിൽ മാലിന്യനിക്ഷേപം നടത്താൻ ഹൈക്കോടതി താൽക്കാലിക വിധി പുറപ്പെടുവിച്ചു. അതേത്തുടർന്ന്, 2012 ഫെബ്രുവരി 13–ന് വൻ പോലീസ് സൈന്യത്തിന്റെ അകമ്പടിയോടെ മാലിന്യനീക്കം പുനരാരംഭിക്കാനുള്ള നീക്കത്തെ വിളപ്പിൽ നിവാസികൾ സംഘടിതമായി ചെറുത്തുപരാജയപ്പെടുത്തി. സ്ത്രീകളും കുട്ടികളും രോഗികളും വൃദ്ധരും മുൻനിരയിൽ അണിനിരന്ന് ജനകീയ സമിതിയുടെ നേതൃത്വത്തിൽ നടന്ന ഉജ്ജ്വലമായ ആ ചെറുത്തുനിൽപ്പ് സമരം കേരളത്തിലുടനീളം വലിയ ആവേശവും ചലനങ്ങളുമാണ് സൃഷ്ടിച്ചത്. അതിനുശേഷം, നഗരസഭയ്ക്കനുകൂലമായ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ആഗസ്റ്റ് 3–ന് നടന്ന പോലീസ് നടപടിയെയും ജനങ്ങൾ ചെറുത്തുപരാജയപ്പെടുത്തി. അതോടെ, ഭരണകേന്ദ്രങ്ങളും നീതിന്യായ സംവിധാനങ്ങളും ജനഹിതം മാനിക്കാൻ നിർബ്ബന്ധിതമാവുകയായിരുന്നു.

വിളപ്പിൽശാല ജനകീയ സമരത്തിന്റെ വഴിത്തിരിവായി മാറിയ ഫെബ്രുവരി 13–ന്റെ ചെറുത്തുനിൽപ്പ് സമര വിജയം എല്ലാ വർഷവും ആചരിക്കണമെന്ന ജനകീയ സമിതിയുടെ തീരുമാനപ്രകാരമാണ് 6–ാം വാർഷികാചരണം നടന്നത്. സമരത്തിന്റെ മറക്കാനാവാത്ത ദൃശ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോ ഡോക്യുമെന്ററിയുടെ അകമ്പടിയോടെ ജനകീയ സമിതി പ്രവർത്തകർ സമരമേഖലയിലുടനീളം ഘോഷയാത്ര സംഘടിപ്പിച്ചു. ആയിരക്കണക്കിനാളുകൾ പരിപാടിയിൽ പങ്കാളികളാവുകയും സമരാനുഭവങ്ങൾ അങ്ങേയറ്റം വികാരവായ്പോടെ പങ്കുവയ്ക്കുകയും ചെയ്തു.

വിളപ്പിൽശാല നെടുങ്കുഴിയിൽ ജനകീയ സമിതി പ്രസിഡന്റ് എസ്. ബുർഹാന്റെ അധ്യക്ഷതയിൽ ചേർന്ന സമാപനയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. ജനകീയ സമിതി സെക്രട്ടറി എൽ.ഹരിറാം, ജി.ആർ. സുഭാഷ്, എസ്.മിനി, സി.പി.മാധുരി സജീവ്, സി.പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു●

## ആസിഡ് ആക്രമണം നടത്തിയ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണം – സ്ത്രീ സുരക്ഷാസമിതി

തിരുവനന്തപുരത്ത് കാട്ടാക്കടയിൽ സ്വകാര്യ സ്കൂൾ അധ്യാപികയെ ആസിഡ് ആക്രമണത്തിലൂടെ ഗുരുതരമായി പൊള്ളലേൽപ്പിച്ച പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് സ്ത്രീ സുരക്ഷാ സമിതി ജില്ലാ പ്രസിഡന്റ് എൽ.ഹരിറാം, സെക്രട്ടറി എസ്.മിനി എന്നിവർ ഫെബ്രുവരി 22ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

കേരളത്തിൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ സമാനമായ നിരവധി സംഭവങ്ങൾ റിപ്പോർട്ടുചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. പെൺകുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ ഭയാനകമാംവണ്ണം പെരുകുമ്പോഴും അതിന്മേലുള്ള ശിക്ഷാ നടപടികൾ വൈകുന്നത് ആക്രമണകാരികൾക്ക് കൂടുതൽ ശക്തിപകരുകയാണ്.

മാരകമായ ആസിഡ് ലഭ്യമാക്കുന്നതിന് നിരവധി നിയന്ത്രണങ്ങൾ നിലവിലുണ്ടായിരിക്കെ പ്രതികൾ കൈവശം വച്ച ആസിഡിന്റെ ലഭ്യതയും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തണം.

അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കാനും സഹായിക്കാനും നിർഭയ പദ്ധതിയടക്കം നിരവധി പദ്ധതികൾ നിലവിലുണ്ട്. അതിനാൽ ആസിഡ് ആക്രമണത്തിൽ പൊള്ളലേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലിരിക്കുന്ന അധ്യാപികയുടെ ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടു●

## ശാസ്ത്രജ്ഞരുടെ ജീവിത കഥയുമായി ഫിലിം പ്രദർശനം

ബാനർ ഫിലിം സൊസൈറ്റിയുടെയും ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 2018 ഫെബ്രുവരി 18ന് തിരുവനന്തപുരം ലെനിൻ ബാലവാടിയിൽ ഒരു ദിവസം നീണ്ടുനിന്ന സിനിമ പ്രദർശനം നടന്നു. വിഖ്യാതരായ നാല് ശാസ്ത്രജ്ഞരുടെ ജീവചരിത്ര സിനിമകളാണ് പ്രദർശിപ്പിച്ചത്. ചാൾസ് ഡാർവിനെക്കുറിച്ചുള്ള ഇംഗ്ലീഷ് സിനിമ ക്രിയേഷൻ(2009), ലൂയി പാസ്റ്ററുടെ അമേരിക്കൻ സിനിമ ദി സ്റ്റോറി ഓഫ് ലൂയി പാസ്റ്റർ (1936, ഇതിൽ ശാസ്ത്രജ്ഞനായി അഭിനയിച്ച പോൾ മുനിക്ക് അക്കാദമി അവാർഡ് ലഭിച്ചു), മാഡം ക്യൂറിയുടെയും പിയറി ക്യൂറിയുടെയും ജീവിതം ചിത്രീകരിക്കുന്ന അമേരിക്കൻ സിനിമ മാഡം ക്യൂറി(1943), ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ കഥപറയുന്ന ഇംഗ്ലീഷ് ചിത്രം ദ മാൻ ഹൂ ന്യൂ ഇൻഫിനിറ്റി(2015) എന്നിവയായിരുന്ന പ്രദർശിപ്പിക്കപ്പെട്ട സിനിമകൾ. ശക്തമായൊരു ശാസ്ത്ര പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരത്തെ ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ പ്രവർത്തിക്കുന്ന ബാനർ ഫിലിം സൊസൈറ്റിയും ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയും ഇത്തരമൊരു സംരംഭം നടത്തിയത്●

# സംയുക്ത ട്രേഡ് യൂണിയൻ അഖിലേന്ത്യാ പ്രക്ഷോഭണം കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുമ്പിൽ മാർച്ചും ധർണ്ണയും

കേന്ദ്ര ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ- ജനവിരുദ്ധ നയങ്ങൾക്കെതിരെ ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രക്ഷോഭണത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ ഫെബ്രുവരി 7ന് രാജ്യവ്യാപകമായി കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുമ്പിൽ തൊഴിലാളികളുടെ പ്രതിഷേധ സമരം നടന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും, കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുമ്പിൽ നടന്ന മാർച്ചിലും ധർണ്ണയിലും ആയിരക്കണക്കിന് തൊഴിലാളികൾ ആവേശപൂർവ്വം പങ്കെടുക്കുകയുണ്ടായി. തിരുവനന്തപുരത്ത് നടന്ന ഏജീസ് ഓഫീസ് മാർച്ചിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിച്ചു. കൊല്ലത്ത് ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചിൽ ജില്ലാ കമ്മിറ്റി അംഗം സഖാവ് വി.രാമചന്ദ്രൻ പ്രസംഗിച്ചു. പത്തനംതിട്ട ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചിൽ ജില്ലാ സെക്രട്ടറി സഖാവ് കെ.ജി.അനിൽകുമാർ പ്രസംഗിച്ചു. ആലപ്പുഴ ബിഎസ്എൻഎൽ ഓഫീസ് മാർച്ചിൽ ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ പ്രസംഗിച്ചു. കോട്ടയത്ത് നടന്ന ബിഎസ്എൻഎൽ ഓഫീസ് മാർച്ചിൽ സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവീനറും എഐയുറ്റിയുസി ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോൻ സ്വാഗതം പറഞ്ഞു. ജില്ലാകമ്മിറ്റി അംഗം സഖാവ് കെ.എസ്.ശശികല പ്രസംഗിച്ചു.



തിരുവനന്തപുരത്ത് നടന്ന ഏജീസ് ഓഫീസ് മാർച്ചിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

എറണാകുളം വഞ്ചി സ്ക്വയറിൽ നടന്ന ധർണ്ണയിൽ ജില്ലാ പ്രസിഡണ്ട് സഖാവ് എൻ.ആർ മോഹൻകുമാർ പ്രസംഗിച്ചു. തൃശ്ശൂർ ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചിൽ ജില്ലാ കമ്മിറ്റി അംഗം സഖാവ് സി.ആർ.ഉണ്ണികൃഷ്ണൻ പ്രസംഗിച്ചു. പാലക്കാട് ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചിൽ ജില്ലാ പ്രസിഡണ്ട് സഖാവ് കെ.അബ്ദുൾ അസീസ് പ്രസംഗിച്ചു. കോഴിക്കോട് ഇൻകം ടാക്സ് ഓഫീസ് മാർച്ചിൽ ജില്ലാ സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാർ പ്രസംഗിച്ചു. കണ്ണൂർ ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചിൽ ജില്ലാ പ്രസിഡണ്ട് സഖാവ് എം.കെ.ജയരാജ് പ്രസംഗിച്ചു. ഫെബ്രുവരി 7ന് മുമ്പ് എല്ലാ ജില്ലകളിലും ജില്ലാ കൺവൻഷനുകളും പ്രചരണ ജാഥകളും നടത്തുകയുണ്ടായി●



മാർച്ച് 14

മാർക്സ് അനുസ്മരണ ദിനം

## കാൾ മാർക്സ് നീണാൾ വാഴട്ടെ

"ഏതു കാലഘട്ടത്തിലും സമൂഹത്തെ അടക്കിവാഴുന്ന ആശയങ്ങൾ ഭരണവർഗ്ഗത്തിന്റെ ആശയങ്ങൾതന്നെ ആയിരിക്കും. അതായത് ഒരു ഭൗതികശക്തി എന്ന നിലയിൽ സമൂഹത്തെ ഭരിക്കുന്നത് ഏതുവർഗ്ഗമാണോ അവർതന്നെ ആയിരിക്കും സമൂഹത്തെ നയിക്കുന്ന ബൗദ്ധിക ശക്തിയും. ഭൗതികോല്പാദനത്തിന്റെ ഉപാധികൾ കൈവശം വച്ചിരിക്കുന്ന വർഗ്ഗത്തിനുതന്നെ ആയിരിക്കും മാനസ്സികമായ ഉല്പാദനത്തിന്റെയും നിയന്ത്രണം. അതുകൊണ്ടുതന്നെ മാനസ്സികമായ ഉല്പാദനോപാധികളുടെ അഭാവം അവരുടെ ആശയങ്ങളെ ഭരണവർഗ്ഗത്തിന്റെ ആശയങ്ങൾക്കു വിധേയമാക്കുന്നു എന്നു പൊതുവിൽ പറയാം."

(ജർമ്മൻ ഐഡിയോളജി)



മാർച്ച് 5

സ്റ്റാലിൻ അനുസ്മരണ ദിനം

## ജോസഫ് സ്റ്റാലിന് ലാൽസലാം

"...ചില വെളിപാടുകൾപോലെ സ്വന്തം ഭാവനാവിലാസത്തിനനുസരിച്ചല്ല ജനങ്ങൾ ചരിത്രം രചിക്കുന്നത്. ഓരോ പുതിയ തലമുറയും പിറന്നുവീഴുമ്പോൾ നിലവിലുള്ള സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. അത് കൃത്യമായി മനസ്സിലാക്കാനും അതിനെ മാറ്റിത്തീർക്കാനുള്ള ശരിയായ മാർഗ്ഗം കണ്ടെത്താനും എത്രത്തോളം കഴിയുന്നു എന്നതിലാണ് മഹത്തുക്കളുടെ ശ്രേഷ്ഠത കുടികൊള്ളുന്നത്...ജനങ്ങളെ സാഹചര്യങ്ങളോട് തുലനംചെയ്ത് കാണാനാവില്ല എന്നതായിരുന്നു മാർക്സിന്റെ കാഴ്ചപ്പാട്. സാഹചര്യങ്ങളെ എങ്ങനെ മാറ്റിത്തീർക്കാമെന്ന് തിരിച്ചറിയുന്ന ജനങ്ങളാണ് ചരിത്രം രചിക്കുന്നത്."

(1931 ഡിസം.13ന് ജർമ്മൻ എഴുത്തുകാരൻ എമിൽ ലുദ്‌വിഗുമായി നടത്തിയ സംഭാഷണം)

# പുട്ടണ്ണയ്യയുടെ നിര്യാണത്തിൽ അനുശോചിച്ചു



**ക**ർണ്ണാടകത്തിലെ പുരോഗമന കർഷക പ്രസ്ഥാനത്തിന്റെ നേതാവും നിയമസഭാംഗവുമായ ശ്രീ.പുട്ടണ്ണയ്യ ഹൃദയാഘാതത്തെ തുടർന്ന് 2018 ഫെബ്രുവരി 18ന് അന്തരിച്ചു. അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കർണ്ണാടക സംസ്ഥാന കമ്മിറ്റി അഗാധമായ ദുഃഖം രേഖപ്പെടുത്തി. സംസ്ഥാനത്തെ കോൺഗ്രസ്, ജനതാ ദൾ, ബിജെപി ദുർഭരണങ്ങൾക്കെതിരെ നടന്ന സംയുക്ത ഇടതു-ജനാധിപത്യ പ്രക്ഷോഭങ്ങളിൽ ശ്രീ.പുട്ടണ്ണയ്യയുമായി ദീർഘകാലം സഹകരിച്ചു പ്രവർത്തിച്ചിട്ടുള്ള കാര്യം പാർട്ടി അനുസ്മരിച്ചു.

കർഷകരും കർഷകത്തൊഴിലാളികളും തൊഴിലാളികളും മാത്രമല്ല ഇടത്തരക്കാർ പോലും നഗ്നമായ കോർപ്പറേറ്റ്-അനുകൂല നയങ്ങളുടെ കെടുതികൾക്ക് വലിയ അളവിൽ ഇരയായിക്കൊണ്ടിരിക്കുന്ന, വർഗ്ഗീയ ശക്തികൾ കരുത്താർജ്ജിക്കുന്ന, നമ്മുടെ പാർട്ടിയടക്കം ഇടതു-ജനാധിപത്യ പാർട്ടികളും ശക്തികളും വ്യക്തികളും ഉൾക്കൊള്ളുന്ന യോജിച്ച മുന്നേറ്റം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ശ്രീ.പുട്ടണ്ണയ്യയുടെ മരണം വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നതെന്നും പാർട്ടി അഭിപ്രായപ്പെട്ടു.

അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കുന്നതോടൊപ്പം ഒരു സമരപ്രസ്ഥാനം വളർത്തിയെടുക്കുന്നതിനുവേണ്ടി ജീവിതാന്ത്യംവരെ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി പരിശ്രമിക്കുമെന്നും പാർട്ടി പ്രതിജ്ഞയെടുത്തു.

കേരള കർഷക പ്രതിരോധ സമിതിയും ശ്രീ.പുട്ടണ്ണയ്യയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി●

### മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ ബസ് യാത്ര അനുവദിച്ചു

# കർണ്ണാടകത്തിൽ വിദ്യാർത്ഥി സമരത്തിന് ഉജ്ജ്വലവിജയം

**മു**ഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ ബസ് യാത്ര അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ നാല് വർഷമായി എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ കർണ്ണാടകത്തിൽ നടന്നുവരുന്ന വിദ്യാർത്ഥി സമരം ഡിമാന്റ് പൂർണ്ണമായും ഗവൺമെന്റ് അംഗീകരിച്ചതോടെ ഉജ്ജ്വലവിജയം നേടി.



സമരത്തിന്റെ ഭാഗമായി നടന്ന നിരവധി പ്രതിഷേധറാലികളിലൊന്ന്

സംസ്ഥാനത്തെ 20 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഇതിന്റെ നേട്ടമുണ്ടാകും. നാലുവർഷം മുമ്പ് സംസ്ഥാനത്തുണ്ടായ കൊടുംവരൾച്ച ജനജീവിതം താറുമാറാക്കുകയും വ്യാപകമായ സ്വകാര്യവത്കരണവും വാണിജ്യവത്കരണവും വിദ്യാഭ്യാസം ഒരു ആർഭാടമാക്കിമാറ്റുകയും ചെയ്തതോടെ പല വിദ്യാർത്ഥികളും പഠനംതന്നെ ഉപേക്ഷിക്കുന്ന സ്ഥിതി സംജാതമായിരുന്നു. ഈ സാഹചര്യത്തിലാണ് സൗജന്യ ബസ് യാത്ര എന്ന ഡിമാന്റ് ഉയർത്തപ്പെട്ടത്. മറ്റു പല വിഷയങ്ങളിലുമെന്നപോലെ ഈ വിഷയത്തിലും എഐഡിഎസ്ഒ സമരത്തിന് നേതൃത്വം കൊടുക്കാൻ സന്നദ്ധമാകുകയും സമരം ക്രമേണ ശക്തിയാർജ്ജിക്കുകയും ചെയ്തു.

നിരവധി ജില്ലകളിൽ വമ്പൻ വിദ്യാർത്ഥി പ്രകടനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ജനങ്ങളും സമരത്തെ പിന്തുണച്ചു. സമരത്തിന്റെ കരുത്തും ജനങ്ങളുടെ പിന്തുണയുംകൂടി ആയപ്പോൾ ഡിമാന്റ് പൂർണ്ണമായും അംഗീകരിക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ ബസ് പാസ് അനുവദിച്ചുകൊണ്ട് ബജറ്റിൽ പ്രഖ്യാപനം നടത്തി.

സമരം വിജയിപ്പിച്ച വിദ്യാർത്ഥികളെയും പിന്തുണച്ച ജനങ്ങളെയും എഐഡിഎസ്ഒ കർണ്ണാടക സംസ്ഥാന കമ്മിറ്റി അഭിനന്ദിച്ചു. ഈ വിജയം ഭാവിയിൽ കൂടുതൽ ശക്തമായ പോരാട്ടങ്ങൾക്ക് പ്രചോദനമാകുമെന്നും സംസ്ഥാനകമ്മിറ്റി അഭിപ്രായപ്പെട്ടു.●

# സാർവ്വദേശീയ വനിതാ ദിനം സമുചിതം ആചരിക്കുക

**സ്ത്രീ**കളുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ ഉജ്ജ്വല സമരത്തിന്റെ സ്മരണാർത്ഥമാണ് മാർച്ച 8 സാർവ്വദേശീയ വനിതാദിനമായി ആചരിക്കുന്നത്. ഈ ആചരണത്തിന്റെ നൂറുവർഷം, സ്ത്രീപുരുഷ സമത്വത്തിനുവേണ്ടിയും സ്ത്രീകൾ അനുഭവിച്ചിരുന്ന അവർണ്ണനീയ ദുരിതങ്ങൾക്കെതിരെയും ഉയർന്നുവന്ന എണ്ണമറ്റ മുന്നേറ്റങ്ങൾ ലോകം ദർശിച്ചു. നിരവധി അവകാശങ്ങൾ അവയിലൂടെ നേടിയെടുത്തു. ഇന്ത്യയിലും രാജാ റാംമോഹൻ റായ്, ഈശ്വരചന്ദ്ര വിദ്യാസാഗർ, ജ്യോതിറാവു ഫൂലെ, സാവിത്രിബാ ഫൂലെ തുടങ്ങി നിരവധി മഹദ് വ്യക്തിത്വങ്ങളുടെ നേതൃത്വത്തിൽ വലിയ സാംസ്കാരിക മുന്നേറ്റങ്ങൾ സൃഷ്ടിച്ചു. അങ്ങനെയാണ് ഭരണഘടനയിലും നിയമവ്യവസ്ഥയിലും സ്ത്രീകൾക്ക് ഇന്ന് തുല്യത അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

പക്ഷെ മനുഷ്യസ്നേഹികളെയും ജനാധിപത്യ വിശ്വാസികളെയും ഏറെ വേദനിപ്പിക്കുന്ന സംഭവങ്ങളാണ് ഇന്ന് നടക്കുന്നത്. ജീർണ്ണിച്ച, പഴഞ്ചൻ ആശയങ്ങൾ വീണ്ടും സമൂഹത്തിൽ പിടിമുറുക്കുന്നു. കുഴിച്ചുമൂടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വലിയതോതിൽ സാമൂഹ്യജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നു. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിക്കുക മാത്രമല്ല, ഏതു ഹീനകൃത്യവും ന്യായീകരിക്കുന്ന ഒരു മനോഭാവംകൂടി സമൂഹത്തിൽ രൂപപ്പെട്ടുവരുന്നു എന്നത് നമ്മെ ഞെട്ടിക്കുന്നു.

ഭരണാധികാരികളുടെയും രാഷ്ട്രീയ-മത നേതാക്കളുടെയും നിലപാടുകൾ ഇതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ എല്ലാ മേഖലയിലും ശാസ്ത്രവിരുദ്ധമായ ആശയങ്ങൾ സ്ഥാപിച്ചെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. പല സംസ്ഥാനങ്ങളിലും പാഠപുസ്തകങ്ങളിൽപ്പോലും ഇവ കടന്നുകയറിയിട്ടുണ്ട്. ഇതുവഴി പഴഞ്ചൻ മൂല്യങ്ങളെ മഹത്വവൽക്കരിക്കുകയും സമൂഹത്തെ പിന്നോട്ടടിക്കുവാൻ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ അത് തടയാൻ ഖാപ് പഞ്ചായത്തുകൾക്ക് അധികാരമില്ലെന്നും പ്രാകൃതമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്ന ഈ സമുദായ കോടതികൾ നിരോധിക്കണമെന്നും സുപ്രീംകോടതിക്ക് പറയേണ്ടിവന്നു.

സ്ത്രീ ബലാൽസംഗം ചെയ്യപ്പെട്ടാൽ അത് അവളുടെ കുറ്റമാണെന്ന് സ്ഥാപിച്ചെടുക്കുന്നു. സ്ത്രീപീഡനം, പെൺഭ്രൂണഹത്യ, ഗാർഹികപീഡനം, അന്ധവിശ്വാസങ്ങളുടെ പേരിലുള്ള കൊലപാതകങ്ങൾ, സമുദായ കോടതികളുടെ പീഡനങ്ങൾ, ദുരഭിമാനക്കൊല എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങളെല്ലാം വൻതോതിൽ വർദ്ധിക്കുന്നു. കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതാകട്ടെ ചെറിയൊരു ശതമാനംമാത്രം. കുറ്റവാളികളെ ന്യായീകരിക്കുന്ന മനസ്സ് ഭരണ-പോലീസ് തലങ്ങളിലും പൊതുസമൂഹത്തിലും നിലനിൽക്കുന്നതിനാലാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാകുന്നത്.

ഒരു സിനിമയിലെ സ്ത്രീവിരുദ്ധതയെ വിമർശിച്ചതിന്റെ പേരിൽ ഒരു സൂപ്പർ സ്റ്റാറിന്റെ ആരാധകർ പ്രമുഖ നടിക്കെതിരെ നടത്തിയ ഹീനമായ പ്രചാരണങ്ങൾ പൊതു സമൂഹത്തിൽ രൂപപ്പെട്ടിരിക്കുന്ന ഇത്തരം വികൃത മനോഭാവത്തിന്റെ പ്രതിഫലനമാണ്. ഈ മനോഭാവം അധികാരസ്ഥാനത്തിരിക്കുന്നവരിലേയ്ക്ക് വ്യാപിക്കുമ്പോൾ ആശങ്കാജനകമായ സ്ഥിതിവിശേഷം സംജാതമാകുന്നു.

മദ്യവും മയക്കുമരുന്നും അശ്ലീലതയും സൃഷ്ടിക്കുന്ന സാംസ്കാരിക ജീർണ്ണതയും ജനാധിപത്യ വിരുദ്ധ ആശയങ്ങളുമെല്ലാംചേർന്ന് സ്ത്രീകളുടെ ജീവിതത്തെ പുറകോട്ടുകൊണ്ടുപോകുകയാണ്.

ബിജെപി ഗവൺമെന്റിന്റെ തൊഴിൽ നിയമഭേദഗതികൾ തൊഴിലാളികളെ ഒന്നാകെ വിശിഷ്യ സ്ത്രീകളെ വളരെയധികം ദോഷകരമായി ബാധിക്കുന്നവയാണ്. മുതലാളിമാരുടെ നിഷ്ഠുര ചൂഷണത്തിന് തൊഴിൽ മേഖല വിധേയമാകുമ്പോൾ അതിന്റെ ഏറ്റവും വലിയ ഇരകൾ സ്ത്രീകളാണ്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ അവസ്ഥ 18-ാം നൂറ്റാണ്ടിനെ ഓർമ്മിപ്പിക്കുന്നതാണ്. യാതൊരു തൊഴിൽ നിയമങ്ങളും പാലിക്കാതെ രാപകലെന്യെ തുഛമായ വേതനത്തിന് അടിമകളെപ്പോലെ പണിയെടുക്കുന്ന അവസ്ഥയാണവിടെ. സ്വകാര്യ വിദ്യാലയങ്ങൾ, ആശുപത്രികൾ, ചെറുകിട-വൻകിട വ്യാപാര സ്ഥാപനങ്ങൾ തുടങ്ങി എവിടെയും കൊടിയ ചൂഷണമാണ്. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ സമയവും സൗകര്യവും ആവശ്യപ്പെട്ടുകൊണ്ടും ഇരിക്കാനുള്ള അവകാശത്തിനുവേണ്ടിയും സ്ത്രീകൾ സമരം നടത്തേണ്ടിവന്നത് നമ്മുടെ കേരളത്തിലാണെന്നതും ഏറെ ഗൗരവത്തിലെടുക്കേണ്ട കാര്യമാണ്. സ്ത്രീകൾക്ക് ഭരണഘടനയും നിയമവ്യവസ്ഥയും ഉറപ്പുനൽകുന്ന ജനാധിപത്യ അവകാശങ്ങളും തുല്യതയും സാമൂഹ്യജീവിതത്തിൽ സ്ഥാപിച്ചെടുക്കുവാൻ അതിശക്തമായ മുന്നേറ്റം ഇന്ന് അടിയന്തരാവശ്യകതയാണ്. ഇതിനായി ശക്തമായ സമരം വളർത്തിയെടുക്കാനും സാർവ്വദേശീയ വനിതാദിനം സമുചിതം ആചരിക്കുവാനും എഐഎംഎസ്എസ് ആഹ്വാനം ചെയ്യുന്നു●

Date of publishing 01/03/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.46 No.9
Price : Rs 5.00
March 2018

# മാനവികതയ്ക്കും സ്വതന്ത്രചിന്തയ്ക്കും നേരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ മലപ്പുറത്ത് മനുഷ്യസംഗമം

സ്വതന്ത്രചിന്തയ്ക്കും മാനവികതയ്ക്കും നേരെ വർദ്ധിച്ചുവരുന്ന കടന്നാക്രമണങ്ങൾക്കെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് മനുഷ്യസംഗമം നടന്നു. സംഘചിത്രരചന, തെരുവ് നാടകം, സാംസ്കാരികസമ്മേളനം തുടങ്ങിയ വ്യത്യസ്ത പരിപാടികളോടെ നടന്ന സംഗമത്തിൽ കലാകാരന്മാർ, എഴുത്തുകാർ, സാമൂഹ്യപ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധ തുറകളിൽപ്പെട്ട നിരവധി പേർ അണിനിരന്നു.

ഉച്ചതിരിഞ്ഞ് 3 മണിക്ക് സംഘചിത്രരചനയോടെ പരിപാടി ആരംഭിച്ചു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റും ചിത്രകാരനുമായ ബിനു ബേബി ചിത്രരചന ഉദ്ഘാടനം ചെയ്തു.



എഴുത്തുകാരനും ഇടതുപക്ഷ സാംസ്കാരിക പ്രവർത്തകനുമായ വി.പി.വാസുദേവൻ സാംസ്കാരിക സംഗമം ഉദ്ഘാടനം ചെയ്യുന്നു

ഉസ്മാൻ ഇരുമ്പുഴി, ടി.കെ.ബോസ്, റഷീദ് കുഴിപ്പുറം, ശശി മറ്റത്തൂർ തുടങ്ങിയവർ പങ്കെടുത്തു. അതിനെത്തുടർന്ന് എഐഡിഎസ്ഒ കൾച്ചറൽഫോറം ‘ഈ തെരുവിലെ രക്തം കാണൂ’ എന്ന തെരുവ് നാടകം അവതരിപ്പിച്ചു. തുടർന്ന് നടന്ന സാംസ്കാരിക സംഗമം എഴുത്തുകാരനും ഇടതുപക്ഷ സാംസ്കാരികപ്രവർത്തകനുമായ വി.പി. വാസുദേവൻ ഉദ്ഘാടനം ചെയ്തു.

ജനകീയ പ്രതിരോധസമിതി സംസ്ഥാന വൈസ് പ്രസിഡന്റുമാരിലൊരാളായ ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിന്റെ നിഷ്ഠുരമായ കൊലയിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം സംഗമം അംഗീകരിച്ചു. കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്നും മധുവിന്റെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും പ്രമേയം സർക്കാരിനോടാവശ്യപ്പെട്ടു.

യുവകലാസാഹിതി നേതാവ് എ.പി.അഹമ്മദ്, ജി.മോഹൻകുമാർ, ഐഐയുറ്റിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.അബ്ദുൾ അസീസ്, അഖിലേന്ത്യാ മഹിളാസാംസ്കാരിക സംഘടന സംസ്ഥാന നേതാക്കളിലൊരാളായ കെ.എം.ബീവി, എഐഡിഎസ്ഒ സംസ്ഥാനസെക്രട്ടറി പി.കെ.പ്രഭാഷ്, ബാനർ സാംസ്കാരികസമിതി മലപ്പുറം ഘടകം കൺവീനർ ടി.കെ.ബോസ് എന്നിവർ പ്രസംഗിച്ചു.

ശശി മറ്റത്തൂർ, അനിൽ പാണായി, എ.ദേവശങ്കർ എന്നിവർ കവിത അവതരിപ്പിച്ചു. കെഎസ്ഇബി പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാസെക്രട്ടറി സെയ്തലവി, ടി.ടി.വാസുദേവൻ, എ.നാസർ തുടങ്ങിയവർ സംബന്ധിച്ചു●

# ഡാർവിൻ വാരം ആചരിച്ചു

മഹാനായ ശാസ്ത്രജ്ഞൻ ചാൾസ് ഡാർവിന്റെ ജന്മദിനമായ ഫെബ്രുവരി 12 മുതൽ ഒരാഴ്ചക്കാലം ശാസ്ത്രലോകം ഡാർവിൻ വാരമായി ആചരിച്ചു. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം പാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര മാനവവിഭവവികസന വകുപ്പ് സഹമന്ത്രി സത്യപാൽ സിംഗ് നടത്തിയ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുൾപ്പെടെയുള്ള വിവിധ ശാസ്ത്രസംഘടനകളും സ്ഥാപനങ്ങളും ഡാർവിൻ വാരം വിപുലമായി ആചരിക്കാൻ തീരുമാനിക്കുകയായിരുന്നു.

രാജ്യവ്യാപകമായി നടന്ന ഈ ആചരണത്തിന്റെ ഭാഗമായി കേരളത്തിൽ ശാസ്ത്രഗവേഷണസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, പ്രഭാഷണങ്ങൾ, സിനിമാ പ്രദർശനം മുതലായ വ്യത്യസ്ത പരിപാടികളോടെ ആചരണം നടന്നു.

ഡാർവിന്റെ പരിണാമസിദ്ധാന്തം, ശാസ്ത്രത്തിന്റെ സമീപനവും ചിന്താപദ്ധതിയും പ്രദാനം ചെയ്യുന്ന ജനാധിപത്യസംസ്കാരത്തിന്റെ ഉത്തമനിദർശനമെന്ന നിലയിൽ ഡാർവിന്റെ ജീവിതവും മൂല്യങ്ങളും തുടങ്ങിയവ അതിന്റെ ഭാഗമായി ചർച്ചാവിധേയമായി. ഭരണാധികാരികളുടെ ഒത്താശയോടെ സമൂഹത്തിൽ ശാസ്ത്രവിരുദ്ധമായ ആശയങ്ങളും അന്ധവിശ്വാസങ്ങളും സ്വാധീനം വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ ആശങ്കാകുലരായ ശാസ്ത്രതല്പരർ അതീവ താല്പര്യത്തോടെയാണ് ഡാർവിൻ വാരാചരണത്തിൽ പങ്കാളികളായത്●

# ദേശീയ ശാസ്ത്രദിനം ആചരിച്ചു




ശാസ്ത്ര പ്രവർത്തകരുടെ കൂട്ടായ്മ കെ.എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു

ദേശീയ ശാസ്ത്രദിനാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 28ന് മുളന്തുരുത്തി പള്ളിത്താഴത്ത് ശാസ്ത്ര പ്രവർത്തകരുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന ചാപ്റ്റർ അംഗം കെ.എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്തു. ശാസ്ത്രവും ശാസ്ത്രീയ ചിന്താഗതികളും വലിയ വെല്ലുവിളികൾ നേരിടുകയാണെന്നും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സ്ഥാനത്ത് ശാസ്ത്രീയ ചിന്താഗതിയും മനോഭാവവും വളർത്തിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. മുളന്തുരുത്തി മേഖല പ്രസിഡന്റ് ആനന്ദ് എസ്. ലാൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ചാപ്റ്റർ അംഗം പി.പി.സജീവ് കുമാർ മുഖ്യ പ്രഭാഷണം നടത്തി. നിള മോഹൻ കുമാർ, അനഘ എസ്. കുമാർ, പി.സി.തങ്കച്ചൻ, എ.ജി.ലസിത, ആഷ്ന തമ്പി, സൗരവ് സി. അശോക്, എം.കെ.ഉഷ, നിഖിത എസ്.കുമാർ, സി.കെ.തമ്പി, എൻ. ആർ.മോഹൻ കുമാർ എന്നിവർ ശാസ്ത്ര കൂട്ടായ്മക്ക് നേതൃത്വം നൽകി●

# ചെങ്ങോട്ടുമല ക്വാറിക്കെതിരെ ജനകീയ കൂട്ടായ്മ



ജനകീയകൂട്ടായ്മ പ്രസിദ്ധ സാഹിത്യകാരൻ ടി.പി.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട് ജില്ലയിലെ കോട്ടൂർ പഞ്ചായത്തിലെ കൂട്ടാലിട ടൗണിന്നടുത്ത് 13ഏക്കർ സ്ഥലം കരിങ്കൽ(ക്വാറി) ഖനനത്തിനായി വിട്ടുകൊടുത്തതിനെതിരെ ജനകീയപ്രതിഷേധം ആളിപ്പടരുന്നു. പത്തനംതിട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന തോമസ് ഫിലിപ്പിൻെറ ഉടമസ്ഥതയിലുള്ള ഡെൽട്ട ഗ്രൂപ്പ് പഞ്ചായത്തിൻെറ മൗനാനുവാദത്തോടെയാണ് ഭൂമി കൈവശപ്പെടുത്തിയത്. മഞ്ഞൾകൃഷിക്കാണ് ഭൂമി വാങ്ങിയത് എന്നാണ് ആദ്യം നാട്ടുകാരോട് പറഞ്ഞത്. ഈ പ്രചരണത്തിനെ സാധൂകരിക്കാനായി ‘ഗുഡ് എർത്ത് ടർമറിക് ഫാം’ എന്ന് നെയിം ബോർഡ് ഡെൽട്ടാ ഗ്രൂപ്പ് നേരത്തെതന്നെ സ്ഥാപിച്ചിരുന്നു. ചെങ്ങോട്ട്മല എന്ന് പേരുള്ള കുന്നിൻപ്രദേശമാണിത്. ഈ പ്രദേശവാസികൾക്ക് കുടിവെള്ളം എത്തിക്കാനായി 25 ലക്ഷത്തോളം രൂപ ചെലവാക്കി നിർമ്മിച്ച ജലസംഭരണിയും പൈപ്പ് ലൈനും അടക്കമാണ് ഡെൽറ്റ ഗ്രൂപ്പ് കൈവശപ്പെടുത്തിയിരിക്കുന്നത്. നിർദ്ദിഷ്ട ഭൂപ്രദേശത്തും തൊട്ടടുത്തുമായി ജനവാസം കൂടാതെ സ്കൂളുകൾ, ദേവാലയങ്ങൾ, ജലാശയങ്ങൾ, തിരക്കേറിയ ടൗൺ തുടങ്ങിയവയൊക്കെ ഉണ്ടെങ്കിലും അധികാരകളോ ക്വാറി മാഫിയയോ, ഇതിനെല്ലാം ഒത്താശ ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളോ ഇവ കണ്ടില്ലെന്ന് നടിക്കുന്നതാണ് ജനങ്ങളെ നിരാശപ്പെടുത്തുന്നത്. കക്ഷിരാഷ്ട്രീയത്തിനതീതമായി രൂപംകൊണ്ടിട്ടുള്ള ചെങ്ങോട്ടുമല സംരക്ഷണ സമിതി കഴിഞ്ഞ നാലുമാസമായി ക്വാറിക്കും അധികാരികൾക്കുമെതിരെ ശക്തമായ പ്രചരണമാണ് അഴിച്ചുവിട്ടത്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾചേർന്ന് രൂപീകരിച്ചിട്ടുള്ള മറെറാരു സമിതി നിലവിൽ വന്നിട്ടുണ്ടെങ്കിലും ഇതുവരെ അവരാരും ക്വാറിക്കോ ഭരണാധികാരികൾക്കോ എതിരായി രംഗത്തെത്തിയിട്ടില്ലെങ്കിലും താമസിയാതെ അവരും രംഗത്തെത്തുമെന്നാണ് ജനങ്ങളുടെ പ്രതീക്ഷ.

ജനങ്ങളുടെ സ്വൈരജീവിതവും പരിസ്ഥിതിയും ആവാസ വ്യവസ്ഥയും തകർക്കുന്ന സർക്കാരിൻെറ ഈ ജനവിരുദ്ധ നിലപാടുകളിൽ പ്രതിഷേധിച്ചുകൊണ്ട് ചെങ്ങോട്ടുമല സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ഫെബ്രു. 24 ന് നൂറ്കണക്കിന് ഗ്രാമവാസികൾ പങ്കെടുത്തുകൊണ്ടുള്ള ജനകീയകൂട്ടായ്മ പ്രസിദ്ധ സാഹിത്യകാരൻ ടി.പി.രാജീവൻ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സ്വയം ഒരു സംസ്കാരം തന്നയാണെന്നും അതിനെ ഒരുത്തരവാദിത്വവുമില്ലാതെ വികസനം എന്ന് പേര് വിളിച്ച് നശിപ്പിക്കാൻ ശ്രമിക്കുന്നവർ, ഇപ്പോൾ ജീവിക്കുന്നവരോട് മാത്രമല്ല വരാനിരിക്കുന്ന തലമറകളോടും ദ്രോഹമാണ് ചെയ്യുന്നതെന്നും തൻെറ ഉദ്ഘാടനപ്രസംഗത്തിൽ ശ്രീ.ടി.പി.രാജീവൻ പറഞ്ഞു. പ്രൊഫ.സി.വി.കുമാരൻ, പ്രൊഫ.വിജിന തമ്പി (ഐഐടി മദ്രാസ്) തുടങ്ങിയവർ പ്രസംഗിച്ചു. സി.ഷീബ അദ്ധ്യക്ഷയായിരുന്നു. സമിതി കൺവീനർ പി.കെ.മധു സ്വാഗതവും, എം.പി.അനിൽ കുമാർ നന്ദിയും പറഞ്ഞു. യോഗം തുടങ്ങുന്നതിന് മുമ്പേതന്നെ ആളുകൾ തടിച്ചുകൂടിയതും യോഗം നടന്നുകൊണ്ടിരിക്കെ ക്വാറി വിരുദ്ധമുദ്രാവാക്യമുയർത്തിക്കൊണ്ട് ജനങ്ങൾ പ്രകടനമായെത്തിയതും ക്വാറിമുതലാളിയുടെ ശിങ്കിടികളെയും, ക്വാറി അനുകൂലികളായ നേതാക്കളെയും അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചിട്ടുണ്ട്.

വിറളിപിടിച്ച ക്വാറിമാഫിയയുടെ ഭാഗത്ത് നിന്ന് ടി.പി.രാജീവിനെതിരെയും സ.മധുവിനെതിരെയും ഭീഷണി ഉയർന്നിട്ടുണ്ട്. സമരത്തിലുറച്ചുനിൽകുന്നവരെ സ്വാധീനിക്കാൻ ഇതിനകം വന്നിട്ടുള്ള വാഗ്ദാനങ്ങൾ തിരസ്കരിച്ചതിനെത്തുടർന്നായിരിക്കാം ഭീഷണി ഉയർന്നത് എന്നാണ് സമിതിയുടെ വിലയിരുത്തൽ. വാഗ്ദാനങ്ങളും ഭീഷണിയും തള്ളിക്കൊണ്ട് ചെങ്ങോട്ടുമല സംരക്ഷണസമിതി മാർച്ച് 24ന് പഞ്ചായത്ത് ആസ്ഥാനത്തേക്ക് പ്രതിഷേധമാർച്ച് പ്രഖ്യാപിച്ചിട്ടുണ്ട്●

## എസ്‌യുസിഐ(സി) പ്രതിഷേധിച്ചു

ജനങ്ങളുടെ എതിർപ്പിനെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് കൂട്ടാലിടയിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്ന കരിങ്കൽ ഖനനവുമായി മുമ്പോട്ടുപോകാനുള്ള കേരള ഗവൺമെൻറിന്റെ നീക്കത്തെ എസ്‌യുസിഐ(സി)ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ അപലപിച്ചു. ശക്തമായ ജനകീയപ്രതിഷേധം വളർത്തിയെടുക്കാൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു.

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.